പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 2

മേയ് 2018

ജനകീയ സർക്കാർ 3ാം വർഷത്തിലേക്ക്

മികവിനാദരം മികച്ച രീതിയിൽ

ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ്

പ്രവർത്തനങ്ങളും ഫലപ്രതീക്ഷയും

എന്ത്? എന്തിന്?

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
മെയ് 2018

അകത്ത്

ഇനിയും മുന്നോട്ട്
ഡോ. കെ.ടി. ജലീൽ 5

ജനകീയ സർക്കാർ
മൂന്നാം വർഷത്തിലേക്ക് 9

കുതിച്ചുയരും തദ്ദേശസ്വയംഭരണ വകുപ്പ് 13

ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ്:
പ്രവർത്തനങ്ങളും ഫലപ്രതീക്ഷയും
ഡോ.സി.പി. വിനോദ് 15

ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് :
എന്ത്? എന്തിന്?
ഡോ.എൻ. രമാകാന്തൻ 19

പ്രായപൂർത്തിയാകാത്തവർക്ക്
പുകയില വിൽക്കരുത്
ഡോ. പോൾ സെബാസ്റ്റ്യൻ 23

ഹൃദയത്തിനായി പുകയില ഉപേക്ഷിക്കുക
ഡോ. ശിവശങ്കരൻ 26

പ്രകൃതിസൗഹൃദ നിർമ്മാണം
സജികുമാർ പി.ആർ, ഗംഗ ആർ. എസ് 27

പറയാം, പന്ത്രണ്ട് പ്രതിഭാവിശേഷം 34

മികവിനാദരം മികച്ച രീതിയിൽ 36

നമുക്ക് വേണ്ട ഈ പ്ലാസ്റ്റിക് സംസ്കാരം
ഡോ. വട്ടവിള വിജയകുമാർ 39

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 31

കില ന്യൂസ് 32

എന്ന് വായനക്കാർ... 42

കണ്ണും കാതും 42

മേയ് 2018
പുസ്തകം 58 ലക്കം 2
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തര വാദിത്തമില്ല.

ക്ഷേമ–വികസന പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക്

രണ്ട് വർഷക്കാലം ഒരു പുതിയ സർക്കാരിനെ സംബന്ധിച്ചിടത്തോളം ചെറിയൊരു കാലയളവാണ്. എന്നാൽ ദീർഘവീക്ഷണവും ജനങ്ങളോടുള്ള പ്രതിബദ്ധതയും പ്രായോഗികസമീപനവും പുലർത്തി സംസ്ഥാന സർക്കാർ ഒട്ടേറെ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ ഇക്കാലയളവിൽ നടപ്പിലാക്കിയിരിക്കുന്നു.

പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനത്തിന് മുൻതൂക്കം കൊടുക്കുന്ന ഒരു ജനകീയ സർക്കാരാണ് ഇന്ന് കേരളത്തിലുള്ളത്. ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിങ്ങനെ നാലു മിഷനുകളിലൂടെ കാർഷിക അഭിവൃദ്ധിക്കും ഹരിതാഭസൃഷ്ടിക്കും ഭവന രഹിതർക്ക് ഭവനം നൽകുന്നതിനും ആരോഗ്യസുരക്ഷ വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസം മികവുറ്റതാക്കുന്നതിനും ആത്മവിശ്വാസം പകരുന്ന വിജയകരമായ തുടക്കം കുറിക്കാൻ കഴിഞ്ഞിരിക്കുന്നു.

മലിനപ്പെട്ടും വറ്റിയും കിടന്ന നിരവധി തോടുകളും ആറുകളും പുഴകളും ശുചീകരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. 30,000 ഏക്കർ തരിശുനിലം പൊന്നുവിളയുന്ന പാടമാക്കി. മാലിന്യപ്രശ്നം പരിഹരിക്കാൻ സംസ്ഥാനത്ത് 850 ൽപ്പരം ഹരിതകർമ്മസേനകൾ പ്രവർത്തിക്കുന്നു. സർക്കാർ, അർദ്ധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഹരിതപെരുമാറ്റ ചട്ടം നടപ്പിലാക്കാൻ തീരുമാനമായി.

4 ലക്ഷം കുടുംബങ്ങളുടെ വീടെന്ന സ്വപ്നം നിറവേറ്റുന്ന ലൈഫ് പദ്ധതി സജീവമാണ്. പ്രവൃത്തി മുടങ്ങിക്കിടന്ന 53,000 വീടുകൾ പണി പൂർത്തീകരിച്ചു. 45,000 ക്ലാസ്മുറികൾ ഹൈടെക് ആക്കാൻ നടപടിയായി. ആരോഗ്യമേഖലയിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബചികിത്സാ കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 170 കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. 51 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികയില്ലാതെ നൽകാൻ കഴിഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പിലാണെങ്കിൽ ചരിത്രനേട്ടം കുറിച്ച പദ്ധതി ചെലവും (90.13 %) നികുതിപിരിവിലെ മികച്ച പ്രകടനവും എടുത്തുപറയേണ്ടതാണ്. അഴിമതിക്കെതിരെ ശക്തമായ നിലപാടുകൾ കൈക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സുതാര്യവും കാര്യക്ഷമവും ജനോപകാര പ്രദവുമായ പ്രാദേശിക ക്ഷേമവികസന കേന്ദ്രങ്ങളാക്കുന്നതിന് സർക്കാരിന് വലിയൊരളവുവരെ സാധിച്ചിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്ഥാപനങ്ങളും ഏപ്രിൽ 1 ന് തന്നെ ആരംഭിച്ചിട്ടുണ്ടെന്നുള്ളത് കാര്യങ്ങൾ ശരിയായ ദിശയിലാണ് മുന്നേറുന്നതെന്ന് തെളിയിക്കുന്നു. ജനപ്രതിനിധികളും ജീവനക്കാരും പൊതുസമൂഹവുമെല്ലാം പ്രവർത്തന പിന്തുണയേകി കൊണ്ട് ജനകീയസർക്കാരിനോടൊപ്പം ഉണ്ടാകുമെന്ന് പ്രത്യാശിക്കട്ടെ.

പി.മേരിക്കുട്ടി ഐ.എ.എസ്

വിജ്ഞാനത്തിന്റെ ആദ്യപടിയായി
നാം അജ്ഞരാണെന്നറിയുകയാണ് വേണ്ടത്
– സെസിൽ

നവകേരളത്തിലേക്ക് 2

ഇനിയും മുന്നോട്ട്

ഡോ. കെ.ടി. ജലീൽ
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

രാജ്യത്തെ വികസന വിദഗ്ധരും രാഷ്ട്രീയ നിരീക്ഷകരും കേരളഭരണത്തെ പ്രത്യേക പ്രാധാന്യത്തോടെയാണ് കാണുന്നത്. ഇടതുപക്ഷ വികസന നയത്തിന്റെ ലക്ഷണമൊത്ത മാതൃകയായി കേരളം മാറുകയാണ്. അരകോടിയിലേറെ ഗുണഭോക്താക്കൾക്ക് കുടിശ്ശികയില്ലാതെ ക്ഷേമപെൻഷൻ നൽകാൻ നമുക്ക് കഴിയുന്നുണ്ട്. രാജ്യത്ത് നടപ്പിലിരിക്കുന്ന ഏറ്റവും ബൃഹത്തായ സംസ്ഥാനാവിഷ്കൃത പദ്ധതിയായ ലൈഫിൽ രണ്ടര ലക്ഷം കുടുംബങ്ങൾക്കാണ് ഈ വർഷം വീടൊരുങ്ങുന്നത്. പൊതു വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികൾ തിരിച്ചു വരുന്നു. സർക്കാർ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ക്ഷാമവും അടിസ്ഥാനസൗകര്യങ്ങളുടെ കുറവും പരിഹരിച്ച്, പ്രാഥമിക സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും മറ്റ് സർക്കാർ ആശുപത്രികളും മികവിലേക്ക് ഉയരുകയാണ്. വലിയൊരു പാരിസ്ഥിതിക ദുരന്തത്തിന്റെ വക്കിൽ നിന്ന് ഹരിത സമൃദ്ധിയിലേക്ക് കേരളം തിരിച്ചു വരുന്നു. ലോക ശ്രദ്ധയാകർഷിക്കുന്ന ഒരു ജനകീയ കാമ്പെയിൻ ആയി ഹരിത കേരളം മാറിയിരിക്കുന്നു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിലാണ്. എണ്ണിപ്പറയാവുന്ന തിളക്കമാർന്ന നേട്ടങ്ങളോടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനകീയ വികസന നയം ദേശീയ ശ്രദ്ധയിൽ കൂടുതൽ തിളക്കവും ആദരവും നേടിയിരിക്കുന്നു.

തെളിമയാർന്ന വികസന കാഴ്ചപ്പാടിന്റെയും യാഥാർത്ഥ്യബോധത്തോടെയുള്ള ആസൂത്രണത്തിന്റെയും മികച്ച നിർവഹണത്തിന്റെയും എല്ലാറ്റിലുമുപരി, ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വമികവിന്റെയും വിജയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ രണ്ടു വർഷത്തെ നേട്ടങ്ങൾ. ഈ നേട്ടങ്ങൾക്ക് ഒപ്പം നിൽക്കാനും വികസന മുന്നേറ്റത്തിന് ആവേഗം പകരാനും തദ്ദേശസ്വയംഭരണ വകുപ്പിനു കഴിഞ്ഞുവെന്ന് അഭിമാനത്തോടെ പറയട്ടെ.

സർക്കാരിന്റെ വികസന നേട്ടങ്ങൾ എണ്ണിപ്പറഞ്ഞാൽ ആ പട്ടിക വലുതായിരിക്കും. ഒരു പ്രചോദക ശക്തിയായി, ജനങ്ങളുടെ ജീവിതത്തിൽ നേരിട്ട് ഇടപെടാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയുന്നുണ്ട്. ജനകീയാസൂത്രണത്തിന്റെ പുതിയ ഘട്ടം കൈവരിച്ച വിജയം അതിനു തെളിവാണ്. ജനങ്ങൾക്ക് സേവനങ്ങൾ എത്തിക്കുന്ന കാര്യത്തിലായാലും, അവരെ വിശ്വാസത്തിലെടുത്ത് വികസന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലായാലും നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണപരമായി മെച്ചപ്പെട്ടിരിക്കുന്നുവെന്ന് നിസ്സംശയം പറയാം. എല്ലാവർക്കും വീടെന്ന കേരളത്തിന്റെ സ്വപ്നം

തെളിമയാർന്ന വികസന കാഴ്ചപ്പാടിന്റെയും യാഥാർത്ഥ്യബോധത്തോടെയുള്ള ആസൂത്രണത്തിന്റെയും മികച്ച നിർവഹണത്തിന്റെയും എല്ലാറ്റിലുമുപരി, ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വമികവിന്റെയും വിജയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ രണ്ടു വർഷത്തെ നേട്ടങ്ങൾ. ഈ നേട്ടങ്ങൾക്ക് ഒപ്പം നിൽക്കാനും വികസന മുന്നേറ്റത്തിന് ആവേഗം പകരാനും തദ്ദേശസ്വയംഭരണ വകുപ്പിനു കഴിഞ്ഞുവെന്ന് അഭിമാനത്തോടെ പറയട്ടെ.

ഈ ഭരണത്തിൽ യാഥാർഥ്യമാവും. നാലു ലക്ഷത്തിലേറെ കുടുംബങ്ങളെയാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫിന്റെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. ഇവരിൽ പട്ടികവർഗക്കാർക്ക് ആറു ലക്ഷം രൂപ വീതവും മറ്റുള്ളവർക്ക് നാലു ലക്ഷം വീതവും സഹായം നൽകും. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്ര ബൃഹത്തായ ഒരു സർവേയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടില്ല. ഇത്ര ഉയർന്ന സഹായത്തുക മറ്റൊരു സംസ്ഥാനവും നൽകുന്നമില്ല.

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ സ്വകാര്യ സ്ഥാപനങ്ങളോട് മൽസരിക്കാനും അവയെ ബഹുദൂരം പിന്നിലാക്കാനും കെൽപ്പു നേടിയിരിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേക്ക് ഒഴുകുന്നതാണ് ഇപ്പോൾ നമ്മൾ കാണുന്നത്. പൊതു വിദ്യാലയങ്ങളുടെ വികസനത്തിന് തദ്ദേശസ്ഥാപനങ്ങളിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയും സംസ്ഥാന സർക്കാരുകളുടെ നിർലോപമായ സഹായമുപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പൊതുജനങ്ങളെയും സന്നദ്ധ പ്രവർത്തകരെയും അധ്യാപകരെയും അണിനിരത്തി നടത്തിയ വിപുലമായ കാമ്പെയിനിലൂടെയാണ് പൊതു വിദ്യാലയങ്ങളെ ഉണർത്തിയത്.

ആരോഗ്യമേഖലയിലും സമഗ്ര മാറ്റത്തിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം മെച്ചപ്പെടുത്താനും രോഗീ സൗഹൃദ സമീപനം ഉറപ്പുവരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഉച്ചവരെയുണ്ടായിരുന്ന ഒ.പി. വൈകുന്നേരം 6 മണി വരെ നീട്ടിയത് ആരോഗ്യ കേന്ദ്രങ്ങളിലെ തിരക്കു കുറയ്ക്കാനും കൂടുതൽ പേർക്ക് വൈദ്യസഹായം ലഭ്യമാക്കാനും സഹായകമായിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ 4219 തസ്തികകളാണ് ഈ സർക്കാർ പുതിയതായി സൃഷ്ടിച്ചത്. ജില്ലാ - താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുങ്ങുകയാണ്.

പരിസ്ഥിതി ദുരന്തത്തിന്റെ വക്കിൽ നിന്ന്, ഒരു ജനകീയ പാരിസ്ഥിതിക വിപ്ലവത്തിലൂടെ കേരളം കരകയറുകയാണ്. മാലിന്യമകന്ന് കേരളം ശുചിത്വത്തിലേക്ക് നീങ്ങുന്നു. ഹരിത സമൃദ്ധിക്ക് നാടൊരുങ്ങുകയാണ്. ലക്ഷക്കണക്കിന് ജനങ്ങളെ അണിനിരത്തി, പതിനായിരത്തോളം കി.മീറ്റർ തോടുകളും ആറുകളും പുനരുദ്ധരിച്ചും അതിന്റെ ഒന്നര മടങ്ങ് കനാലുകൾ ചളിയും മാലിന്യവും നീക്കി ശുചീകരിച്ചും അയ്യായിരത്തോളം കുളങ്ങൾ കുഴിച്ചും അതിന്റെ ഇരട്ടിയിലേറെ കുളങ്ങൾ നവീകരിച്ചും ഒന്നര ലക്ഷം ഏക്കറോളം സ്ഥലത്ത് വൃഷ്ടി പ്രദേശങ്ങൾ സംയോജിത പദ്ധതികളിലൂടെ പരിപാലിച്ചുമാണ് നമ്മൾ ഈ നേട്ടം കൈവരിച്ചത്. തരിശായി കിടന്ന 30000 ഏക്കറോളം വയലുകൾ ഇന്ന് പൊന്നുവിളയുന്ന നെൽപ്പാടങ്ങളാണ്. ജൈവ പച്ചക്കറിയുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള കാമ്പെയിൻ കുടുംബശ്രീ പ്രവർത്തകരും പൊതുജനങ്ങളും ഹൃദയപൂർവം ഏറ്റെടുത്തു. ആയിരക്കണക്കിനേക്കർ തരിശ് പച്ചക്കറി കൃഷിയിടങ്ങളായി മാറിക്കഴിഞ്ഞു.

പിന്നോക്ക വിഭാഗങ്ങളുടെ വികസനം, സ്ത്രീ ശാക്തീകരണം, അഗതി പുനരധിവാസം, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കൽ തുടങ്ങിയ എല്ലാ മേഖലകളിലും സംസ്ഥാനം മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു. ആശ്രയ പുന:സംഘടിപ്പിച്ച് അഗതി രഹിത കേരളം എന്ന പുതിയ പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ഒന്നേമുക്കാൽ ലക്ഷത്തോളം ഗുണഭോക്താക്കളെ ഇതിനായി കണ്ടെത്തിയിട്ടുണ്ട്. 200 ബഡ്സ് സ്കൂളുകൾ കൂടി തുടങ്ങാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ദേശീയ തലത്തിൽ കുടുംബശ്രീ കൂടുതൽ ശ്രദ്ധ നേടി. രാജ്യത്തെ പതിനാറ് സംസ്ഥാനങ്ങളിലും ഒരു കേന്ദ്ര ഭരണ പ്രദേശത്തും കുടുംബശ്രീ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കുടുംബശ്രീ സംഘങ്ങളുടെ നേതൃത്വത്തിൽ കേരളം ഒരു സൂക്ഷ്മ സംരംഭ വിപ്ലവത്തിലേക്ക് നീങ്ങുകയാണ്. കുടുംബശ്രീ കേരള ചിക്കൻ, കുടുംബശ്രീ ജൻ ഔഷധി മുതലായ പേരെടുത്തു പറയാവുന്ന നിരവധി പദ്ധതികളുണ്ട്.

2017- 18 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നേട്ടം ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിലെ സർവ്വകാല റെക്കോർഡാണ്. പദ്ധതിച്ചെലവ് 90 ശതമാനത്തിനു മുകളിൽ എത്തിക്കാൻ കഴിയുമെന്ന് അത് യാഥാർഥ്യമാവുന്നത് വരെ മാധ്യമങ്ങളും വികസന വിചക്ഷണരും കരുതിയിരുന്നില്ല. നൂറു ശതമാനം നേട്ടമെന്ന നടപ്പു വർഷത്തെ ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനം ഏപ്രിൽ മാസത്തിൽ തന്നെ ആരംഭിച്ചു കഴിഞ്ഞു. വാർഷിക പദ്ധതി നിർവ്വഹണം സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസത്തിൽ ആരംഭിക്കുന്നത് നമ്മുടെ വികസന ചരിത്രത്തിൽ അഭൂതപൂർവ്വമാണ്.

നമ്മൾ ചർച്ച ചെയ്യുന്ന വികസന നേട്ടങ്ങൾ വരും വർഷങ്ങളിൽ ഇതിലും മികവോടെ ആവർത്തിക്കണമെങ്കിൽ തദ്ദേശ സ്ഥാപനങ്ങളിലെ ഔദ്യോഗിക സംവിധാനം നൂറു ശതമാനം സുതാര്യവും അഴിമതിമുക്തവുമാകണം. മറ്റൊരാളുടെ പണം അധികാരത്തിന്റെ ശക്തിയുപയോഗിച്ച് പിടിച്ചെടുത്ത് തന്റേതാക്കുന്ന കൈക്കൂലിക്കാരൻ കൊള്ളക്കാരൻ തന്നെയാണ്.

തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അവലോകന യോഗത്തിൽ മന്ത്രി ഡോ.കെ.ടി.ജലീൽ സംസാരിക്കുന്നു.

അഭിമാനകരമായ ഈ നേട്ടങ്ങൾ എല്ലാം തികഞ്ഞവരാണ് നാമെന്ന മൗഢ്യത്തിലേക്ക് നമ്മെ നയിച്ചുകൂടാ. ഇനിയുമേറെ മുന്നോട്ടു പോവാൻ നമുക്കാവും എന്നാണ് എന്റെ പക്ഷം. ബഹു . മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതു പോലെ, ഉദ്യോഗസ്ഥരിൽ ചെറിയൊരു വിഭാഗം ഇപ്പോഴും അഴിമതിക്കാരായി തുടരുകയാണ്. അഴിമതി തുടച്ചു നീക്കാതെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനാവില്ല. സർക്കാർ ഉദ്യോഗസ്ഥർ ജനങ്ങളെ ഭരിക്കേണ്ട അധികാരികളല്ല; അവരെ സേവിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. നിയമം അനുസരിക്കുകയും നികുതി നൽകുകയും ചെയ്യുന്ന ജനങ്ങൾക്ക് തങ്ങൾ ഭരണത്തിന് പുറത്താണെന്ന തോന്നൽ ഒരിക്കലും ഉണ്ടായിക്കൂടാ. അസംതൃപ്തരായ ജനങ്ങൾക്കിടയിലാണ് വർഗീയതയും അക്രമവാസനയും മറ്റ് സാമൂഹ്യ വിരുദ്ധ പ്രവണതകളും വളരുന്നത്. ഉദ്യോഗസ്ഥരുടെ പക്ഷപാതപരമായ പെരുമാറ്റം ജനങ്ങളിൽ അസംതൃപ്തി വളർത്തും. ജനാധിപത്യം ഒരു മനോഭാവവും സംസ്കാരവുമായി ജനങ്ങളുടെ പെരുമാറ്റത്തെ സ്വാധീനിക്കണം. അതാണ് ജനകീയാസൂത്രണത്തിന്റെ വഴി. ജാതി-ജന്മി-നാട്ടുവാഴിത്തത്തിന്റെ ചവിട്ടടിയിൽ കിടക്കുന്ന സംസ്ഥാനങ്ങൾക്ക് ഈ മാതൃക അനുകരിക്കാൻ കഴിയാത്തതിന്റെ കാരണവും മറ്റൊന്നല്ല.

മനോഭാവത്തിനൊപ്പം അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യയും കൂടി മെച്ചപ്പെട്ടാലേ കാര്യക്ഷമതയും സുതാര്യതയും സാധ്യമാവൂ. ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ബഹുദൂരം മുന്നോട്ടു പോകാൻ സമീപകാലത്ത് കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതികവിദ്യയടക്കമുള്ള ആധുനിക സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനും പ്രാദേശിക സർക്കാരുകൾക്ക് കഴിയുന്നുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ രംഗം സമ്പൂർണ്ണ കംപ്യൂട്ടർവൽക്കരണത്തിന്റെ പാതയിലാണ്.

നമ്മൾ ചർച്ച ചെയ്യുന്ന വികസന നേട്ടങ്ങൾ വരും വർഷങ്ങളിൽ ഇതിലും മികവോടെ ആവർത്തിക്കണമെങ്കിൽ തദ്ദേശ സ്ഥാപനങ്ങളിലെ ഔദ്യോഗിക സംവിധാനം നൂറു ശതമാനം സുതാര്യവും അഴിമതിമുക്തവുമാകണം. മറ്റൊരാളുടെ പണം അധികാരത്തിന്റെ ശക്തിയുപയോഗിച്ച് പിടിച്ചെടുത്ത് തന്റേതാക്കുന്ന കൈക്കൂലിക്കാരൻ കൊള്ളക്കാരൻ തന്നെയാണ്. കൈക്കൂലിക്കു വേണ്ടി തടസ്സങ്ങൾ പറയുന്ന പൊതുസേവകരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയണം. അതിനു വേണ്ടി വിജിലൻസിനോടും സർക്കാരിന്റെ അന്വേഷണ സംവിധാനങ്ങളോടും സഹകരിക്കാൻ ഓരോ വ്യക്തിക്കും ബാധ്യതയുണ്ട്. അഴിമതിക്കാർക്കെതിരെ ബഹു. മുഖ്യമന്ത്രി നൽകിയ താക്കീത് ഈ സർക്കാരിന്റെ ധീരമായ നിലപാടിന്റെ പ്രഖ്യാപനമാണ്. അനർഹമായത് നൽകുന്നതും അർഹമായത് നിഷേധിക്കുന്നതും അഴിമതിയാണ്. ന്യായമായത് നടക്കാൻ കൈക്കൂലി നൽകേണ്ടി വരുന്നതും അന്യായമായതു പോലും പണം കൊടുത്ത് നേടാൻ കഴിയുമെന്ന് വരുന്നതും അഴിമതി നടമാടുന്ന സമൂഹത്തിന്റെ ലക്ഷണമാണ്. ഇത്തരം ദുഷ്പ്രവണതകളുടെ കറപുരളാതെ "നല്ല കുട്ടികളായി" മാറിനിന്നാൽ മതിയെന്നാണ് പലരും കരുതുന്നത്. സ്വന്തം ജോലി ഭംഗിയായി നിർവ്വഹിക്കുക എന്നത് സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക കടമയാണെങ്കിൽ, സർവീസ് രംഗത്തെ ദുഷ്പ്രവണതകൾക്കെതിരെ പ്രതികരിക്കേണ്ടത് അവരുടെ സാമൂഹ്യ ഉത്തരവാദിത്തമാണ്.

വ്യത്യസ്ത രാഷ്ട്രീയ കക്ഷികളിൽ പെട്ട ജനപ്രതിനിധികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത്. വികസന കാര്യത്തിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിലും രാഷ്ട്രീയത്തിലുപരിയായ യോജിപ്പും സഹകരണവും ഇവർക്കിടയിൽ ഉണ്ടാവണം. നിസ്സാര കാര്യങ്ങളിൽ പരസ്പരം കലഹിക്കുന്ന ജനപ്രതിനിധികൾ ഉദ്യോഗസ്ഥർക്കോ പൊതുജനങ്ങൾക്കോ മാതൃകയല്ല. ജാതി മത - കക്ഷി പരിഗണനകൾക്ക് അതീതമായി ജനങ്ങളും വികസന പ്രവർത്തകരും ഒന്നിച്ചണിനിരന്നതിന്റെ തെളിവാണ് നാലു വികസന മിഷനുകളുടെ വിജയം.

2017- 18 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നേട്ടം ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിലെ സർവ്വകാല റെക്കോർഡാണ്. പദ്ധതിച്ചെലവ് 90 ശതമാനത്തിനു മുകളിൽ എത്തിക്കാൻ കഴിയുമെന്ന് അത് യാഥാർഥ്യമാവുന്നത് വരെ മാധ്യമങ്ങളും വികസന വിചക്ഷണരും കരുതിയിരുന്നില്ല.

157720 പദ്ധതികൾക്ക് അനുമതി

2018-19 വാർഷിക പദ്ധതിയിൽ സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 157720 പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നല്കി. 2018 മെയ് 15 വരെയുള്ള കണക്ക് പ്രകാരമാണിത്. തദ്ദേശസ്ഥാപനങ്ങൾ ഏറ്റവും കൂടുതലുള്ള ജില്ലയായ മലപ്പുറമാണ് പദ്ധതികളുടെ എണ്ണത്തിലും മുന്നിൽ നിൽക്കുന്നത്- 18480. ഏറ്റവും കുറവ് വയനാടാണ്- 4979 എണ്ണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണ സ്റ്റാറ്റസ് 2018-19 (ജില്ല തിരിച്ച്)

ജില്ല	ഡാറ്റാ എൻട്രി		DPC ക്ക് സമർപ്പിച്ചത്		DPC പാസ്സാക്കിയത്	
	സ്ഥാപനങ്ങൾ	പദ്ധതികൾ	സ്ഥാപനങ്ങൾ	പദ്ധതികൾ	സ്ഥാപനങ്ങൾ	പദ്ധതികൾ
തിരുവനന്തപുരം	90	14278	90	12380	90	12375
കൊല്ലം	85	13088	85	10982	85	10980
പത്തനംതിട്ട	66	9791	66	8697	66	8697
ആലപ്പുഴ	91	10286	91	8987	91	8987
കോട്ടയം	89	14007	89	12512	89	12504
ഇടുക്കി	63	8534	63	6971	63	6967
എറണാകുളം	111	16781	111	15116	111	15105
തൃശ്ശൂർ	111	16671	111	15114	111	15114
പാലക്കാട്	109	16424	109	14149	109	14013
മലപ്പുറം	122	21613	122	18482	122	18480
കോഴിക്കോട്	91	13373	91	12082	91	12082
വയനാട്	31	5655	31	4980	31	4979
കണ്ണൂർ	93	12361	93	10849	93	10844
കാസർഗോഡ്	48	7533	48	6595	48	6593
ആകെ	1200	180395	1200	157896	1200	157720

2018-19 പദ്ധതി രൂപീകരണം - തദ്ദേശസ്ഥാപനങ്ങൾ തരംതിരിച്ച്

സ്ഥാപനങ്ങൾ	ഡാറ്റാ എൻട്രി		DPC ക്ക് സമർപ്പിച്ചത്		DPC പാസ്സാക്കിയത്	
	സ്ഥാപനങ്ങൾ	പദ്ധതികൾ	സ്ഥാപനങ്ങൾ	പദ്ധതികൾ	സ്ഥാപനങ്ങൾ	പദ്ധതികൾ
ജില്ലാപഞ്ചായത്ത്	14	7542	14	6124	14	6095
ബ്ലോക്ക് പഞ്ചായത്ത്	152	12685	152	10990	152	10990
മുനിസിപ്പാലിറ്റി	87	19804	87	17483	87	17466
കോർപ്പറേഷൻ	6	4810	6	4306	6	4306
ഗ്രാമപഞ്ചായത്ത്	941	135554	941	118993	941	118863
ആകെ	1200	180395	1200	157896	1200	157720

ജനകീയ സർക്കാർ മൂന്നാം വർഷത്തിലേക്ക്

എൽ.ഡി.എഫ് സർക്കാർ വാഗ്ദാനങ്ങൾ പാലിച്ച് മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. വികസന-ക്ഷേമപ്രവർത്തനങ്ങളുടെ നിറവിനാൽ ശ്രദ്ധേയമായ രണ്ട് വർഷങ്ങൾ പിന്നിട്ട് ശരിയായ ദിശയിലൂടെയുള്ള മുന്നേറ്റം.

ഒട്ടേറെ രംഗങ്ങളിൽ ഒന്നാം സ്ഥാനത്തെത്താൻ കേരളത്തിന് കഴിഞ്ഞു. മാനവവികസന സൂചികയിൽ കേരളത്തിന് ഉന്നത സ്ഥാനമെന്ന് ഐക്യരാഷ്ട്രസഭ തന്നെ ചൂണ്ടിക്കാട്ടി. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന് സെന്റർ ഫോർ മീഡിയ സ്റ്റഡീസ്. മികച്ച ക്രമസമാധാനപാലനത്തിന് ഇന്ത്യ ടുഡേ അവാർഡ്, ഏറ്റവും കൂടുതൽ മേഖലകളിൽ മികവ് പുലർത്തിയതിന് ഇന്ത്യ ടുഡേ സ്റ്റേറ്റ് ഓഫ് ദ സ്റ്റേറ്റ്സ് അവാർഡ്. പബ്ലിക് അഫയേഴ്സ് സെന്ററിന്റെ ഭരണമികവ് സൂചികയിൽ ഒന്നാം സ്ഥാനം, ഏറ്റവും ഉയർന്ന മിനിമം വേതനമുള്ള സംസ്ഥാനം, ഉയർന്ന ആരോഗ്യ-ജീവിത സൂചിക, സമ്പൂർണ വൈദ്യുതീകരണം കൈവരിച്ച സംസ്ഥാനം നേട്ടങ്ങളുടെ പട്ടിക നീളുന്നു.

അഴിമതിക്കെതിരെ കർശന നിലപാട് സ്വീകരിച്ചുകൊണ്ട് സംശുദ്ധിയും ചൈതന്യവുമുള്ള ഭരണത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. വിജിലൻസ് സംവിധാനം കാര്യക്ഷമമാക്കി. കേസന്വേഷണം ശാസ്ത്രീയമാക്കുന്നതിനും മൂന്നാംമുറ ഒഴിവാക്കുന്നതിനുമുള്ള ശക്തമായ ഇടപെടലുകൾ നടത്തി. പോലീസ് സേനയിലെ ആധുനികവത്ക്കരണ പദ്ധതികൾ പരിഷ്ക്കരിക്കുന്ന നടപടിക്ക് തുടക്കമായി. പോലീസിന്റെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനത്തിനായി പോലീസ് ആസ്ഥാനത്ത് ചീഫ് കൺട്രോൾ റൂം തുറന്നു. ഭരണമികവ് വർധിപ്പിക്കാൻ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ആവിഷ്കരിച്ചു. പദ്ധതി നിർവ്വഹണത്തിൽ സർവകാല റെക്കോർഡ് കൈവരിക്കാൻ സർക്കാരിന്

അഴിമതിക്കെതിരെ കർശന നിലപാട് സ്വീകരിച്ചുകൊണ്ട് സംശുദ്ധിയും ചൈതന്യവുമുള്ള ഭരണത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്.

പഞ്ചായത്ത്, ഗ്രാമ വികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ വകുപ്പുകളെ ഏകീകരിക്കുന്നതിനുവേണ്ടി പൊതു സർവീസ് രൂപീകരിക്കുന്നതിന് നടപടിയായി. സമ്പൂർണ ശുചിത്വ കേരളത്തിനുള്ള പ്രവർത്തനങ്ങൾ ശക്തമായി പുരോഗമിക്കുകയാണ്.

സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 6194 കോടി രൂപയിൽ 5581 കോടി രൂപയും ചെലവഴിച്ചു.

അമ്പത്തിഅയ്യായിരം പട്ടയങ്ങൾ വിതരണം ചെയ്തു. ലാന്റ് ട്രൈബ്യൂണൽ മുമ്പാകെയുണ്ടായിരുന്ന 72,334 ഫയലുകൾ തീർപ്പാക്കി. അഞ്ച് പുതിയ റവന്യൂ ഡിവിഷനുകൾക്ക് അനുമതിയായി. കുന്ദംകുളത്തും പയ്യന്നൂരിലും പുതിയ താലൂക്കുകൾ ഉടൻ ആരംഭിക്കും. സംസ്ഥാനത്തെ 39 വില്ലേജുകൾ സ്മാർട്ട് ഓഫീസ് ശൃംഖലയിലേക്ക് മാറുകയാണ്. 14 കളക്ടറേറ്റുകളെയും ഇ-ഓഫീസ് ശൃംഖലയുമായി ബന്ധിപ്പിക്കാൻ നടപടിയായി.

കാർഷിക സംസ്കാരത്തെ തിരികെ പിടിക്കാൻ വിപുലമായ പരിശ്രമങ്ങൾ നടത്തിവരികയാണ്. കർഷക ആത്മഹത്യകൾ ഇല്ലാതായി. നെൽകൃഷിയുടെ വിസ്തൃതിയിൽ 34,000 ഏക്കറിന്റെ വർധനവുണ്ടായി. മെത്രാൻ കായലിൽ ഉൾപ്പെടെയുള്ള തരിശു നിലങ്ങളിൽ കൃഷിയിറക്കി. 2017-18 സാമ്പത്തിക വർഷം സപ്ലൈകോ 3.01 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. പച്ചക്കറി യുത്പാദനം പത്ത് ലക്ഷം മെട്രിക് ടൺ ആയി ഉയർന്നു.

പൊതുമേഖലയ്ക്കുള്ള പദ്ധതി വിഹിതം നൂറു കോടിയിൽ നിന്നും 2310 കോടിയായി ഉയർത്തി. പൊതുമേഖല 132 കോടിയുടെ നഷ്ടത്തിൽ നിന്നും 104 കോടിയുടെ ലാഭത്തിലേക്ക് ഉയർന്നു. പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിന് 14 ക്ലസ്റ്ററുകൾ. ഐടി-ഐടി അനുബന്ധ മേഖലകളുടെ വളർച്ചയ്ക്ക് പുതിയ നയം രൂപീകരിച്ചു. സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ 20 ശതമാനത്തിന്റെ വർധനയുണ്ടായി. ഡിജിറ്റൽ കേരളയ്ക്ക് 1000 കോടിയുടെ കെ.ഫോൺ പദ്ധതി.

കേരളത്തിന്റെ ആരോഗ്യമേഖല ആഗോള നിലവാരത്തിലേക്ക് ഉയരുകയാണ്. ഗുണമേന്മയുള്ള ചികിത്സാസൗകര്യം അലോപ്പതി, ആയുഷ് വകുപ്പുകളിലെ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ വിപുലമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറുകയാണ്. അലോപ്പതിമേഖലയിലെ പൊതുജനാരോഗ്യകേന്ദ്രങ്ങളെ ഒറ്റ ശൃംഖലയാക്കുന്ന ഇ-ഹെൽത്ത് പ്രോജക്റ്റ് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടിയായി. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി അവയിലെ അടിസ്ഥാനസൗക

ര്യങ്ങൾ വർധിപ്പിച്ചു.

ഹൈസ്കൂളിലെയും ഹയർസെക്കൻഡറി സ്കൂളുകളിലെയും 45,000 ക്ലാസ്സ് മുറികൾ ഹൈടെക് ആയി മാറുകയാണ്. നൂറുക്കണക്കിന് ക്ലാസ് മുറികൾ ഇതിനകം തന്നെ ഹൈടെക് ആയിക്കഴിഞ്ഞു. എല്ലാ നിയമസഭാ മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം മികവിന്റെ കേന്ദ്രമാക്കുന്നതാണ് മറ്റൊരു പദ്ധതി.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ നിർവ്വഹണം ശക്തമാക്കി. 195.13 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചു. റേഷൻ കടകളിൽ കമ്പ്യൂട്ടർവത്കരണത്തിന് നടപടികളായി. വില വർധിപ്പിക്കാതെ 13 ഇനം ഭക്ഷ്യോത്പന്നങ്ങൾ. റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കി.

ലഹരിയിൽ നിന്നും മോചനത്തിന് വിമുക്തി പദ്ധതി. എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ. ലഹരി വിരുദ്ധ ബോധവത്കരണത്തിന് ശക്തമായ നടപടികൾ. വ്യാജമദ്യം നിയന്ത്രിച്ചു. സുവർണ്ണ ജൂബിലി വർഷത്തിൽ ലോട്ടറിയുടെ വിറ്റുവരവ് 10,000 കോടിയിലേക്ക്. ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണമായും ജനക്ഷേമത്തിന്. യുവജന ശാക്തീകരണത്തിന് 1000 യുവക്ലബ്ബുകൾ ആരംഭിച്ചു. കായികതാരങ്ങൾക്ക് മികച്ച പ്രോത്സാഹനം. പ്രവാസികളുടെ അറിവും കഴിവും ഉപയോഗപ്പെടുത്താൻ ലോക കേരളസഭ. അവരുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതി.

പശ്ചാത്തല വികസനത്തിന് നൂതന ആശയങ്ങളുമായി കിഫ്ബി മുന്നേറുകയാണ്. അഞ്ച് കൊല്ലം കൊണ്ട് 50,000 കോടിയുടെ വികസനമാണ് ലക്ഷ്യമിടുന്നത്. 20,000 കോടിക്ക് ധനാനുമതിയായി: ആദ്യപ്രവൃത്തികൾ നിർമാണ ഘട്ടത്തിലാണ്. 10,000 കോടിയുടെ മലയോര തീരദേശ ഹൈവേകൾ 2020 ൽ തുറക്കും. ദേശീയപാത 66 നാല് വരിപ്പാതയാക്കി വികസിപ്പിക്കുന്ന നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. കോവളം-ബേക്കൽ ദേശീയ ജലപാതകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. കൊച്ചി മെട്രോയുടെ മൂന്നാം ഘട്ടനിർമ്മാണം തുടരുകയാണ്. വിഴിഞ്ഞം തുറമുഖം 2020 ൽ തന്നെ യാഥാർത്ഥ്യമാക്കും. ജില്ലാതല പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടിയായി. കണ്ണൂർ വിമാനത്താവളം സെപ്തംബറിൽ തുറക്കും. മംഗലാപുരം-കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ നിർമ്മാണം ഈ വർഷം പൂർത്തിയാകും.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2.3 ലക്ഷം ഗുണഭോക്താക്കൾക്കായി 393 കോടി രൂപ വിതരണം ചെയ്തു. കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ 64,500 രോഗികൾക്ക് 727 കോടിയുടെ സഹായം ലഭ്യമാക്കി. വൃക്ക രോഗികൾക്കുള്ള ധനസഹായം 2 ലക്ഷത്തിൽ നിന്നും 3 ലക്ഷമാക്കി ഉയർത്തി. ക്ഷേമപെൻഷനുകൾ ഇരട്ടിയാക്കി. ക്ഷേമനിധി ആനുകൂല്യങ്ങളിലും വൻ വർധന ഏർപ്പെടുത്തി. മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷാമകാല -പ്രതിമാസ ധനസഹായം 2700 രൂപയിൽ നിന്നും 4500 രൂപയാക്കി. അങ്കണവാടി അധ്യാപകരുടെ വേതനം 2050 ൽ നിന്നും 12,000 രൂപയായും ആയമാരുടേത് 1400 രൂപയിൽ നിന്നും 8000 ആയും വർധിപ്പിച്ചു. ആശാവർക്കർമാരുടെ വേതനത്തിലും 50 ശതമാനം വർധനവ് ഏർപ്പെടുത്തി. പ്രവാസി പെൻഷൻ 500 രൂപയിൽ നിന്നും 2000 രൂപയാക്കി. 900 കോടി രൂപയുടെ വിദ്യാഭ്യാസ സഹായ പദ്ധതിയിലൂടെ ആറര ലക്ഷം കുടുംബങ്ങൾക്ക് സഹായമെത്തിച്ചു. 60 കഴിഞ്ഞ എല്ലാവരും സാമൂഹിക സുരക്ഷ ശൃംഖലയിൽ.

പട്ടികജാതിക്കാർക്കു വേണ്ടി 6,200 വീടുകൾ നിർമ്മിച്ചു. 19,072 വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാകും. പട്ടികവർഗക്കാർക്കു വേണ്ടി 22,481 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. 24,465 വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാകും. 102 കോടി രൂപ ചെലവിലാണ് 102 ഊരുകളുടെ വികസനം നടപ്പാക്കുന്നത്. 2159 ആദിവാസികളുടെ ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളി.

ജില്ലകളിൽ നവോത്ഥാനനായകരുടെ പേരിൽ 40 കോടി രൂപ ചെലവിൽ കിഫ്ബി മുഖേന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും. കലാകാരന്മാർക്കുള്ള പെൻഷൻ 750 രൂപയിൽ നിന്ന് 1500 രൂപയാക്കി. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പെൻഷൻ 1000 രൂപയിൽ നിന്ന് 2000 ഉം പിന്നീട് 3000 ഉം രൂപയുമാക്കി. എട്ട് വർഷത്തോളമായി സ്ഥിരമായ വൈസ് ചാൻസലർ ഇല്ലാതിരുന്ന കലാമണ്ഡലത്തിൽ പുതിയ വൈസ് ചാൻസലറെ നിയമിച്ചു. ലോകത്തെങ്ങുമുള്ള മലയാളികൾക്ക് ഭാഷാപഠനത്തിനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനവും മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സും നടപ്പാക്കും. മഹാകവി മൊയീൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ പ്രവർത്തനം വിപുലീകരിക്കും. കലാഭവൻ മണി, കൊടക്കാട് കണ്ണൻപെരുവണ്ണാൻ, മണക്കാടൻ ഗുരുക്കൾ എന്നിവർക്ക് ഉചിതമായ സ്മാരകം പണിയും.

253 ഭിന്നശേഷിക്കാർക്ക് സ്ഥിരം നിയമനം നൽകി. ഭിന്നശേഷിക്കാർക്കു വേണ്ടി അനുയാത്ര പദ്ധതി നടപ്പിലാക്കി. എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ 133 കോടി രൂപയുടെ ധനസഹായമെത്തിച്ചു. സമഗ്ര പുനരധിവാസ ഗ്രാമം യാഥാർത്ഥ്യമാകുകയാണ്.

അതിഥി തൊഴിലാളികൾക്ക് ആവാസ് എന്ന പേരിൽ സമഗ്ര ആരോഗ്യ ഇൻഷുറൻസ്

പശ്ചാത്തല വികസനത്തിന് നൂതന ആശയങ്ങളുമായി കിഫ്ബി മുന്നേറുകയാണ്. അഞ്ച് കൊല്ലം കൊണ്ട് 50,000 കോടിയുടെ വികസനമാണ് ലക്ഷ്യമിടുന്നത്. 20,000 കോടിക്ക് ധനാനുമതിയായി.

പദ്ധതി: ഇവർക്കായി അപ്നാ ഘർ, ജനനി എന്നീ പേരുകളിൽ താമസസൗകര്യങ്ങൾ.

സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് നിലവിൽ വന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന മിത്ര 181 വുമൺ ഹെൽപ്പ്ലൈൻ ഏർപ്പെടുത്തി. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിത ഹെൽപ്പ്ഡെസ്കുകൾ, 24 മണിക്കൂറും വിളിക്കാവുന്ന ഹെൽപ്പ്ലൈൻ (1091). എട്ടു നഗരങ്ങളിൽ പിങ്ക് പട്രോൾ. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയാൻ കൈത്താങ്ങ്, സ്നേഹഗീത, കർമസേന എന്നിവ എല്ലാ ജില്ലകളിലേക്കും. നിർഭയ പദ്ധതി ജനകീയമാക്കി. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കർശന നടപടി. കുടുംബശ്രീയിൽ പുതിയ ഇരുപതിന പദ്ധതികൾ.

തീരദേശമേഖലയ്ക്ക് 2000 കോടിയുടെ പ്രത്യേക പാക്കേജ് ഏർപ്പെടുത്തി. ഓഖി ദുരന്ത ഘട്ടത്തിൽ സർക്കാർ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ ദുരിതബാധിതർക്ക് ആശ്വാസം പകർന്നു. കടൽക്ഷോഭത്തിന് ഇരയാകുന്ന തീരദേശവാസികളെ ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കുന്നതിന് ചരിത്രത്തിലാദ്യമായി പത്തു ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചു. വേലിയേറ്റ മേഖലയിൽ നിന്നും മാറ്റിപാർപ്പിക്കാൻ 150 കോടിയുടെ പദ്ധതി. മത്സ്യത്തൊഴിലാളികൾക്ക് 500 കോടി രൂപയുടെ ഭവന പദ്ധതി.

വരട്ടാറും കോലറയാറും ഉൾപ്പെടെ 9,200 കി.മീ പുഴകളും തോടുകളും പുനരുജ്ജീവിപ്പിച്ചു. 5000 കുളങ്ങൾ നിർമ്മിച്ചു. 11,000 കുളങ്ങൾ നവീകരിച്ചു. 1620 കനാലുകൾ വൃത്തിയാക്കി. 4500 കിണറുകൾ നവീകരിക്കുകയും 29,000 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തു. 2792 ഹെക്ടറിൽ ജലസേചന സൗകര്യം വർധിപ്പിച്ചു. വൻകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ വിപുലമായ കർമ്മപദ്ധതി.

വരട്ടാറും കോലറയാറും ഉൾപ്പെടെ 9,200 കി.മീ പുഴകളും തോടുകളും പുനരുജ്ജീവിപ്പിച്ചു. 5000 കുളങ്ങൾ നിർമ്മിച്ചു. 11,000 കുളങ്ങൾ നവീകരിച്ചു. 1620 കനാലുകൾ വൃത്തിയാക്കി. 4500 കിണറുകൾ നവീകരിക്കുകയും 29,000 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തു.

അഞ്ച് വർഷം കൊണ്ട് ഭവനരഹിതരില്ലാത്ത കേരളം എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. മുടങ്ങിക്കിടന്ന 53,000 വീടുകളുടെ നിർമാണം പൂർത്തിയാക്കി. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയം ഭരണ വകുപ്പുകളെ ഏകീകരിക്കുന്നതിനുവേണ്ടി പൊതു സർവീസ് രൂപീകരിക്കുന്നതിന് നടപടിയായി. സമ്പൂർണ ശുചിത്വ കേരളത്തിനുള്ള പ്രവർത്തനങ്ങൾ ശക്തമായി പുരോഗമിക്കുകയാണ്.

കേരളത്തിന് സ്വന്തം ബാങ്ക് എന്ന സ്വപ്നം സാക്ഷാത്ക്കാരത്തിലേക്ക് നീങ്ങുകയാണ്. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നത്. വൻ നഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡ് ലാഭത്തിലായി. സംസ്ഥാന സഹകരണ നയം രൂപീകരിച്ചു. പുതിയ ടൂറിസം നയം പ്രഖ്യാപിച്ചു. ശബരിമല, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം മുതലായവയുടെ വികസനത്തിന് വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ചു.

വൈദ്യുതി വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അവാർഡ് ലഭിച്ചു. കൂടംകുളം-കൊച്ചി പവർഗ്രിഡ് ഈ വർഷം പ്രവർത്തനസജ്ജമാകും. ഉത്പാദനം വർധിപ്പിക്കുകയും ഏഴ് ലക്ഷത്തോളം പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തുകൊണ്ടാണ് വകുപ്പ് മുന്നേറുന്നത്.

പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചു. 40 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി സ്ഥാപിക്കാൻ നടപടിയായി. ക്ഷീരവികസന രംഗത്ത് വൻകുതിച്ചുചാട്ടമാണുണ്ടായത്. സംസ്ഥാനത്തെ ആവശ്യത്തിന്റെ 81 ശതമാനം പാലുത്പാദിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞു. സ്വയംപര്യാപ്ത ക്ഷീര കേരളത്തിനായുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

കെ.എസ്.ആർ.ടി.സിയെ രക്ഷിക്കാൻ സമഗ്രമായ അഴിച്ചുപണി നടത്തി. പെൻഷൻ കുടിശിക കൊടുത്തു തീർത്തു. എല്ലാ താലൂക്കുകളിലും കമ്പ്യൂട്ടർവത്കൃത വാഹന പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുകയാണ്. ആറ് താലൂക്കുകളിൽ സബ് ആർ.ടി ഓഫീസുകൾ സ്ഥാപിക്കുന്നതിനും നടപടിയായി.

സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ മിഷനുകൾ വിജയകരമായി പുരോഗമിക്കുന്നു. ഇതിലൂടെ ഒരു നവകേരളം സൃഷ്ടിക്കുകയാണ് സർക്കാർ ലക്ഷ്യം.

(I & PRD)

കുതിച്ചുയരും തദ്ദേശസ്വയംഭരണ വകുപ്പ്

ചരിത്രത്തിൽ ആദ്യമായി 90 ശതമാനത്തിനു മുകളിൽ പദ്ധതിനിർവ്വഹണം

▸ പദ്ധതി നിർവ്വഹണത്തിൽ സർവ്വകാല റെക്കോർഡ് - 90.13 ശതമാനം വിനിയോഗം. 6194.65 കോടി രൂപയിൽ 5583.35 കോടിയും മാർച്ച് 31 ന് മുമ്പ് ചെലവഴിച്ചു ▸ 7 നഗരസഭകൾക്കും 186 ഗ്രാമപഞ്ചായത്തുകൾക്കും 8 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊല്ലം കോർപ്പറേഷനും നൂറുമേനി ▸ 287 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 90 ശതമാനത്തിനു മുകളിൽ ചെലവ് ▸ ഗ്രാമ പഞ്ചായത്തുകൾക്ക് 96.07 ശതമാനം, ബ്ലോക്ക് പഞ്ചായത്തു കൾക്ക് 88.07, ജില്ലാ പഞ്ചായത്തുകൾക്ക് 71.5, മുനിസിപ്പാലിറ്റി കൾക്ക് 88.94, കോർപ്പറേഷനുകൾക്ക് 83.80 ശതമാനം ▸ പദ്ധ തിനിർവ്വഹണത്തിന് 10 മാസം ലഭിച്ചത് ജനകീയാസൂത്രണ ത്തിന്റെ ചരിത്രത്തിൽ ആദ്യം ▸ 2018-19 ൽ ബഡ്ജറ്റ് വിഹിതം 10779.59 കോടി; നിർവ്വഹണത്തിന് 12 മാസം, ലക്ഷ്യം 100 % നേട്ടം

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സാക്ഷാത്കാരത്തിലേക്ക്

▸ അഞ്ച് വ്യത്യസ്ത ഭരണയൂണിറ്റുകളായിരുന്ന തദ്ദേശസ്വയംഭര ണം കൂടുതൽ കരുത്തും കാര്യക്ഷമതയുമുള്ള ഒരൊറ്റ വകുപ്പായി മാറും. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാ സൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിഭാഗം എന്നീ വകുപ്പുകൾ ഏകീകരിക്കുന്നതിന് പൊതുസർവീസ് രൂ പീകരിക്കാൻ നടപടി. ▸ ഏകീകൃത തദ്ദേശസ്വയംഭരണ വകു പ്പിന്റെ തലവനായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. വിശേഷാൽ ചട്ടത്തിന്റെ കരട് പ്രസിദ്ധീകരിച്ചു. ▸ വിജയകര മായ പദ്ധതി സംയോജനത്തിന്റെയും മികച്ച വകുപ്പുതല ഏകോ പനത്തിന്റെയും നാളുകൾക്ക് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് തുടക്കം കുറിക്കും. ▸ 20 വർഷമായി ഫയലിലൊതുങ്ങിയ വിപ്ലവകരമായ ഭരണ നടപടിയുടെ സാക്ഷാത്കാരം.

അടിസ്ഥാനസൗകര്യ വികസനത്തിൽ കുതിപ്പ്

▸ 452 കോടി രൂപ ചെലവിൽ 3460 കി.മീറ്റർ ടാർ റോഡുകൾ. 838 കോടി ചെലവിൽ 8598 കി.മീറ്റർ റോഡുകളുടെ പുനരുദ്ധാര ണം. ▸ 4 കോടി രൂപ ചെലവിൽ സ്കൂളുകളിൽ 1861 പുതിയ ക്ലാസ് മുറികൾ. 117 കോടി ചെലവിൽ 3142 പുതിയ അം ഗൻവാടി കെട്ടിടങ്ങൾ. ▸ 124 കോടി ചെലവിൽ 3476 കുടിവെള്ള പദ്ധതികൾ. ▸ തൊഴിലുറപ്പ് പദ്ധതി യിൽ 8305 പുതിയ ഗ്രാമീണ റോഡുകൾ.

അകലെയല്ല സമ്പൂർണ്ണ ശുചിത്വ കേരളം

▸ സമ്പൂർണ്ണ ശുചിത്വസംസ്ഥാനമെന്ന പ്രഖ്യാപിത ലക്ഷ്യത്തി ലേക്ക് കേരളം അടുക്കുകയാണ്. "വെളിയിട വിസർജ്ജനമുക്ത സംസ്ഥാന" കാമ്പെയിനിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 2,04,297 ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ചു. ▸ 941 ഗ്രാമ പഞ്ചായത്തുകളും 92 നഗരസഭകളും വെളിയിട വിസർജനമുക്ത മായി പ്രഖ്യാപിച്ചു. ▸ 625 കോടി രൂപയ്ക്ക് 9563 മാലിന്യസംസ്ക രണ പ്രോജക്ടുകൾ നടപ്പിലാക്കി. ▸ രണ്ടു ലക്ഷം ഉറവിട മാലി ന്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ചു. ▸ 78 പുതിയ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ തുറന്നു. ▸ 93 പുതിയ പ്ലാസ്റ്റി ക് ഷ്രഡിങ്ങ് യൂണിറ്റുകൾ ആരംഭിച്ചു.

ഹൈടെക്കാണ് തദ്ദേശസ്വയംഭരണം

▸ ആധുനിക - വിവര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി തദ്ദേശഭരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടിക ൾ. ▸ ഫോർ ദ പീപ്പിൾ - പരാതി പരിഹാരത്തിന് ഓൺ ലൈൻ സംവിധാനം. ▸ ഗ്രാമസഭാ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും സുതാര്യവുമാക്കാൻ ഗ്രാമസഭാ പോർട്ടൽ സ്ഥാപി ച്ചു. ▸ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് ഓൺലൈൻ സംവിധാനം. ▸ വസ്തു നികുതി ഡാറ്റയിൽ തിരുത്തലുകൾ വരു ത്താൻ സഞ്ചയ വ്യൂരിഫിക്കേ ഷൻ മൊഡ്യൂൾ. ▸ വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസിന് സഞ്ചയ ഡി & ഒ മൊഡ്യൂൾ. ▸ 941 ഗ്രാമ പഞ്ചായത്തുകളിൽ വസ്തു നികുതി ഇ- പേയ്മെന്റ്. ▸ വിനോദനികുതി പിരിവിനും സാംസ്കാരിക ക്ഷേ മനിധി സെസിനും ഇ- ടിക്കറ്റിങ് സോഫ്റ്റ്‌വെയർ. ▸ ബിൽ ഡിങ്ങ് /ഡെവലപ്മെന്റ് പെർമിറ്റ് സമയബന്ധിതവും സുതാര്യവുമാക്കാൻ വികസിപ്പിച്ച ഇന്റലിജന്റ് ബിൽഡിങ്ങ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം (IBPMS) പൈലറ്റ് അടിസ്ഥാന ത്തിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടപ്പിൽ വരുത്തി. ▸ സമ്പൂർണ ഇ- സേവനത്തിന് നടപടികൾ.

▸ ബിൽഡിങ്ങ് പെർമിറ്റിനുള്ള ഇന്റലിജന്റ് സോഫ്റ്റ്‌വെയർ ഈ വർഷം തന്നെ പ്രയോഗത്തിൽ വരും.

ജനഹൃദയങ്ങൾ കവർന്ന് പരിസ്ഥിതി സൗഹൃദ വികസനം

▸ പരിസ്ഥിതി സൗഹൃദ വികസനമെന്ന സർക്കാരിന്റെ ആഹ്വാനം ജനങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തു. നമ്മുടെ ഗ്രാമങ്ങളിൽ പാരിസ്ഥിതിക വിപ്ലവം അരങ്ങേറുന്നു. മണ്ണടിഞ്ഞും കാട്ടുകയറിയും മാലിന്യങ്ങൾ അടിഞ്ഞും ഇല്ലാതായിക്കൊണ്ടിരുന്ന എത്രയെങ്കിലും തണ്ണീർത്തടങ്ങൾക്കും നീർത്തോടുകൾക്കും പുനർജനിയായി. ▸ 4000 കി.മീറ്ററോളം തോടുകളും 1500 കി.മീറ്ററോളം കനാലുകളും ഈ കാലയളവിൽ വൃത്തിയാക്കി. ▸ ലോകപരിസ്ഥിതി ദിനത്തിൽ തൊഴിലുറപ്പുപദ്ധതിയിൽ ഉൽപാദിപ്പിച്ച 1.56 കോടി വൃക്ഷതൈകൾ നട്ടു. ▸ പതിനായിരത്തിലേറെ കുളങ്ങളും ചെറുനീർത്തോടുകളും നവീകരിച്ചു. ▸ പതിമൂന്നായിരം പുതിയ കുളങ്ങൾ നിർമ്മിച്ചു. ▸ ആയിരത്തോളം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിപുലമായ ജനപങ്കാളിത്തത്തോടെ ശുചീകരണയജ്ഞങ്ങൾ നടന്നു. ▸ 14 ജില്ലകളിലും 152 ബ്ലോക്കുകളിലും കുടുംബശ്രീ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നു. ▸ 30000 ഏക്കറിലേക്ക് കൂടി നെൽകൃഷി വ്യാപിപ്പിച്ചു. ▸ 1194 ഏക്കർ തരിശുഭൂമിയിൽ പച്ചക്കറി കൃഷിയാരംഭിച്ചു. ▸ നാടെങ്ങും ഉൽസവച്ഛായയോടെ മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ നടന്നു.

എതിരില്ലാതെ യശസ്സ് – കുടുംബശ്രീ

▸ ലോക ശ്രദ്ധയാകർഷിച്ച കുടുംബശ്രീ കൂടുതൽ ഉയരങ്ങളിൽ. മറ്റ് സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃകയ്ക്ക് കൂടുതൽ സ്വീകാര്യത. ▸ 2.58 ലക്ഷം അയൽക്കൂട്ടങ്ങളിലായി നിലവിൽ 43 ലക്ഷം അംഗങ്ങൾ. ▸ കുടുംബശ്രീക്കുള്ള ബജറ്റ് വിഹിതം 200 കോടിയായി ഉയർത്തി. ▸ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ട്രാൻസ്ജൻഡറുകൾക്കും പ്രത്യേക അയൽക്കൂട്ടങ്ങൾ. ▸ 2017-18 വർഷത്തിൽ 1456 പുതിയ സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ചു. 4000 പേർക്ക് തൊഴിൽ. ▸ ജില്ലകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ. ▸ കേരള ചിക്കൻ യൂണിറ്റുകൾ തുടങ്ങാൻ നടപടി. ▸ കുടുംബശ്രീ സംഘങ്ങൾ വഴി ഏറ്റവും കൂടുതൽ സൂക്ഷ്മ സം രംഭങ്ങൾ ആരംഭിച്ചു. ▸ 2000 പുതിയ സൂക്ഷ്മസംരം ഭങ്ങൾ കൂടി ഈ വർഷം ആരംഭിക്കും.

51 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ

▸ 51 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ, ക്ഷേമനിധി പെൻഷൻ ശയ്യാവലംബികളും രോഗികളുമുൾപ്പെടെ 21 ലക്ഷം പേർക്ക് പെൻഷൻ വീട്ടിലെത്തിക്കാൻ നടപടി ▸ 2016-17 ൽ വിതരണം ചെയ്തത് 3948.26 കോടി രൂപ ▸ 2017-18 ൽ നൽകിയത് 5107.29 കോടി രൂപ ▸ ഈ വിഷുവിന് വിതരണം ചെയ്തത് 2223 കോടി രൂപ ▸ കുറഞ്ഞ പെൻഷൻ തുക 1100 രൂപയാക്കി ഉയർത്തി

ഒറ്റനോട്ടത്തിൽ

▸ പി.എസ്.സി നിയമനങ്ങളിലും സ്ഥാനക്കയറ്റ നിയമനങ്ങളിലും സർവ്വകാല റെക്കോർഡ്. ▸ പഞ്ചായത്ത് വകുപ്പിൽ 448-ഉം നഗരസഭകളിൽ 1494 ഉം പുതിയ തസ്തികകൾ സൃഷ്ടിച്ചു. ▸ തെരുവ് നായ്ക്കളെ വന്ധ്യംകരിക്കാൻ തുടക്കം കുറിച്ച എബിസി പദ്ധതി വിജയമായി. ▸ 21915 കർഷക ഗ്രൂപ്പുകൾക്ക് 310.25 കോടിയുടെ ധനസഹായമാണ് ഈ വർഷം നൽകിയത്. ▸ 52130 ഹെക്ടർ സ്ഥലത്ത് ഈ ഗ്രൂപ്പുകൾ കൃഷി ചെയ്യുന്നു. ▸ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി മൃഗസംരക്ഷണത്തിന് 251.67 ലക്ഷം രൂപയുടെ സഹായം. ▸ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അഗതി പുനരധിവാസത്തിന് പുതിയ പദ്ധതി രേഖ തയ്യാറാക്കി. ▸ എല്ലാ ജില്ലകളിലും സ്നേഹിത ജന്റർ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു. ഗ്രൂപ്പുകൾക്ക് 104.2 കോടിയുടെ പലിശ സബ്സിഡി നൽകി. ▸ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർ, അയ്യങ്കാളി പദ്ധതിയിലെ കരാർ ജീവനക്കാർ, ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർ എന്നിവർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. ▸ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശുമന്ദിരങ്ങളിലെ ടീച്ചർമാർ എന്നിവരുടെ ശമ്പളം 2050 ൽ നിന്ന് 12000 രൂപയാക്കി ഉയർത്തി. ▸ ആയമാരുടെ ശമ്പളം 1400 രൂപയിൽ നിന്ന് 8000 രൂപയാക്കി. മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ദിവസവേതനം 620 രൂപയാക്കി ഉയർത്തി. ചരിത്രത്തിൽ ആദ്യമായി, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് പൂർണ ശമ്പള സ്കെയിൽ ഏർപ്പെടുത്തി. ▸ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നത് ആയിരക്കണക്കിനു പേർക്ക് ആശ്വാസം. ▸ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ 2 വർഷം 13.03 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 14 ലക്ഷം കുടുംബങ്ങൾക്ക് ജോലി ലഭിച്ചു. ▸ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വകയിരുത്തൽ 25.1 കോടിയാക്കി ഉയർത്തി 8,38,807 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. തൊഴിലാളികളുടെ ദിവസ വേതനം 258 രൂപയാക്കി ഉയർത്തി. ▸ ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി 2 ലക്ഷമാക്കി ഉയർത്തിയത് കൂടുതൽ കുടുംബങ്ങളെ വിവിധ സർക്കാർ ആനുകൂല്യങ്ങളുടെ പരിധിയിൽ കൊണ്ടുവന്നു. ▸ കാർഷിക ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി എടുത്തുകളഞ്ഞു. ▸ വഖഫ് ബോർഡ് നിയമനം പിഎസ് സിക്കു വിട്ടു. ▸ പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, 700 ഗ്രാമ പഞ്ചായത്തുകൾ എന്നിവ നടപ്പുവർഷം ഐഎസ്ഒ നിലവാരത്തിലെത്തും. ▸ നഗരങ്ങളുടെ സമഗ്ര വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാവുകയാണ്. ▸ അമൃത് പദ്ധതിയിൽ 2028 കോടിയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ഈ വർഷം സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാവും. ▸ സ്ത്രീസുരക്ഷയ്ക്ക് എല്ലാ പ്രധാന നഗരങ്ങളിലും ഷീ ലോഡ്ജുകൾ തുടങ്ങും. ▸ 200 പഞ്ചായത്തുകളിൽ ഈ വർഷം ബഡ്സ് സ്കൂളുകൾ തുടങ്ങും. ▸ 10,000 ഹെക്ടർ സ്ഥലം ജൈവകൃഷിക്കു വേണ്ടി കണ്ടെത്തും. പാലിയേറ്റീവ് കെയർ രംഗത്തും മെച്ചപ്പെട്ട സേവനങ്ങൾ കൂടുതൽ പേരിലേക്ക് എത്തിക്കും. ▸ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജൻഡർ സൗഹൃദമാക്കും. ▸ പി.എം.ജി.എസ്.വൈ പദ്ധതിയിൽ 2016-17 ൽ 315 കി.മീറ്ററും 2017-18ൽ 374 കി.മീറ്ററും റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി. 720 കി.മീ. പുതിയ റോഡുകൾക്ക് അംഗീകാരം ലഭിച്ചു. ▸ ലൈഫ് പദ്ധതി ആദ്യഘട്ടം 58772 വീടുകളുടെ നിർമ്മാണം ആരംഭിച്ചു. 53000 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ▸ 2018-19 ൽ ലൈഫ് പദ്ധതിയിൽ രണ്ടര ലക്ഷം വീടുകൾ



ലോക്കൽ ഗവൺമെന്റ് കമ്മീഷൻ റിപ്പോർട്ട് മന്ത്രി ഡോ. കെ.ടി. ജലീൽ സ്വീകരിക്കുന്നു

ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് :

പ്രവർത്തനങ്ങളും ഫലപ്രതീക്ഷയും

ഡോ.സി.പി. വിനോദ്

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസ്, മുൻസിപ്പൽ കോമൺസർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള പ്രഖ്യാപനം 2008-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലാണ് ആദ്യമായി വന്നത്. ഇതനുസരിച്ചുള്ള മന്ത്രിസഭ തീരുമാനപ്രകാരം ഏകീകൃത സർവ്വീസിനുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 2011-ൽ ഉത്തരവായിരുന്നു. 2016-ൽ അധികാരത്തിൽ വന്ന സർക്കാർ ഈ മുൻ തീരുമാനം മുന്നോട്ടുകൊണ്ടുപോകുന്നതിനു തീരുമാനിക്കുകയും സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷന് നല്കുകയും ചെയ്തു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ കരട് ചട്ടങ്ങൾ സർക്കാരിനു സമർപ്പിച്ചു. കരട് ചട്ടങ്ങൾ അന്തിമപ്പെടുത്തി പുതിയ ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് നിലവിൽ വരുത്തുന്നതിന് ഏകീകൃത വകുപ്പിന്റെ തലവനായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് കരട് ചട്ടങ്ങൾ പൊതു വായനയ്ക്കും ചർച്ചയ്ക്കും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചത്. പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോട് ചേർന്നുപോകുന്നതും നിയമപരമായി നിലനിൽക്കുന്നതുമായ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തികൊണ്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ സഹായത്തോടെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് കരട് ചട്ടങ്ങൾ അന്തിമമാക്കുന്നതിനായി ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

എന്താണ് കമ്മീഷൻ ചെയ്തത് ?

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഏകീകൃതസർവ്വീസ് രൂപീകരിക്കാനോ ചട്ടങ്ങൾക്ക് രൂപം കൊടുക്കാനോ ഉണ്ടാക്കിയ സംവിധാനമല്ലെന്ന് വ്യക്തമാക്കട്ടെ. അധികാരവികേന്ദ്രീകരണം സംബന്ധിച്ച നയപരമായ കാര്യങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ചും വകുപ്പ് ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ടും തദ്ദേശസ്വയംഭരണ വകുപ്പിനെ നയപരവും നിയമപരവുമായ കാര്യങ്ങളിൽ സഹായിച്ചുകൊണ്ടിരിക്കുന്ന സംവിധാനമാണ് ലോക്കൽ ഗവൺമെന്റ് കമ്മീഷന് ഉള്ളത്. 2016ൽ പുനഃസംഘടിപ്പിക്കപ്പെട്ടശേഷം ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഏറ്റെടുത്ത ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് ചട്ടങ്ങളുടെ രൂപീകരണം.

നിലവിലുള്ള അഞ്ചു വകുപ്പുകളുടെ നിയമപരമായ മാനങ്ങൾ മാത്രം പരിഗണിച്ചുകൊണ്ട് നിലവിലുള്ള ചട്ടങ്ങൾ യാന്ത്രികമായി ഏകോപിപ്പിച്ച് കരട് ചട്ടങ്ങൾ എഴുതി തയ്യാറാക്കുന്നതിനു പകരം ഏകീകൃത സർവ്വീസിനെ സംബന്ധിച്ച വിവിധവശങ്ങൾ പരിശോധിച്ചുകൊണ്ട് ചട്ടങ്ങൾ രൂപപ്പെടുത്തുന്ന സമീപനമാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്.

നിലവിലുള്ള അഞ്ചു വകുപ്പുകളുടെ നിയമപരമായ മാനങ്ങൾ മാത്രം പരിഗണിച്ചുകൊണ്ട് നിലവിലുള്ള ചട്ടങ്ങൾ യാന്ത്രികമായി ഏകോപിപ്പിച്ച് കരട് ചട്ടങ്ങൾ എഴുതി തയ്യാറാക്കുന്നതിനു പകരം ഏകീകൃത സർവ്വീസിനെ സംബന്ധിച്ച വിവിധവശങ്ങൾ പരിശോധിച്ചുകൊണ്ട് ചട്ടങ്ങൾ രൂപപ്പെടുത്തുന്ന (Multidimensional) സമീപനമാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. മുപ്പതോളം സർവ്വീസ് സംഘടനകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംഘടനകളുമായും ഒറ്റയ്ക്കൊറ്റയ്ക്കായി നടന്ന ചർച്ചയിലൂടെ മനസ്സിലാക്കിയ പൊതുവായതും സവിശേഷമായതുമായ പ്രശ്നങ്ങൾ, സംഘടനകൾ മുന്നോട്ടു വച്ച വ്യത്യസ്തങ്ങളായ നിർദ്ദേശങ്ങൾ എന്നിവ സമഗ്ര വിശകലനത്തിന്റെ ഒരു പ്രധാനഭാഗമാണ്. ഇതു കൂടാതെ താഴെപ്പറയുന്ന നാല് തലങ്ങളിലാണ് സൂക്ഷ്മ വിശകലനങ്ങൾ നടത്തിയിട്ടുള്ളത്.

1) അഞ്ചു വകുപ്പുകൾക്ക് ബാധകമായ നിലവിലുള്ള സ്പെഷ്യൽ റൂളുകൾ; സർവ്വീസുമായി ബന്ധപ്പെട്ട് സർക്കാർ പലപ്പോഴായി ഇറക്കിയ ഉത്തരവുകൾ; നിയമതർക്കങ്ങൾ സംബന്ധിച്ച രേഖകൾ.

2) ബന്ധപ്പെട്ട വകുപ്പുകൾ നിശ്ചിത മാതൃകയിൽ നല്കിയ ജീവനക്കാരെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകളും ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടടക്കമുള്ള മറ്റ് ഔദ്യോഗിക റിപ്പോർട്ടുകളിൽ നിന്നും ലഭ്യമായ വിവരങ്ങളും.

3) അഞ്ചു വകുപ്പുകളുടെ വ്യത്യസ്ത തലങ്ങളിലുള്ള ഓഫീസുകൾ നിലവിൽ നിർവ്വഹിക്കുന്ന ചുമതലകൾ.

4) 73 ഉം 74 ഉം ഭരണഘടന ഭേദഗതിയിലെ 11, 12 ഉം ഷെഡ്യൂളുകളും സംസ്ഥാന പഞ്ചായത്ത്/മുൻസിപ്പൽ നിയമത്തിൽ പരാമർശിച്ചിട്ടുള്ള ഷെഡ്യൂളുകളും അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിക്കേണ്ട ചുമതലകൾ.

ഇതിനുപുറമെ ദേശീയ-സംസ്ഥാന തലത്തിലുള്ള മുൻ കമ്മീഷൻ റിപ്പോർട്ടുകളിലെ പ്രസക്തമായ ഭാഗങ്ങൾ, സ്റ്റാഫിംഗ്-ഫംഗ്ഷൻ തുടങ്ങിയവ സംബന്ധിച്ച് കേന്ദ്ര - സംസ്ഥാന സർക്കാർ കമ്മീഷൻ നടത്തിയ പഠനങ്ങൾ മുതലായവയും ഏകീകൃത വകുപ്പിനെ സംബന്ധിച്ച കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് സഹായകരമായിരുന്നു. കൂടാതെ പ്രാദേശിക ഗവൺമെന്റ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട ആഗോള അനുഭവങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ ഡോക്യുമെന്റേഷൻ റിപ്പോർട്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിവരുന്നു.

കരട് ചട്ടങ്ങളും പൊതുചർച്ചയും

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് പ്രസിദ്ധീകരിച്ച കരട് ചട്ടങ്ങളുടെ മേൽ വിശദമായ ചർച്ചകൾ, പ്രത്യേകിച്ചു ജീവനക്കാർ നടത്തിവരുന്നുണ്ട്. തങ്ങളുടെതായ രീതിയിൽ പ്രസക്തമായ കാര്യങ്ങൾ സംഘടനകൾ വഴിയും അല്ലാതെയും ജീവനക്കാർ സമർപ്പിച്ചിട്ടുമുണ്ട്. ഉയർന്നു വരുന്ന അഭിപ്രായങ്ങളിൽ നിയമപരമായി സാധുതയുള്ളതും പൊതുസമൂഹത്തിന് സ്വീകാര്യമാവുന്നതുമായ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടു തന്നെയാണ് കരട് ചട്ടങ്ങളുടെ പരിഷ്കരിച്ച രൂപം തുടർപ്രവർത്തനങ്ങൾക്കായി ഗവൺമെന്റിലേക്ക് സമർപ്പിക്കുന്നത്.

ഏകീകൃത സർവ്വീസുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന അഭിപ്രായങ്ങളിൽ പ്രധാനമായിട്ടുള്ളത് പഞ്ചായത്ത് വകുപ്പിലെ ക്ലറിക്കൽ ജീവനക്കാരുടെ പ്രമോഷൻ സാധ്യതകളുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതാകട്ടെ പരിഹരിക്കാൻ കഴിയുന്നതുമാണ്. എന്നാൽ മറ്റഭിപ്രായങ്ങളിൽ മിക്കതും വകുപ്പടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെട്ട സാധ്യതകൾ തുറന്നുകിട്ടാൻ വേണ്ടിയുള്ള നിർദ്ദേശങ്ങളാണ്. പൊതു സമൂഹത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മാത്രമെ ഇത്തരം നിർദ്ദേശങ്ങളെ ആർക്കും സമീപിക്കാൻ കഴിയുകയുള്ളൂ. മറ്റു ചില അഭിപ്രായങ്ങളാകട്ടെ കരട് ചട്ടങ്ങളുടെ പരിധിയിൽപ്പെടാത്തതും ഭരണപരമായ നടപടികളിലൂടെ മാത്രം നടത്തേണ്ടതോ അല്ലെങ്കിൽ ശമ്പള പരിഷ്കരണ കമ്മീഷൻ പരിഗണിക്കേണ്ടതോ ആയ വിഷയങ്ങളാണ്. ഇത്തരം കാര്യങ്ങൾ ഒരു രീതിയിലും പരിഗണിക്കാൻ കഴിയുന്നതല്ല.

ഇതു കൂടാതെ വസ്തുതാ വിരുദ്ധമായ പ്രചരണങ്ങളും നടക്കുന്നുണ്ട്. പഞ്ചായത്തുകൾ മുഴുവൻ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരാൻ പോകുന്നു എന്ന ആരോപണമാണ് ഒന്ന്. ത്രിതല പഞ്ചായത്തുകൾ തമ്മിൽ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഭരണഘടനാപരമായും നിലവിലെ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കാര്യങ്ങളും അറിയാവുന്നവർക്ക് ഈ പ്രചരണം ഉദ്ദേശ്യശുദ്ധിയില്ലാത്തതാണെന്ന് മനസ്സിലാവും. പഞ്ചായത്ത് സെക്രട്ടറിമാർ കരട് ചട്ടങ്ങൾ അനുസരിച്ച് ഇനിമേൽ പ്രമോഷൻ ലഭിക്കാതെ പിരിഞ്ഞുപോകേണ്ടി വരുമെന്നും പഞ്ചായത്ത് വകുപ്പിലുള്ള സെക്രട്ടറിമാർ മുഴുവനും ഗ്രാമവികസന വകുപ്പിലുള്ള ബ്ലോക്ക് സെക്രട്ടറിമാരുടെ കീഴിൽ ജീവിതകാലം മുഴുവൻ ജോലിയെടുക്കേണ്ടി വരുമെന്നുമുള്ളതാണ് രണ്ടാമത്തെ പ്രചരണം. ഇതു പൂർണ്ണമായും തെറ്റാണെന്ന് മാത്രമല്ല നിലവിൽ ശമ്പള തുല്യതയുള്ളവർക്ക് ഏകീകൃത വകുപ്പിൽ പരസ്പരം മാറിയിരിക്കാനുള്ള സാധ്യതയാണ് ഏകീകരണത്തോടെ വരുന്നെന്നുള്ളതാണ് യാഥാർത്ഥ്യം. നിലനിൽക്കുന്ന വകുപ്പ് സങ്കുചിതത്വബോധം

ഇതു കൂടാതെ വസ്തുതാ വിരുദ്ധമായ പ്രചരണങ്ങളും നടക്കുന്നുണ്ട്. പഞ്ചായത്തുകൾ മുഴുവൻ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരാൻ പോകുന്നു എന്ന ആരോപണമാണ് ഒന്ന്. ത്രിതല പഞ്ചായത്തുകൾ തമ്മിൽ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഭരണഘടനാപരമായും നിലവിലെ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കാര്യങ്ങളും അറിയാവുന്നവർക്ക് ഈ പ്രചരണം ഉദ്ദേശ്യശുദ്ധിയില്ലാത്തതാണെന്ന് മനസ്സിലാവും.

മറികടന്ന കൊണ്ട് മാത്രമെ പദ്ധതി പ്രവർത്ത നങ്ങളും വികസന പദ്ധതികളും ഏകോപിതമാ യി നടത്തുന്നതിന സുസ്സജ്ജമായ ഒരു സംവിധാ നമായി ഏകീകൃത വകുപ്പ് മാറുകയുള്ളൂ. കൂട്ടായ്മയുടെ പുതിയ ബോധത്തിലേക്ക് ജീവന ക്കാർ മാറുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാ പനങ്ങൾക്കകത്തും ത്രിതല പഞ്ചായത്തുകൾ ക്കിടയിലും ഏകോപനത്തിന്റെ പുതിയ അന്ത രീക്ഷം രൂപപ്പെടും. വലിയതോതിലുള്ള മാറ്റ ങ്ങൾ പുതിയതരം പൊരുത്തപ്പെടലുകൾക്ക് വിധേയമാവാൻ ബന്ധപ്പെട്ട എല്ലാവരെയും നിർ ബന്ധിതരാക്കുന്നു. ഒരു സ്വാഭാവിക പ്രക്രിയയാ ണിത്. ബന്ധപ്പെട്ട എല്ലാവരെയും പൂർണ്ണ വിശ്വാ സത്തിലെടുത്തും ബോധ്യപ്പെടുത്തിയും ഓരോ ചെറിയ പരാതിക്കും കാതുകൊടുത്തും മാത്രമെ വലിയ മാറ്റങ്ങളെ പ്രയോഗക്ഷമമാക്കാൻ പറ്റുക യുള്ളൂ.

കാഴ്ചപ്പാടും നേട്ടങ്ങളും

കരട് ചട്ടങ്ങൾ അനുസരിച്ച് നിലവിലുള്ള ഒരു ജീവനക്കാരനും ജോലി നഷ്ടമോ ശമ്പളകു റവോ വരുന്നില്ല. നിലവിൽ പൊതു പൂളിൽ നിന്നും വരുന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറി പദവി ഏകീകൃത എൽ.എസ്.ജി.ഡി യുടെ പോ സ്റ്റായി മാറുന്നു. പുതിയതായ 14 ജില്ലാ ഏകീകൃത എൽ.എസ്.ജി.ഡി മേധാവിയുടെ പോസ്റ്റുകൾ വകുപ്പിനകത്തു തന്നെ കിട്ടുന്നു. പഞ്ചായത്ത് സെക്രട്ടറിമാർക്ക് പുതിയതായി ബ്ലോക്ക് സെ ക്രട്ടറി മുൻസിപ്പൽ സെക്രട്ടറി പദവികൾ തുറന്നു വരുന്നതടക്കം ഏകീകരണം മൂലം ഒട്ടേറെ പുതിയ അവസരങ്ങൾ ജീവനക്കാർക്ക് ലഭിക്കു ന്നു. ജീവനക്കാർക്ക് സഹായകരമാവുന്ന ഒറ്റ നോട്ടത്തിൽ തന്നെ കാണാവുന്ന കാര്യങ്ങളാണ് ഇപ്പറഞ്ഞത്. പൊതു സമൂഹത്തെ സംബന്ധിച്ചി ടത്തോളം താഴെപ്പറയുന്ന കാര്യങ്ങൾ ഏകീകൃത വകുപ്പിലൂടെ ലക്ഷ്യം വയ്ക്കുന്നു.

- പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭ രണ സ്ഥാപന പ്രതിനിധികളുടെയും ഉദ്യോഗ സ്ഥരുടെയും സന്തുലിതമായ ബലാബലത്തിൽ വികേന്ദ്രീകരണ പ്രസ്ഥാനത്തെ ഉറപ്പിച്ചു നിർ ത്താനുതകുന്ന ഒരു ഭരണ നിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്.
- സംസ്ഥാന ഭരണ-ഉദ്യോഗസ്ഥ തലങ്ങ ളിൽ അധികാരം കേന്ദ്രീകരിക്കപ്പെടാതെ ജില്ലാ ആസൂത്രണ സമിതിയുമായി ബന്ധപ്പെടുത്തി ജില്ലാ ഘടകങ്ങൾക്ക് പരമാവധി അധികാരം ജനകേന്ദ്രീകൃതമായി ഉപയോഗപ്പെടുത്താവുന്ന വിധത്തിലാണ് ഏകീകൃത വകുപ്പിനെ രൂപക ല്പന ചെയ്തിരിക്കുന്നത്. ഇതുകൊണ്ടാണ് ഉയർന്ന ഉദ്യോഗസ്ഥരുടെ കോർഡിനേറ്റിംഗ് റോളുകൾ പേരിൽ തന്നെ ചേർത്തിരിക്കുന്നത്.
- ഒരു ജില്ലയ്ക്കകത്തെ ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ ഏറ്റവും പ്രധാന ഘടകങ്ങളായ ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും തമ്മിൽ നിലവിൽ ഏകോപനമില്ലെന്നു മാത്രമല്ല പലപ്പോ ഴും വിരുദ്ധ ദിശയിലാണ് സഞ്ചരിക്കുന്നത്. തെര ഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്കിടയിലും പ്ര വർത്തനങ്ങളുടെ കാര്യത്തിൽ യോജിപ്പില്ല. ഏകോപനം ആവശ്യമായ പല പദ്ധതികളുടെയും ഗുണനിലവാരത്തെ ഈ യോജിപ്പില്ലായ്മ സാരമായി ബാധിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയാ ണ് എടുത്തു പറയാവുന്ന ഉദാഹരണം. ഗ്രാമ പഞ്ചാ യത്തുകൾ പഞ്ചായത്തു വകുപ്പുമായും ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമവികസന വകുപ്പുമായും താദാത്മ്യപ്പെട്ടു കിടക്കുന്നതും നേരത്തെ സൂചിപ്പി ച്ചതുപോലെ നിലനിൽക്കുന്ന സങ്കുചിത വകുപ്പു ബോധവുമാണ് യോജിപ്പില്ലായ്മയുടെ പ്രധാന കാരണം. ത്രിതല പഞ്ചായത്തുകളുടെ നേതൃപദവി യുള്ള ജില്ലാ പഞ്ചായത്താകട്ടെ ഉയർന്നതലത്തിൽ തനിയെ നിൽക്കുന്നു. ഡി.പി.സി യ്ക്കകത്ത് നിയമപര മായുള്ള ഈ പദവി ജില്ലയ്ക്കകത്തെ എല്ലാ തലങ്ങ ളെയും കൂട്ടിയോജിപ്പിക്കുന്നതിനുള്ളതാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ഈ വിടവു കൾ പരമാവധി കുറച്ചുകൊണ്ടു വരും. പുറമെ, ഏകോപിച്ചുള്ള പുതിയ പ്രവർത്തനശൈലി രൂപ പ്പെടുത്തുന്നതിനും ഏകീകരണം സഹായിക്കുന്നു.
- ബ്ലോക്ക് പഞ്ചായത്തുതലങ്ങളിൽ ഏകീകൃത വകുപ്പിലൂടെ രൂപപ്പെടുന്ന ഏകോപനം ജില്ലാതല - പ്രാദേശിക ആസൂത്രണ പ്രക്രിയയു ടെയും പദ്ധതി പ്രവർത്തനങ്ങളുടെയും ഗുണനില വാരം ഉയർത്തുന്നതിനു സഹായകരമാവും. വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള ഏകീകൃത വകുപ്പി ന്റെ ബ്ലോക്കുതല മേൽത്തട്ട് ഘടകം ഗ്രാമപഞ്ചാ യത്തുകളുടെ ഒരു കൂട്ടായ്മ ബ്ലോക്കടിസ്ഥാനത്തിൽ രൂപപ്പെടുത്താൻ സഹായിക്കും.
- നിലവിൽ സംസ്ഥാന ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന ടൗൺ പ്ലാനിങ്ങ് വകുപ്പിന്റെ വൈദഗ്ധ്യം ഏകീകൃത വകുപ്പിന്റെ ഉയർന്ന ശമ്പള സ്കെയിലിലുള്ള ജില്ലാ മേധാവിയുടെ കീഴിൽ അതത് ജില്ലകളിൽ ആവശ്യമായ സ്ഥ ലങ്ങളിൽ എത്തിച്ചുകൊടുക്കുവാൻ പറ്റുന്നു.
- മാലിന്യ സംസ്കരണം, പ്രത്യേകിച്ചു നഗ രങ്ങളിൽ, ഫലപ്രദമായി നടത്തുന്നതിന് ഏകീകൃത വകുപ്പിനകത്തെ പ്രത്യേക വിങ്ങായ പബ്ളിക് ഹെൽത്ത് ആന്റ് എൺവയൺമെന്റ് മാനേജ്മെന്റിന് കീഴിലുള്ള പബ്ളിക് ഹെൽത്ത് ടീമിന്റെയും പുതിയ എൻവയൺമെന്റ് മാനേജർ മാരുടെ കീഴിലുള്ള ക്ലീൻസിറ്റി മാനേജർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ എന്നീ വ്യത്യസ്ത വിഭാഗങ്ങളുടെ ഏകോപിച്ച പ്രവർത്തനത്തി

കരട് ചട്ടങ്ങൾ അനു സരിച്ച് നിലവിലുള്ള ഒരു ജീവനക്കാരനും ജോലി നഷ്ടമോ ശമ്പളകുറവോ വരുന്നില്ല. നിലവിൽ പൊതു പൂളിൽ നിന്നും വരുന്ന ജില്ലാ പഞ്ചാ യത്ത് സെക്രട്ടറി പദവി ഏകീകൃത എൽ.എസ്. ജി.ഡി യുടെ പോസ്റ്റായി മാറുന്നു. പുതിയതായ 14 ജില്ലാ ഏകീകൃത എൽ.എസ്.ജി.ഡി മേധാവിയുടെ പോസ്റ്റു കൾ വകുപ്പിനകത്തു തന്നെ കിട്ടുന്നു.

ലൂടെയും കൂടുതൽ ഫലപ്രദമായിത്തീരുന്നു.

- ഏകീകൃത വകുപ്പിനു കീഴിൽ ബ്ലോക്കുകളും പഞ്ചായത്തുകളും സഹകരിച്ചുണ്ടാവുന്ന പ്രാദേശിക പദ്ധതികൾ ഇപ്പോൾ തുടങ്ങിയിട്ടുള്ള ജില്ലാ പദ്ധതി പ്രവർത്തനങ്ങളെ കൂടുതൽ അർത്ഥപൂർണ്ണമാക്കും. ജില്ലാ ആസൂത്രണ സമിതിയും ജില്ലയ്ക്കകത്തെ ആസൂത്രണ പ്രക്രിയയും ശക്തിപ്പെടാൻ ഏകോപിതമായ ഒരു വകുപ്പു സംവിധാനം ഇങ്ങനെ സഹായകമാകുന്നു.
- നിലവിലുള്ള ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, നഗരകാര്യവകുപ്പ്/കോമൺസർവ്വീസ് എന്നിവയിൽ നിന്ന് ജീവനക്കാരെ പൂർണ്ണമായും പരസ്പരം മാറ്റാൻ കഴിയുന്നതോടെ സങ്കുചിതമായ വകുപ്പ് വിഭജനത്തിനപ്പുറത്ത് സുതാര്യതയിലൂടെ ജീവനക്കാർക്ക് പ്രവർത്തിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം ഉണ്ടാകുന്നു.
- ഏകീകൃത വകുപ്പിനകത്തെ എംപവർമെന്റ് വിങ്ങാവട്ടെ ബ്ലോക്കുതലം മുതൽ സ്റ്റേറ്റ് വരെയുള്ള പ്രത്യേക ഓഫീസർമാരുടെ (എംപവർമെന്റ് ഓഫീസർമാർ) ഏകോപിത പ്രവർത്തനത്തിലൂടെ വകുപ്പിനകത്തും പുറത്തുമുള്ള ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെ പ്രത്യേക പ്രശ്നങ്ങൾ വകുപ്പിനകത്തുകൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും പരിഹരിക്കുന്നതിനുള്ള അന്തരീക്ഷമുണ്ടാക്കുന്നു. സ്ത്രീകൾ, എസ്.സി, എസ്.റ്റി വിഭാഗങ്ങൾ തുടങ്ങിയവർക്കിടയിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ടവരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങളും അതുപോലെ പൊതുസാമൂഹിക പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ വകുപ്പുതല സംവിധാനം ഉപയോഗപ്പെടുന്നു.

കാഴ്ചപ്പാട്

വകുപ്പ് ഏകീകരണം ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിലൂടെ മാത്രം പൂർത്തിയാകുന്ന ഒന്നല്ല. ചട്ടരൂപീകരണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു പ്രസിദ്ധീകരിക്കുക (Notification) എന്ന ഏറ്റവും പ്രധാന ഔദ്യോഗിക നിയമഘട്ടവും പൂർത്തിയാക്കിയ ശേഷം പുതിയ കാഴ്ചപ്പാടനുസരിച്ചു പുതിയ സംവിധാനമായി ഏകീകൃത വകുപ്പിനെ പുതുക്കിപണിയുന്നതിലൂടെ മാത്രമേ ഈ പ്രവർത്തനം അവസാനിക്കുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ട ഒരു പുതിയ ഓഫീസ് പ്രവർത്തന സഹായിയും പുതിയ പരിശീലനനയവും പരിപാടിയും സമയബന്ധിതമായി നിലവിൽ വരേണ്ടതുണ്ട്.

കേരളത്തിൽ എന്നല്ല ഏതൊരിടത്തുമുള്ള ഭരണ നിർവ്വഹണ സംവിധാനവും നിലനിൽക്കുന്നത് അതാതിടങ്ങളിലെ ചരിത്ര പശ്ചാത്തലത്തിലാണ്. കേരളത്തിൽ തന്നെയുള്ള ഓരോ (ലൈൻ) വകുപ്പിനും അതിന്റേതായ ചരിത്രമുണ്ട്. അതിന്റേതായ പ്രവർത്തനരീതിയും സംസ്കാരവുമുണ്ട്. പൂർണ രൂപത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം നിലവിൽ വന്നിട്ടുള്ള കേരളത്തിൽ സാമ്പ്രദായിക അർത്ഥത്തിലുള്ള ഒരു 'ചെയിൻ ഓഫ് കമാൻഡ്' രീതിയിൽ മാത്രം സജ്ജമാക്കിയിട്ടുള്ള ഒരു ഭരണ നിർവഹണ ശ്രേണിയിലൂന്നിയുള്ള ലൈൻ വകുപ്പുകളുടെ പ്രവർത്തനരീതി മതിയാകില്ല. സേവനങ്ങൾ നൽകലും വികസന പ്രവർത്തനങ്ങൾ നടത്തലും മുഖ്യ ചുമതലയിലുള്ള പ്രാദേശിക ഭരണ സംവിധാനങ്ങൾക്കും അതിന്റെ നേതൃത്വത്തിനും ആവശ്യാനുസരണം സഹായമെത്തിക്കുന്നതിനുള്ള ചുമതലയും ഇത്തരം എല്ലാ പ്രവർത്തനങ്ങളും എല്ലാ തലത്തിലും ഏകോപിപ്പിക്കുന്നതിനുള്ള ചുമതലയും തദ്ദേശസ്വയംഭരണ വകുപ്പിലാണ്. ഇതനുസരിച്ചുള്ള ഒരു പ്രവർത്തന സംസ്കാരവും രൂപീകരിക്കേണ്ടതുണ്ട്. നിലവിലുള്ള ലൈൻ വകുപ്പുഘടനയിൽ നിന്നുള്ള മാറ്റം സ്വാഭാവികമായി ഇതിന്റെ പ്രവർത്തന സ്വഭാവത്തെയും നിർണയിക്കുന്നതായി മാറും. പുതിയ ഓഫീസ് പ്രവർത്തനസഹായിയും പരിശീലന നയവും ഈ ദിശയിലുള്ളതായിരിക്കേണ്ടതുണ്ട്.

ഇത്തരത്തിൽ പുതിയൊരു പ്രാദേശിക ഭരണ നിർവ്വഹണ സംസ്കാരം രൂപപ്പെടുത്തുന്നതിനനുയോജ്യമാവണം തദ്ദേശഭരണ വകുപ്പെന്നുള്ള കാഴ്ചപ്പാടോടെയാണ് വിട്ടുകൊടുക്കേണ്ട ജീവനക്കാരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സെൻ കമ്മിറ്റിയും ജില്ലയ്ക്ക് മാത്രമായോ സംസ്ഥാനത്തിനാകെതന്നെയോ ഒരു ലോക്കൽ ഗവൺമെന്റ് സർവ്വീസ് രൂപീകരിക്കാമെന്ന് കേരള പഞ്ചായത്ത് രാജ് നിയമവും പഞ്ചായത്ത് കേഡർ നിലവിൽ വരേണ്ടത് സംബന്ധിച്ച് 2013 ൽ മണിശങ്കർ അയ്യർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടും പരാമർശിച്ചിട്ടുള്ളത്. പൂർണ്ണമായും വികസന, സേവന പ്രവർത്തനങ്ങളിൽ ഊന്നിയുള്ള ഒരു പ്രാദേശിക ഭരണ നിർവ്വഹണ സംവിധാനം വികസിത ജനാധിപത്യസമൂഹങ്ങളിൽ പുതുമയുള്ള ഒന്നല്ല. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ അഞ്ചു വകുപ്പുകളെ യാന്ത്രികമായി കൂട്ടികെട്ടുന്നതിനപ്പുറത്ത് ഭരണഘടന ഭേദഗതികളുടെയും വികേന്ദ്രീകരണ പ്രസ്ഥാനത്തിന്റെയും ലക്ഷ്യ സാക്ഷാത്കരണത്തിലെത്തുന്ന വിധം ഓരോ ജില്ലയ്ക്കകത്തും ത്രിതലപഞ്ചായത്തുകളും നഗരസഭകളും ജില്ലാ ആസൂത്രണ സമിതിയും അടങ്ങുന്ന പ്രാദേശിക ഭരണവ്യവസ്ഥയുടെ സമഗ്രമായ ഏകോപനം സാധ്യമാവുന്ന ഒരു ഘട്ടത്തിലേക്കാണ് സർവ്വീസ് ഏകീകരണത്തിലൂടെ നാം എത്തിച്ചേരുന്നത്. ഈ അർത്ഥത്തിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് സുശക്തമായ ഏകോപിത സംവിധാനം നിലവിൽ വരുത്തുന്നതിനു സർക്കാർ എടുത്തിട്ടുള്ള തീരുമാനം ഇന്ത്യാ രാജ്യത്തിനകത്തു തന്നെ മാതൃകയായി മാറുന്ന കേരളത്തിന്റെ മറ്റൊരു മുൻകൈ പ്രവർത്തനമായിരിക്കും.

ഒരു ജില്ലയ്ക്കകത്തെ ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ ഏറ്റവും പ്രധാന ഘടകങ്ങളായ ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും തമ്മിൽ നിലവിൽ ഏകോപനമില്ലെന്നു മാത്രമല്ല പലപ്പോഴും വിരുദ്ധ ദിശയിലാണ് സഞ്ചരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്കിടയിലും പ്രവർത്തനങ്ങളുടെ കാര്യത്തിൽ യോജിപ്പില്ല. ഏകോപനം ആവശ്യമായ പല പദ്ധതികളുടെയും ഗുണനിലവാരത്തെ ഈ യോജിപ്പില്ലായ്മ സാരമായി ബാധിക്കുന്നു.

ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് :
എന്ത്? എന്തിന്?

ഡോ.എൻ. രമാകാന്തൻ

അധികാരവികേന്ദ്രീകരണവും പ്രാദേശികാസൂത്രണവും ഫലപ്രദമായി നടപ്പാക്കുന്നതിന് കേരളം നല്കിയ സംഭാവന രാജ്യത്തിനും മറ്റ് മൂന്നാം ലോകരാജ്യങ്ങൾക്കും ഇതിനകം മാതൃകയായി മാറിയിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ സിദ്ധാന്തവും പ്രയോഗവും വികേന്ദ്രീകൃതാസൂത്രണത്തിനുള്ള കഴിവ് വളർത്തിയെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുണ്ടായി.

പ്രാദേശികാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച വിസ്മയകരമായ നേട്ടങ്ങൾ ഭരണപരമായ ഒട്ടേറെ പരിമിതികളെ നേരിട്ടുകൊണ്ടായിരുന്നു. അധികാരവികേന്ദ്രീകരണത്തിന് അത്യന്താപേക്ഷിതമായും ഉണ്ടാകേണ്ട ഭരണപരമായ വികേന്ദ്രീകരണവും പ്രാദേശിക പൊതുഭരണ സംവിധാനവും വേണ്ടവിധത്തിൽ രൂപപ്പെടുത്തുന്നതിനു കഴിഞ്ഞ രണ്ട് പതിറ്റാണ്ടായിട്ടും നമുക്ക് കഴിഞ്ഞിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനു പൊതുസർവ്വീസ് ചട്ടങ്ങൾ

യഥാർത്ഥ പ്രാദേശിക ഗവണ്മെന്റുകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറുന്നതിന് വേണ്ടത് എല്ലാ വികസനമേഖലകളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനം ഉൾപ്പെട്ട ഒരു പൊതു ലോക്കൽ ഗവണ്മെന്റ് സർവ്വീസ് രൂപീകരിക്കുക എന്നതാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള വിഭവശേഷിയും സാമ്പത്തിക ഭദ്രതയും അത്തരമൊരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് അനുയോജ്യമല്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, തദ്ദേശ സ്വയംഭരണ പൊതുമരാമത്ത് വിഭാഗം, നഗര - ഗ്രാമാസൂത്രണം എന്നീ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പൊതുസർവ്വീസ് രൂപീകരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ തീരുമാനമെടുത്തത്. . അതിന്റെ തുടർച്ചയായാണ് പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതിനുള്ള ചുമതല ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ഏല്പിച്ചുകൊണ്ട് ഉത്തരവായത്.

ഏകീകൃത നയരൂപീകരണത്തിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്

വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപിതമായ പ്രവർത്തനം

അധികാരവികേന്ദ്രീകരണത്തിന് അത്യന്താപേക്ഷിതമായും ഉണ്ടാകേണ്ട ഭരണപരമായ വികേന്ദ്രീകരണവും പ്രാദേശിക പൊതുഭരണ സംവിധാനവും വേണ്ടവിധത്തിൽ രൂപപ്പെടുത്തുന്നതിനു കഴിഞ്ഞ രണ്ട് പതിറ്റാണ്ടായിട്ടും നമുക്ക് കഴിഞ്ഞിരുന്നില്ല.

ഉറപ്പാക്കേണ്ടത് അധികാരവികേന്ദ്രീകരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ജനങ്ങളുമായി ദൈനംദിനം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യചുമതലകളും സേവന പ്രദാന പ്രവർത്തനങ്ങളും സമാനമാണ്. മാത്രവുമല്ല, വിവിധ തട്ടുകളിലുള്ള സ്ഥാപനങ്ങൾ സംയോജിതമായും പരസ്പര ബന്ധിതമായും നിർവ്വഹിക്കേണ്ട നിരവധി വികസന പരിപാടികൾ പ്രാദേശിക വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഏറ്റെടുക്കേണ്ടതുണ്ട്. പ്രാദേശികാസൂത്രണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് വികസനത്തിലെ മുന് -പിൻ ബന്ധങ്ങൾ ഉറപ്പാക്കിയേ മതിയാവൂ. ഇതിന് കഴിയണമെങ്കിൽ ഏകീകൃതമായ നയസമീപനം രൂപപ്പെടുത്തുന്ന തിനും കഴിയേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിൽ നേരിട്ട ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്ന് പ്രാദേശിക ഭരണനിർവ്വഹണത്തിലും വികസനപരിപാടികളുടെ നിർവ്വഹണത്തിലും നിലനിന്നിരുന്ന ഏകോപനമില്ലായ്മയായിരുന്നു. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ചുമതല രണ്ടും മൂന്നും മന്ത്രിമാരിൽ നിക്ഷിപ്തമാവുകയും അവർ മുന്നണിയിലെ വിവിധ കക്ഷികളിൽപ്പെട്ടവരും ആകുമ്പോൾ സംഭവിക്കുന്ന സ്വാഭാവികമായ വൈരുദ്ധ്യങ്ങൾ ഏകീകൃത നയരൂപീകരണത്തിനും സംയോജിത പ്രവർത്തന ങ്ങൾക്കും പ്രായോഗികമായി ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ സംയോജിതമായി നടപ്പാക്കേണ്ട നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ വകുപ്പിന്റെ ഏകോപനമില്ലായ്മമൂലം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കു ന്നതിന് കഴിയാതെ പോയി. ഇത്തരം പ്രശ്നങ്ങൾ മുകൾത്തട്ടിൽ എന്നതുപോലെ തന്നെ പ്രാദേശിക തലത്തിലും നേരിടുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രാദേശികവികസന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരിലും മേൽനോട്ട ചുമതല ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരിലും നിക്ഷിപ്തമാകുമ്പോൾ സംഭവിക്കുന്ന സ്വാഭാവികമായ സംഘർഷങ്ങളും വൈരുദ്ധ്യങ്ങളും പദ്ധതിയുടെതന്നെ ഫലപ്രദമായ നടത്തിപ്പിനെയും സംസ്ഥാനത്തിന് അർഹമായ വിഹിതം പ്രയോജനപ്പെടുത്തു ന്നതിനെയും ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഏകീകൃതമായ തദ്ദേശസ്വയംഭരണ വകുപ്പും ഏകീകൃതമായ നയപരമായ നേതൃത്വത്തിന്റെയും അനിവാര്യതയാണ് ഇത് വ്യക്തമാക്കുന്നത്.

കുറയുന്ന ഗ്രാമ – നഗര വ്യത്യാസവും ഏകീകൃത വകുപ്പിന്റെ രൂപീകരണവും

കേരളത്തിലെ ഗ്രാമ-നഗര അന്തരം അതിവേഗം കുറഞ്ഞുവരികയാണ്. ഭൂരിഭാഗം കേരളീയരും ജീവിക്കുന്നത് നഗരസഭകളിലോ നഗരവത്കൃത പ്രദേശങ്ങളിലോ ആണ്. സാങ്കേതികമായി നഗരസഭകളായി മാറിയിട്ടില്ലെങ്കിലും ഭൂരിപക്ഷം പ്രദേശങ്ങളും നഗരവത്കരണത്തിന് വിധേയമായി കഴിഞ്ഞു. വർദ്ധിച്ചുവരുന്ന നഗരവത്കരണത്തിന്റെ ഗതിവേഗം ഭാവിയിൽ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം വലിയതോതിൽ കുറയുന്നതിനും നഗരസഭകളുടെ എണ്ണം വർദ്ധിക്കുന്നതിനും ഇടയാക്കുമെന്നുറപ്പാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തു കളുടെയും നഗരസഭകളുടെയും പൊതുഭരണസംവിധാനത്തിൽ ഏകീകരണം അത്യന്താപേക്ഷിതമാണ്. നഗരസഭകളായി ഉയർത്തപ്പെടുന്ന ഗ്രാമപഞ്ചാത്തുകളിലെ ജീവനക്കാരെ പഞ്ചായത്തുകളിൽ നിലനിർത്തിക്കൊണ്ട് പുതുതായി രൂപീകരിക്കുന്ന നഗരസഭകളിലേക്ക് അധിക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുക അപ്രായോഗികമാണ്. പഞ്ചായത്തുകളിലെയും നഗരസഭകളിലെയും പൊതുഭരണ സംവിധാനത്തിന്റെ സംയോജനം അതുകൊണ്ട് തന്നെ അനിവാര്യമാണ്.

പ്രൊഫഷണൽ – സാങ്കേതിക വൈദഗ്ധ്യം എല്ലാ തട്ടുകളിലും

വിവിധ തട്ടുകളിലുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് തങ്ങളിൽ നിഷിപ്തമായ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസംവിധാനത്തോട് ഉത്തരവാദിത്തപ്പെട്ട് പ്രവർത്തിക്കുന്ന സംവിധാനം അത്യന്താപേക്ഷിതമാണ്. എന്നാൽ വികേന്ദ്രീകരിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് പര്യാപ്തമായ ഉദ്യോഗസ്ഥരെ പ്രത്യേകിച്ച് സാങ്കേതിക പ്രൊഫഷണൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ വിവിധ തട്ടുകളിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനും കഴിഞ്ഞിരുന്നില്ല. ഇതിനകം രൂപീകരിക്കപ്പെട്ട എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വകുപ്പിലെ സാങ്കേതികവിദഗ്ധരായ ഉദ്യോഗസ്ഥർക്ക് ജൈവപരമായി പ്രാദേശിക ഭരണ സ്ഥാപനങ്ങളോടും അവിടുത്തെ ഭരണസംവിധാനത്തോടും ചേരുന്നതിന് കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വകുപ്പിന്റെ അസ്തിത്വം നിലനിർത്തിക്കൊണ്ട് വകുപ്പ് മേധാവിയുടെ ഭരണപരമായ മേൽനോട്ടത്തിനപ്പുറം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിലുകളോട് ഉത്തരവാദിത്തപ്പെട്ട് പ്രവർത്തിക്കാൻ കഴിയാത്ത സമീപനമാണ് ഇത്തരം ഉദ്യോഗസ്ഥർ പുലർത്തിപ്പോന്നിരുന്നത്.

> കേരളത്തിലെ ഗ്രാമ -നഗര അന്തരം അതിവേഗം കുറഞ്ഞുവരികയാണ്. വർദ്ധിച്ചുവരുന്ന നഗരവത്കരണത്തിന്റെ ഗതിവേഗം ഭാവിയിൽ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം വലിയതോതിൽ കുറയുന്നതിനും നഗരസഭകളുടെ എണ്ണം വർദ്ധിക്കുന്നതിനും ഇടയാക്കുമെന്ന് ഉറപ്പാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പൊതുഭരണ സംവിധാനത്തിൽ ഏകീകരണം അത്യന്താപേക്ഷിതമാണ്.

പ്രാദേശികാസൂത്രണത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് മുഖ്യമായ സംഭാവന നല്കേണ്ട ഒരു വിഭാഗമാണ് നഗര-ഗ്രാമാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട പ്രൊഫഷണൽ വൈദഗ്ധ്യം ആർജ്ജിച്ച ഉദ്യോഗസ്ഥർ. പ്രാദേശികാസൂത്രണത്തിലെ സ്ഥലമാന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിൽ സംഭാവന ചെയ്യുന്നതിന് ചുമതലപ്പെട്ടവരാണ് നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ. ജില്ലാ ആസൂത്രണസമിതിയുടെ സാങ്കേതിക പിന്തുണാ സംവിധാനമായി ഈ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ മാറ്റുന്നതിനു പരിശ്രമങ്ങൾ നടത്തിയെങ്കിലും ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ വേണ്ടത്ര കഴിഞ്ഞില്ല. ചുരുക്കത്തിൽ, പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്ന നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രാദേശികാസൂത്രണത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാതെ പോയത് തദ്ദേശസ്വയംഭരണ വകുപ്പുമായി ഈ വകുപ്പിലെ ഉദ്യോഗസ്ഥരെ സംയോജിപ്പിക്കാൻ കഴിയാതെ പോയതുകൊണ്ടാണ്.

ഏകീകൃത വകുപ്പിന്റെ ഭാഗമായി ഈ രണ്ട് മേഖലകളിലെയും സാങ്കേതിക - പ്രൊഫഷണൽ വൈദഗ്ധ്യമുള്ളവർ മാറുന്നതോടെ പ്രാദേശികാസൂത്രണത്തിന്റെയും പ്രാദേശിക വികസനത്തിന്റെയും ഗുണമേന്മ ഉയർത്തുന്നതിനും അതിവേഗം നഗരവത്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തിന്റെ ഭൂവിനിയോഗ ക്രമത്തിലും വിഭവാസൂത്രണത്തിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും കഴിയും എന്നത് അവിതർക്കിതമാണ്.

സംയോജിത സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഏകീകൃത വകുപ്പ്

ജനകീയാസൂത്രണം ഉയർത്തിപ്പിടിച്ച മഹത്തായ ലക്ഷ്യങ്ങളിലൊന്ന് കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് പ്രാദേശിക വികസനം സാധ്യമാക്കുക എന്നതായിരുന്നു. എന്നാൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടത്ര മുന്നോട്ടു പോകാൻ നമുക്ക് കഴിഞ്ഞില്ല. അതിന് കഴിയാതെ പോയത് സങ്കുചിത വകുപ്പ് മനോഭാവത്തിൽ നിന്നും പുറത്തു കടക്കുന്നതിനും പ്രാദേശികഭരണസ്ഥാപനങ്ങളുടെ വികസനസാധ്യതകൾ അംഗീകരിക്കുന്നതിനും കഴിയാതെ പോയതുകൊണ്ടാണ്.

കേന്ദ്രസർക്കാർ പദ്ധതികൾ എല്ലാം തന്നെ തദ്ദേശസ്ഥാപന കേന്ദ്രീകൃതമാണ്. പ്രത്യേകിച്ച് ഗ്രാമവികസനത്തിനും നഗരവികസനത്തിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ. ഈ പദ്ധതികളുടെ നേട്ടം പ്രയോജനപ്പെടുത്തു ന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളുമായി ഇവയെ സംയോജിപ്പിക്കേണ്ടതുണ്ട്. ഏകീകൃതവകുപ്പിന്റെ രൂപീകരണം കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃതപദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് പ്രാദേശിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് വലിയ തോതിൽ സഹായകമാവും. ഏകീകൃത വകുപ്പിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നതോടെ ഇത്തരം പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും സുപ്രധാനനേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

ജനാധിപത്യപരവും നീതിപൂർവവുമായ ഏകീകരണതത്വങ്ങളും സമീപനവും

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പഞ്ചായത്ത്, ഗ്രാമവികസനം, എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ അഞ്ച് വകുപ്പുകളിലെ നാല്പതിനായിരത്തോളം വരുന്നതും ഇരുന്നൂറിലധികം കേഡറുകളിൽ സേവനമനുഷ്ഠിക്കുന്നവരുമായ ഉദ്യോഗസ്ഥരെ സംയോജിപ്പിച്ച് വകുപ്പ് രൂപീകരിക്കുക എന്നത് ഏറെ ശ്രമകരമായ ദൗത്യമായിരുന്നു. അതു പോലെ തന്നെ ദുഷ്കരമായ ഒരു ശ്രമമായിരുന്നു ഇതിനാവശ്യമായ പ്രത്യേക സർവ്വീസ് ചട്ടങ്ങളുടെ കരട് തയ്യാറാക്കുക എന്നതും. സാങ്കേതിക-പ്രൊഫഷണൽ വൈദഗ്ധ്യമുള്ള എഞ്ചിനീയറിംഗ്, നഗര - ഗ്രാമാസൂത്രണ വിഭാഗങ്ങളെ പ്രത്യേകവിഭാഗങ്ങളായി നിലനിർത്തിക്കൊണ്ടും എന്നാൽ ഈ രണ്ട് വകുപ്പുകളിലെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരോടൊപ്പം ചേർത്തുകൊണ്ട് പരസ്പരം മാറ്റി നിയമിക്കാൻ കഴിയുംവിധമുള്ള ഏകീകരണമാണ് രൂപകല്പന ചെയ്തിട്ടുള്ളത്. എന്നാൽ എഞ്ചിനീയറിംഗ്, നഗര -ഗ്രാമാസൂത്രണ വകുപ്പുകളിലെ സാങ്കേതിക -പ്രൊഫഷണൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണവകുപ്പുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സംയോജിപ്പിക്കുന്നതിനും കരട് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അഞ്ച് വ്യത്യസ്ത വകുപ്പുകളിലെയും സമാന കേഡറിൽ ഉൾപ്പെട്ടതും സംയോജിച്ചതുമായ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലുള്ള ശമ്പളം, പദവി, പ്രൊമോഷൻ സാധ്യതകൾ, മറ്റ് ആനുകൂല്യങ്ങൾ എല്ലാം സംരക്ഷിച്ചു കൊണ്ടുള്ള ഏകീകരണമാണ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നത്. ഏകീകൃത വകുപ്പിന്റെ രൂപീകരണം കൊണ്ടും വിവിധ വകുപ്പുകളുടെ സംയോജനം കൊണ്ടും ജീവനക്കാരന്റെ താല്പര്യങ്ങൾ ഹനിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ ലോക്കൽ

പഞ്ചായത്ത്, ഗ്രാമവികസനം, എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ അഞ്ച് വകുപ്പുകളിലെ നാല്പതിനായിരത്തോളം വരുന്നതും ഇരുന്നൂറിലധികം കേഡറുകളിൽ സേവനമനുഷ്ഠിക്കുന്നവരുമായ ഉദ്യോഗസ്ഥരെ സംയോജിപ്പിച്ച് വകുപ്പ് രൂപീകരിക്കുക എന്നത് ഏറെ ശ്രമകരമായ ദൗത്യമായിരുന്നു.

ഗവൺമെന്റ് കമ്മീഷൻ പ്രത്യേക ശ്രദ്ധനല്കി കരട് ചട്ടങ്ങൾ തയ്യാറാക്കിയപ്പോൾ സ്വീകരിച്ചിട്ടുണ്ട്. എന്നു മാത്രവുമല്ല, ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടെ പുതുതായി നിരവധി പ്രൊമോഷൻ സാധ്യതകൾ ജീവനക്കാർക്ക് ഉറപ്പാക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിലെ എക്സിക്യൂട്ടീവ് കേഡർ തസ്തികകൾ ആനുപാതികമായി എല്ലാ വകുപ്പുകളിലെയും ജീവനക്കാർക്ക് ലഭിക്കുന്നതിനുള്ള സാധ്യതകളും കരട് ചട്ടങ്ങൾ തയ്യാറാക്കിയപ്പോൾ പരിഗണിച്ചിട്ടുണ്ട്. സമാന സ്കെയിലിൽ സേവനമനുഷ്ഠിക്കുന്നവരും സമാന യോഗ്യതകൾ ഉള്ളവരും സമാനചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നവരുമായ ഉദ്യോഗസ്ഥരെ തദ്ദേശസ്വയംഭരണ വകുപ്പിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പരസ്പരം മാറ്റി നിയമിക്കുന്നതിനും കഴിയും വിധമാണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അതനുസരിച്ച് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ ഏതെങ്കിലും ഒരു വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ /എക്സിക്യൂട്ടീവ് ചുമതലയുള്ള ജീവനക്കാരെ തുടർന്ന് അഞ്ചു വകുപ്പുകളിലെയും മിനിസ്റ്റീരിയൽ /എക്സിക്യൂട്ടീവ് ചുമതലകൾ വഹിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരായി മാറ്റി നിയമിക്കാൻ കഴിയും. ഇത്തരത്തിൽ പരസ്പരം മാറ്റി നിയമിക്കാൻ കഴിയുന്നതോടെ വിവിധ തദ്ദേശസ്ഥാപനങ്ങളിലേക്ക് കൂടുതൽ മനുഷ്യ വിഭവശേഷി ലഭ്യമാക്കുന്നതിനും ചുമതലകളും ഉത്തരവാദിത്തങ്ങളും ഏറെ നിർവഹിക്കാൻ ഇല്ലാതെയിരിക്കുന്ന ജീവനക്കാരെ കൂടുതൽ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവ്വഹിക്കാൻ ആവശ്യമായ തലങ്ങളിലേക്ക് മാറ്റിനിയമിക്കുന്നതിനും കഴിയും. ചുരുക്കത്തിൽ വകുപ്പിലിപ്പോൾ ലഭ്യമായ മാനവശേഷിയെ യുക്തിസഹമായി പുനർവിന്യസിച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ സേവനക്ഷമത ഉയർത്തുന്നതിനും ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നതിനും കഴിയുന്ന സാഹചര്യം ഏകീകൃതവകുപ്പിന്റെ രൂപീകരണത്തോടെ സൃഷ്ടിക്കാൻ കഴിയും.

ഇതുസംബന്ധിച്ച് വിശദമായ ചർച്ചകൾ ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുമായി, പ്രത്യേകിച്ച് സർവ്വീസ് സംഘടനകളുമായും ലോക്കൽ ഗവണ്മെന്റ് അസോസിയേഷനുകളുമായും നടത്തുന്നതിനും അവരുടെയെല്ലാം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുക്കുന്നതിനും ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കരട് ചട്ടങ്ങളുടെ രൂപീകരണത്തിനായി നാല്പതോളം സംഘടനകളുമായി പ്രത്യേകം സിറ്റിംഗ് കമ്മീഷൻ നടത്തിയിട്ടുണ്ട് എന്നതുതന്നെ ഏകീകൃത വകുപ്പിന്റെ രൂപീകരണത്തെ സംബന്ധിച്ച് സ്വീകരിച്ച ജനാധിപത്യപരമായ സമീപനം വ്യക്തമാക്കുന്നുണ്ട്. ഇത്തരം ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ പരിഗണനാർഹമായവ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തു ന്നതിനും കമ്മീഷൻ ശ്രദ്ധിച്ചിട്ടുണ്ട്.

ഏകീകൃത വകുപ്പ് ആർക്കുവേണ്ടി? എന്തിനുവേണ്ടി?

ഉത്തരം വളരെ ലളിതമാണ്. വകുപ്പിന്റെ ഏകീകരണം തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഉയർത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമാണ്. തദ്ദേശ സ്വയംഭരണ പൊതുഭരണ സംവിധാനം ജനങ്ങൾക്കുവേണ്ടിയാണ്. വ്യത്യസ്ത വകുപ്പുകളിലായി വേർതിരിഞ്ഞ് പ്രവർത്തിച്ച തദ്ദേശസ്വയംഭരണ വകുപ്പിന് പ്രാദേശിക ഭരണ സംവിധാനം ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് കഴിയാത്തതിന്റെ ഫലമായി നേരിടേണ്ടി വരുന്ന ഭരണപരമായ പ്രശ്നങ്ങൾ ഒട്ടേറെയാണ്. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ നിയന്ത്രണം പഞ്ചായത്ത് വകുപ്പിലും ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരുടെ നിയന്ത്രണം ഗ്രാമവികസന വകുപ്പിലും ജില്ലാപഞ്ചായത്ത് ജീവനക്കാരുടെ നിയന്ത്രണം വ്യത്യസ്തവകുപ്പുകളിലും നിലനില്ക്കുമ്പോൾ സംഭവിക്കുന്ന ഭരണപരമായ ഏകോപനമില്ലായ്മ വികസനഭരണത്തെ ദുർബലപ്പെടുത്തു ന്നതിന് ഇടയാക്കിയിട്ടുണ്ട്.. ഇതിനെല്ലാം പരിഹാരം കാണുന്നതിന് ഏകീകൃത വകുപ്പിന്റെ രൂപീകരണം സഹായമാകും എന്നത് വിമർശകർക്കുപോലും വ്യക്തമാകുന്ന വസ്തുതയാണ്.

ചുരുക്കത്തിൽ, അധികാരവികേന്ദ്രീകരണം സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ നയപരമായ കാഴ്ചപ്പാടുകൾക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വികസനഭരണത്തിന്റെ കേന്ദ്രസ്ഥാപനങ്ങളാക്കി പരിവർത്തനപ്പെടുത്താൻ ഏകീകൃത വകുപ്പിന്റെ രൂപീകരണ ത്തിലൂടെ കഴിയുമെന്നത് ഉറപ്പാണ്. അധികാര വികേന്ദ്രീകരണത്തിന്റെ രാഷ്ട്രീയ സങ്കല്പനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് സഹായകമായ പൊതു ഭരണസംവിധാനം പ്രാദേശിക തലത്തിൽ സൃഷ്ടിക്കുന്നതിനും ഏകീകൃത വകുപ്പിന്റെ രൂപീകരണത്തിലൂടെ സാധ്യമാകും. ഇതിലൂടെ അധികാരവികേന്ദ്രീകരണത്തിന് കേരളം ഒരിക്കൽക്കൂടി രാജ്യത്തിനും മറ്റ് മൂന്നാം ലോക രാജ്യങ്ങൾക്കും മാതൃകയായി മാറുകയാണ്.

കരട് ചട്ടങ്ങളുടെ രൂപീകരണത്തിനായി നാല്പതോളം സംഘടനകളുമായി പ്രത്യേകം സിറ്റിംഗ് കമ്മീഷൻ നടത്തിയിട്ടുണ്ട് എന്നതു തന്നെ ഏകീകൃത വകുപ്പിന്റെ രൂപീകരണത്തെ സംബന്ധിച്ച് സ്വീകരിച്ച ജനാധിപത്യപരമായ സമീപനം വ്യക്തമാക്കുന്നുണ്ട്. ഇത്തരം ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ പരിഗണനാർഹമായവ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തുന്നതിനും കമ്മീഷൻ ശ്രദ്ധിച്ചിട്ടുണ്ട്.

ലേഖകൻ ലോക്കൽ ഗവണ്മെന്റ് കമ്മീഷനിൽ അംഗമാണ്

പ്രായപൂർത്തിയാകാത്തവർക്ക് പുകയില വിൽക്കരുത്

തദ്ദേശ സ്ഥാപനങ്ങൾ മാതൃകയാവട്ടെ

ഡോ. പോൾ സെബാസ്റ്റ്യൻ

മേയ് 31
പുകയിലവർജ്ജന
ദിനം

മരണകാരണമാകുന്ന അഞ്ചു പ്രധാന വെല്ലുവിളികളിലൊന്നായാണ് ലോകാരോഗ്യ സംഘടന (ഡബ്ല്യൂഎച്ച്ഒ) പുകയിലയെ കണക്കാക്കുന്നത്. മനുഷ്യാരോഗ്യത്തിന് പുകയിലയുണ്ടാക്കുന്ന ഭീഷണി അതിഭീകരമാണ്. തടയാൻ പറ്റുന്ന മരണകാരണങ്ങളിൽ ഏറ്റവും മുന്നിലുമാണ് പുകയില ഉപഭോഗം.

പുകയില ഉൽപ്പന്നങ്ങളിൽ കടുത്ത ലഹരിക്കു കാരണമായ നിക്കോട്ടിൻ എന്ന മാരകവസ്തു അടങ്ങിയിരിക്കുന്നു. കാൻസർ, ശ്വാസകോശ രോഗങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നീ ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും പുകയില ഉപഭോഗം കാരണമാകുന്നു. വസ്തുതകൾ ഇതായിരുന്നിട്ടും ലോകമെമ്പാടും പുകയില ഉപഭോഗം വളരെ കൂടുതലാണ്.

സ്വിറ്റ്സർലൻഡിലെ ജനീവയിൽ, മേയ് 21ന് നടന്ന 56-ാമത് ലോകാരോഗ്യ സമ്മേളനത്തിനിടെ ഒപ്പുവച്ച രാജ്യാന്തര ഉടമ്പടിയായ 'ലോകാരോഗ്യ സംഘടനയുടെ പുകയില നിയന്ത്രണത്തിനുള്ള അടിസ്ഥാനഘടനാ സന്ധി ' (Framework Convention on Tobacco Control) ഇന്ത്യയും അംഗീകരിച്ചിട്ടുണ്ട്. പുകയില ഉപയോഗത്തിന്റെയും പരോക്ഷ പുകവലിയുടെയും ആരോഗ്യ, സാമൂഹിക, പാരിസ്ഥിതിക, സാമ്പത്തിക പ്രത്യാഘാതങ്ങളിൽ നിന്ന് ഇന്നത്തെയും നാളത്തെയും തലമുറകളെ സംരക്ഷിക്കാൻ ഈ ഉടമ്പടി ലക്ഷ്യമിടുന്നു. പുകയില ഉപഭോഗത്തിന്റെ അപകടങ്ങൾ വ്യക്തമാക്കാനും ലോകവ്യാപകമായി അതിന്റെ എല്ലാ രൂപത്തിലുള്ള ഉപഭോഗം കുറയ്ക്കാനുമായി സാർവദേശീയ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നതിലൂടെയാണ് ഇതു സാധ്യമാക്കുന്നത്.

പുകയില നിയന്ത്രണത്തിലൂടെ പകർച്ചേതര രോഗങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യ

കത തിരിച്ചറിഞ്ഞാണ് കേരളം ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2015-2030 (എസ്ഡിജി) അനുവർത്തിക്കാൻ തീരുമാനിച്ചത്. എല്ലാ പ്രായത്തിലുമുള്ള, എല്ലാവരുടെയും ആരോഗ്യകരമായ ജീവിതവും ക്ഷേമവും ഉറപ്പാക്കുക എന്ന മൂന്നാം ലക്ഷ്യത്തിലെ ഒരിനമായി പുകയില നിയന്ത്രണം ഉൾപ്പെടുത്തിയിട്ടുണ്ട്. ആഗോള ലക്ഷ്യങ്ങളെ പിൻപറ്റി 2030 ആകുമ്പോൾ പുകയില ഉപഭോഗത്തിൽ 30 ശതമാനം കുറവു വരുത്താനാണ് കേരളം ലക്ഷ്യമിടുന്നത്.

പുകയില ഉപഭോഗം മൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത പ്രതിവർഷം 1514 കോടിയുടേതാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയവും ലോകാരോഗ്യസംഘടനയും 35 മുതൽ 69 വരെയുള്ള പ്രായക്കാരിൽ നടത്തിയ സംയുക്ത പഠനം വ്യക്തമാക്കുന്നു. ഇതിൽ 52% നേരിട്ടുള്ള മെഡിക്കൽ ചെലവുകളും ബാക്കി അനാരോഗ്യമുണ്ടാക്കുന്ന പരോക്ഷ നഷ്ടങ്ങളുമാണ്.

പുകയിലയും കാൻസർ ദുരിതവും

സംസ്ഥാനത്ത് പുകയിലജന്യ അർബുദം വൻ ആരോഗ്യവിപത്തായി ഉടരുമ്പോൾ രാജ്യത്ത് പ്രതിവർഷം 9,32,600 പേർ പുകയിലജന്യ രോഗങ്ങൾ മൂലം മരിക്കുന്നതായി ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകൾ വ്യക്തമാക്കുന്നു. പുകയിലജന്യരോഗങ്ങൾ മൂലമുണ്ടായ മരണങ്ങൾ സംബന്ധിച്ച് ആറാം ടുബാക്കോ അറ്റ്ലസ് പുറത്തുവിടുന്ന ദേശീയതലത്തിലുള്ള കണക്കുകളും കേരളത്തിലെ നാലു ഹോസ്പിറ്റൽ കാൻസർ രജിസ്ട്രികളിൽനിന്നു സമാഹരിക്കപ്പെട്ട കണക്കുകളും എത്രയും വേഗം കർശന നടപടികളിലേക്കു തിരിയേണ്ടതിന്റെ ആവശ്യകതയാണു വ്യക്തമാക്കുന്നതെന്ന് ആരോഗ്യവിദഗ്ധരും ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്(ഐസിഎംആർ) പ്രസിദ്ധീകരിച്ച കൺസോളിഡേറ്റഡ് റിപ്പോർട്ട് ഓഫ് ഹോസ്പിറ്റൽ ബേസ്ഡ് കാൻസർ രജിസ്ട്രീസ് 2012-14 ൽ കേരളത്തിലെ നാല് ആശുപത്രികളിൽനിന്നുള്ള കണക്കുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

> സംസ്ഥാനത്ത് പുകയില ജന്യ അർബുദം വൻ ആരോഗ്യ വിപത്തായി ഉടരുമ്പോൾ രാജ്യത്ത് പ്രതിവർഷം 9,32,600 പേർ പുകയിലജന്യ രോഗങ്ങൾ മൂലം മരിക്കുന്നതായി ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകൾ വ്യക്തമാക്കുന്നു.

സംസ്ഥാനത്തെ പ്രമുഖ കാൻസർ ചികിൽസാകേന്ദ്രമായ റീജിയണൽ കാൻസർ സെന്ററിൽ ഈ കാലയളവിൽ ചികിൽസ തേടിയവരിൽ 4906 പുരുഷന്മാരും (42.9 ശതമാനം) 1464 സ്ത്രീകളും (12.5%) പുകയിലജന്യ കാൻസർ ബാധിതരാണ്. പുരുഷന്മാരിൽ 35.7 % പേരിൽ ശ്വാസകോശാർബുദവും 17.6 % പേരിൽ വായിലെ അർബുദവും 14.3 % പേരിൽ നാവിലെ കാൻസറുമാണ്. സ്ത്രീകളിൽ വായിലെ കാൻസറാണ് (31.1%) ഏറ്റവും കൂടുതൽ. ശ്വാസകോശ കാൻസർ 28.1 ശതമാനവും നാവിലേത് 18.3 ശതമാനവും.

കണ്ണൂർ മലബാർ കാൻസർ സെന്ററി(എംസിസി)ലെ കണക്കുകൾ, വടക്കൻ ജില്ലകളിലും പുകയില ഉപയോഗം ഗുരുതര ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കുന്നുവെന്ന് വ്യക്തമാക്കുന്നതാണ്. 2012 ജനുവരി മുതൽ 2014 ഡിസംബർ വരെയുള്ള കാലയളവിൽ എംസിസി കാൻസർ രജിസ്ട്രി പ്രകാരം 3934 പുരുഷന്മാരും 3510 സ്ത്രീകളുമുൾപ്പെടെ 7444 പേർ ചികിൽസ തേടി. ഇതിൽ 2098 പുരുഷന്മാരും(53.3ശതമാനം) 656 സ്ത്രീകളും (18.7 ശതമാനം) പുകയിലജന്യ കാൻസർ ബാധിതരായിരുന്നു.

സർക്കാരേതര മെഡിക്കൽ കോളജുകൾ പ്രസിദ്ധീകരിച്ച രാജ്യത്തെ ആദ്യ കാൻസർ രജിസ്ട്രിയായ, കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ കാൻസർ രജിസ്ട്രി പ്രകാരം 2012 ജനുവരി മുതൽ 2014 ഡിസംബർ വരെയുള്ള മൂന്നു വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കാൻസർ രോഗികളിൽ, 27.6 ശതമാനം പുരുഷന്മാർക്കും 9.7 ശതമാനം സ്ത്രീകൾക്കും പുകയിലജന്യ കാൻസറാണ് ബാധിച്ചിട്ടുള്ളത്.

കോട്ടയം കാരിത്താസ് ആശുപത്രിയിലെ കാൻസർ രജിസ്ട്രി പ്രകാരം 2014ൽ രജിസ്റ്റർ ചെയ്ത 1659 പുരുഷന്മാരും 1803 സ്ത്രീകളുമുൾപ്പെടെയുള്ള 3,462 കാൻസർ രോഗികളിൽ 626 പുരുഷന്മാരും 150 സ്ത്രീകളും പുകയിലജന്യ കാൻസർ ബാധിതരായിരുന്നു.

പ്രായപൂർത്തിയാകാത്തവർക്ക് പുകയില വിൽക്കരുത്

പുകയില ശക്തമായ ലഹരിയുണ്ടാക്കുന്ന വസ്തുവാണെന്നും യുവാക്കളിൽ ഇത് വൻ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്നും വർഷങ്ങളായി പല ശാസ്ത്രീയ പഠനങ്ങളിലൂടെയും വ്യക്തമായിട്ടുള്ളതാണ്. സർക്കാരിന്റെ 2018ലെ ആരോഗ്യനയം സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ വർദ്ധി

ക്കുന്ന പുകയില ഉപഭോഗത്തെപ്പറ്റിയും പരാമർശിക്കുന്നു.

ജില്ലയിലെ ഗ്രാമീണ മേഖലയിൽ കാൻസർ സെന്റർ നടത്തിയ പഠനത്തിൽ പകുതിയിലേറെ ഹയർസെക്കൻഡറി, ഹൈസ്കൂളുകളുടെ പരിസരങ്ങളിൽ അനധികൃത പുകയില ഉൽപ്പന്ന വിൽപ്പന നിർബാധം നടക്കുന്നതായി വ്യക്തമായിരുന്നു. പഠനത്തിൽ പങ്കെടുത്ത അറുപതു ശതമാനം ഹയർസെക്കൻഡറി വിദ്യാർഥികളും 52 ശതമാനം ഹൈസ്കൂൾ വിദ്യാർഥികളും അവരുടെ സ്കൂൾ പരിസരങ്ങളിൽ പുകയില വിൽപ്പന നടക്കുന്ന കാര്യം ശരിവച്ചു. നിരുപാധികം തിരഞ്ഞെടുത്ത പത്തു സർക്കാർ സ്കൂളുകളിൽ നിന്നുള്ള 1114 കുട്ടികളാണ് പഠനത്തിൽ പങ്കാളികളായത്.

'കേരളത്തിലെ ഗ്രാമീണ മേഖലയിൽ കൗമാര വിദ്യാർഥികളിലെ പുകയില-മദ്യ ഉപഭോഗവും വിജ്ഞാനവികാസം ലക്ഷ്യമിട്ടുള്ള വിദ്യാലയ കേന്ദ്രീകൃത പുകയില വിരുദ്ധ ബോധവൽക്കരണത്തിന്റെ ഫലവും' എന്ന വിഷയത്തിൽ 2014-15ൽ നടന്ന പഠനത്തിന്റെ വിശദവിവരങ്ങൾ ജേണൽ ഓഫ് അഡിക്ഷൻ എന്ന ആനുകാലികത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. കേന്ദ്ര പുകയില നിയന്ത്രണ നിയമം, കോട്പ 2003 മാനദണ്ഡപ്രകാരം സ്കൂളുകളുടെ നൂറു വാരയ്ക്കുള്ളിൽ പുകയില വിൽപ്പന നിരോധിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടാത്തതാണ് നിലവിലെ സാഹചര്യങ്ങളിലേക്കു നയിക്കുന്നതെന്ന് പഠനം ചൂണ്ടിക്കാട്ടിയിരുന്നു. കുട്ടികളിൽ 7.4 ശതമാനത്തിലേറെ പേർ പഠനം നടന്ന സ്കൂൾ കാലത്ത് ഒരിക്കലെങ്കിലും പുകയില ഉപയോഗിച്ചവരുമായിരുന്നു.

കോട്പ 2003 അനുശാസിക്കുന്ന പ്രകാരം പ്രായപൂർത്തിയാകാത്തവർക്കുള്ള പുകയില വിൽപ്പനയ്ക്ക് കർശന നിരോധനമേർപ്പെടുത്തുകയാണ് അടിയന്തരമായി ചെയ്യേണ്ടത്. പൊലീസ്, എക്സൈസ്, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ വ്യക്തികളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും രക്ഷകർതൃ സമിതികളുടെയും മാധ്യമങ്ങളുടെയും സഹായത്തോടെ കൂട്ടായി പ്രവർത്തിക്കുകയും കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ.





വികേന്ദ്രീകൃത തദ്ദേശസ്വയംഭരണ സംവിധാനമുള്ള കേരളത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഈ യത്നത്തിൽ ശക്തമായ പങ്കുവഹിക്കാനാകും. കേരള പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം പുകയില ശേഖരണം, സംസ്കരണം, നിർമ്മാണം, മറ്റ് ഉൽപ്പന്നങ്ങളിൽ ചേർക്കൽ, വിൽപ്പന എന്നിവയ്ക്ക് അംഗീകൃത ഡി & ഒ ലൈസൻസ് അത്യാവശ്യമാണ്.

യുവാക്കളുടെ ആരോഗ്യവും ക്ഷേമവും കണക്കിലെടുത്തും കാൻസറിന്റെ ദുരിതങ്ങളിൽനിന്ന് സംരക്ഷണം ലക്ഷ്യമിട്ടും സ്കൂൾ-കോളജ് പരിസരങ്ങളിലുള്ള പുകയില വിൽപ്പനയ്ക്ക് ഡി & ഒ ലൈസൻസ് നിരാകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണം.

പകർച്ചേതര രോഗങ്ങളുടെ വ്യാപനം കേരളത്തിൽ വൻതോതിലാകുമ്പോൾ പുകയില ലഭ്യതയിൽ കുറവു വരുത്താനും അതുവഴി പുകയിലജന്യ കാൻസറുകൾ കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ഉദ്യമങ്ങൾ സംസ്ഥാനത്ത് ശക്തമായി നടക്കണം. ഇച്ഛാശക്തിയോടെ നടക്കുന്ന കൂട്ടായപ്രവർത്തനങ്ങൾ തീർച്ചയായും ലക്ഷ്യത്തിലെത്തും. കുട്ടികളെയും യുവാക്കളെയും പുകയില ഉപയോഗത്തിൽ നിന്നു പിന്തിരിപ്പിക്കാൻ നമുക്കാകും. അതിനായുള്ള പ്രവർത്തനങ്ങളുമായി നമുക്ക് മുന്നേറാം.

(ലേഖകൻ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഡയറക്ടറാണ്)

ഹൃദയത്തിനായി പുകയില ഉപേക്ഷിക്കുക

ഡോ. ശിവശങ്കരൻ

കാൻസറും പുകയിലയും തമ്മിലുള്ള ബന്ധം എല്ലാവർക്കും അറിവുള്ളതാണെങ്കിലും പുകയില ഹൃദ്രോഗത്തിന് കാരണമാകുന്നുവെന്ന കാര്യം പലർക്കും അജ്ഞാതമാണ്. അന്താരാഷ്ട്ര പുകയില വർജ്ജന ദിനമായ 2018 മേയ് 31-ന് ലോകാരോഗ്യ സംഘടന തെരഞ്ഞെടുത്തിരിക്കുന്നത് 'പുകയിലയും ഹൃദ്രോഗവും' എന്ന പ്രമേയമാണ്.

പകർച്ചേതര വ്യാധികൾ പേറുന്ന കേരളത്തിന് പുകയില വർജ്ജനത്തിലൂടെ ഹൃദയസംബന്ധിയായ രോഗങ്ങൾ ഒഴിവാക്കാം. പുകയില വഴിയുണ്ടാകുന്ന ഹൃദ്രോഗങ്ങൾ ചികിത്സിക്കാനായി കേരളം 226 കോടി രൂപ ചെലവാക്കുന്നുണ്ടെന്നാണ് ലോകാരോഗ്യസംഘടനയുടെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും കണക്ക്.പുകയിലസംബന്ധിയായ ഹൃദ്രോഗം വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നുണ്ടെന്ന് ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു.

ഗ്ലോബൽ അഡൽറ്റ് ടുബാക്കോ സർവേയുടെ 2009-10 ലെ കണക്കുകൾ പ്രകാരം 27.9 ശതമാനം ആളുകൾ പുകയില ഉത്പന്നങ്ങളായ സിഗരറ്റ്, ബീഡി എന്നിവ ഉപയോഗിക്കുന്നു. ഇു വഴിയുണ്ടാകുന്ന ഹൃദ്രോഗ ചികിത്സയ്ക്ക് പ്രത്യക്ഷത്തിൽ 123.5 കോടി രൂപയും പരോക്ഷമായി 62.7 കോടി രൂപയും ചെലവാകുന്നു.

ആശുപത്രി വാസം, സന്ദർശനം, ഡോക്ടറുടെ ഫീസ്, മരുന്നുകൾ, രോഗനിർണയ ടെസ്റ്റുകൾ എന്നിവ പ്രത്യക്ഷ ചെലവുകളിൽ പെടും. ഗതാഗതം, താമസം, വരുമാനത്തിലെ കുറവ് എന്നിവയാണ് പരോക്ഷ ചെലവുകൾ.

പുകയില സൃഷ്ടിക്കുന്ന വൻവിപത്തിനെക്കുറിച്ച് പൊതുജനങ്ങളെ ഉദ്ബോധിപ്പിക്കാനാണ് ഈ കണക്കുകൾ നിരത്തുന്നത്. സംസ്ഥാനത്തെ ജനങ്ങളിൽ ശാരീരികവും സാമ്പത്തികവുമായ ആരോഗ്യ സ്ഥിതികളിൽ പുകയില സൃഷ്ടിക്കുന്ന വിപത്തുകളും മനസിലാക്കപ്പെടണം. നഷ്ടപ്പെടുന്ന ഈ വിഭവശേഷി കാത്തുസൂക്ഷിക്കാൻ സാധിച്ചാൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും സ്വീകരിക്കാൻ കഴിയുന്ന ആരോഗ്യ വികസന പദ്ധതികളെക്കുറിച്ച് ആലോചിച്ചുനോക്കുക. അടിയന്തിരമായി മെച്ചപ്പെടുത്തേണ്ട സ്കൂളുകളും നന്നാക്കേണ്ട റോഡുകളുമുണ്ട്. ഈ 226 കോടി രൂപ വികസനത്തിനായി ഉപയോഗിച്ചു കൂടേ? ഓർത്തു നോക്കൂ..

ലേഖകൻ തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ ഹൃദ്രോഗ വിഭാഗം പ്രൊഫസറാണ്

പ്രകൃതിസൗഹൃദ നിർമ്മാണം

ഗ്രീൻ കൺസ്ട്രക്ഷൻ ടെക്നോളജി

സജികുമാർ പി.ആർ

ഗംഗ ആർ. എസ്

വനനശീകരണവും നിലംനികത്തലും മണ്ണിടിച്ചിലും പാറഖനനവും വഴി പ്രകൃതിയെ ഇന്ന് മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകാരണം ഉണ്ടാകുന്ന ആഗോളതാപനത്തെ തുടർന്ന് സംഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനവും വർദ്ധിച്ചുവരുന്ന അന്തരീക്ഷമലിനീകരണവും ജനസംഖ്യയിൽ ഉണ്ടാകുന്ന അസാമാന്യവർദ്ധനവും പ്രകൃതി വിഭവങ്ങളുടെ ക്ഷിപ്രഗതിയിലുള്ള ശോഷണവും എല്ലാം മനുഷ്യനെ ഒരു വീണ്ടുവിചാരത്തിനു പ്രേരിപ്പിക്കുകയും പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയും ചെയ്തതിനെ തുടർന്നാണ് 'പ്രകൃതിസൗഹൃദ നിർമ്മാണം അഥവാ ഗ്രീൻ കൺസ്ട്രക്ഷൻ ടെക്നോളജി' എന്ന ആശയം ഉടലെടുത്തത്.

കേരളത്തിന്റെ ആകെ വിസ്തൃതിയിൽ വനമേഖലയും ജലാശയങ്ങളും ഒഴിച്ചുള്ള പ്രദേശത്തിന്റെ 5.6 ശതമാനവും വിവിധതരം മനുഷ്യനിർമ്മിതികളാണ്. നിർമ്മാണപ്രവർത്തനങ്ങൾക്കായി വലിയതോതിൽ ഊർജ്ജം ചെലവാകുന്നതോടൊപ്പം തന്നെ ഉയർന്ന അളവിൽ വായു, വെള്ളം, മണ്ണ് എന്നിവ മലിനപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് പോവുകയാണെങ്കിൽ, മലിനീകരണത്തിന്റെ അളവ് 2050- ഓടെ ഇരട്ടിയിൽ കൂടുതൽ ആകും എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഡൽഹി പോലുള്ള നഗരങ്ങളിൽ അന്തരീക്ഷമലിനീകരണം ഉയർന്നതുകാരണം വാഹനങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അന്തരീക്ഷമലിനീകരണം ഒരുപരിധി വരെ നമുക്ക് കാണാൻ കഴിയില്ല, എങ്കിൽ പോലും ശ്വാസകോശ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, ഹൃദ്രോഗം, കാൻസർ, അലർജി എന്നീ രോഗങ്ങളുടെ വർധനവ് നമുക്ക് അനുഭവവേദ്യമാണ്. നമുക്കു ചുറ്റും കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങളും ജലാശയങ്ങളിലെ ഒഴുക്കിനെപ്പോലും തടഞ്ഞുനിർത്തുന്ന രീതിയിൽ അടിഞ്ഞുകൂടുന്ന മാലിന്യക്കൂമ്പാരങ്ങളുമെല്ലാം ഇതിനു കാരണമാണ്. അന്തരീക്ഷമലിനീകരണത്തിൽ നിർമ്മാണമേഖലയ്ക്ക് മോശമല്ലാത്ത ഒരു പങ്കുണ്ടെന്ന കാര്യം നമ്മൾ ഓർക്കേണ്ടതാണ്. കൂടാതെ, നിർമ്മാണസാമഗ്രികളായ പെയിന്റ്, സിമന്റ് മുതലായവയിലെ രാസവസ്തുക്കൾ വെള്ളത്തിൽ കലർന്ന് ഭൂമിയിലേക്കിറങ്ങി ഭൂഗർഭജലത്തെതന്നെ വിഷലിപ്തമാക്കുന്നു. ഇത് കുടിവെള്ളത്തിൽ കലർന്ന് നമ്മുടെ ആരോഗ്യം നശിപ്പിക്കുകയും പലവിധത്തിലുള്ള രോഗങ്ങൾ വരുത്തുകയും ചെയ്യുന്നു.

പ്ലാനിങ് ഘട്ടം മുതൽ നിർമ്മാണം, പരിപാലനം, അറ്റകുറ്റപ്പണികൾ, വിപുലീകരണം തുടങ്ങി പൊളിച്ചുമാറ്റൽ വരെയുള്ള പ്രവർത്തനങ്ങൾ പ്രകൃതിക്ക് ദോഷം വരുത്താതെ ചെയ്യുന്നതാണ് പ്രകൃതിസൗഹൃദ നിർമ്മാണം. പ്രകൃതിക്ക് ദോഷം

പ്ലാനിങ് ഘട്ടം മുതൽ നിർമ്മാണം, പരിപാലനം, അറ്റകുറ്റപ്പണികൾ, വിപുലീകരണം തുടങ്ങി പൊളിച്ചുമാറ്റൽ വരെയുള്ള പ്രവർത്തനങ്ങൾ പ്രകൃതിക്ക് ദോഷം വരുത്താതെ ചെയ്യുന്നതാണ് പ്രകൃതിസൗഹൃദ നിർമ്മാണം. പ്രകൃതിക്ക് ദോഷം വരുത്താതെ കരുതലോടെ നടത്തുന്ന ഏതു പ്രവൃത്തിയും ഗ്രീൻ കൺസ്ട്രക്ഷന്റെ ഭാഗമാണ്.

വരുത്താതെ കരുതലോടെ നടത്തുന്ന ഏതു പ്രവൃത്തിയും ഗ്രീൻ കൺസ്ട്രക്ഷന്റെ ഭാഗമാണ്. ഇതുവഴി മനുഷ്യന്റെ ആരോഗ്യവും പ്രകൃതിയുടെ ആയുസ്സും സംരക്ഷിക്കുവാൻ നമുക്ക് കഴിയുന്നു.

പ്രകൃതി വിഭവങ്ങളുടെ ബുദ്ധിപരവും വിവേകപരവുമായ ഉപയോഗത്തിലൂടെ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാനും വരും തലമുറയ്ക്ക് വേണ്ടി പ്രകൃതി വിഭവങ്ങളെ കരുതി വയ്ക്കാനും കഴിയുന്നതാണ്. അതിനായി, നിർമ്മാണസമയത്ത് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ വയ്ക്കേണ്ടതാണ്.

- നിർമ്മാണസ്ഥലങ്ങളിൽ ആവശ്യത്തിൽ കൂടുതൽ എത്തിക്കുന്ന നിർമ്മാണസാമഗ്രികൾ, കെട്ടിടങ്ങൾ പൊളിക്കുന്നതു മൂലം ഉണ്ടാകുന്ന വേസ്റ്റ് എന്നിവ താഴ്ന്നപ്രദേശങ്ങൾ നികത്താനായി ഉപയോഗിക്കുന്നതിലൂടെയും ഒഴിഞ്ഞസ്ഥലങ്ങളിൽ പുറന്തള്ളുന്നതിലൂടെയും പ്രകൃതിക്ക് ദോഷകരമാകുന്നു. ആവശ്യത്തിനുള്ള നിർമ്മാണ സാധനങ്ങൾ മാത്രം സൈറ്റുകളിൽ ലഭ്യമാക്കുന്നതുവഴി അനാവശ്യമായ പാഴാക്കലും ഇന്ധനനഷ്ടവും ഒഴിവാകുന്നു.
- കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നതിനുപകരം, കഴിയാവുന്നിടത്തോളം നിർമ്മിതികൾ പുതുക്കി ഉപയോഗിക്കുന്നതും (Rehabilitation) പ്രകൃതി സൗഹൃദപരമാണ്.
- പ്രാദേശികമായി ലഭിക്കുന്നതും പ്രകൃതിക്ക് ഹാനികരമല്ലാത്തതുമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുക. ഇതുവഴി നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതിന് ചെലവാകുന്ന ഇന്ധനം ലാഭിക്കാൻ കഴിയുന്നു.
- പുനഃരുപയോഗം ചെയ്യാവുന്ന സാധനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും റീസൈക്കിൾ ചെയ്ത സാധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും വഴി പുറന്തള്ളപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ കഴിയുന്നു.
- പ്രകൃതി കനിഞ്ഞ് നല്കിയിരിക്കുന്ന കാറ്റും വെളിച്ചവും പരമാവധി പ്രയോജനപ്പെടുത്തുകയും സൂര്യപ്രകാശവും കാറ്റും എല്ലാ മുറികളിലും ലഭിക്കുന്ന വിധത്തിൽ മുറികൾ ആസൂത്രണഘട്ടത്തിൽ തന്നെ ക്രമീകരിക്കുകയും ചെയ്യുന്നതുവഴി ഊർജ്ജത്തിന്റെ ഉപയോഗം പരമാവധി കുറയ്ക്കാൻ കഴിയുന്നതാണ്. കാറ്റിന്റെ ഗതിയും വെളിച്ചത്തിന്റെ ദിശയും അനുസരിച്ച് വീടിന്റെ സ്ഥാനവും വാതിലുകളുടെയും ജനാലകളുടെയും ക്രമീകരണവും നിശ്ചയിക്കുന്നതുവഴി കെട്ടിടത്തിനുള്ളിലെ ചൂടിന്റെ അളവ് കുറയുകയും അതുവഴി വൈദ്യുതി ഉപയോഗം കുറയുകയും ചെയ്യുന്നു.
- നിലവിലുള്ള കണ്ടൽ കാടുകൾ, ചതുപ്പുനിലങ്ങൾ, ജലാശയങ്ങൾ എന്നിവ സംരക്ഷിക്കേണ്ടതും ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.
- വേഗത്തിൽ വളരുന്നതും നിർമ്മാണ ആവശ്യങ്ങൾക്കായി വളർത്തുന്നതുമായ മരങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.
- മഴവെള്ളസംഭരണം വഴി മഴക്കാലത്ത് വെള്ളം സംഭരിച്ച് വച്ച് വേനലിൽ ഉപയോഗിക്കുന്നതു വരൾച്ചയെ ഒരു പരിധി വരെ തടയാൻ സഹായിക്കും.
- വെള്ളത്തിന്റെ ഉപഭോഗം കുറയ്ക്കുകയും പുനഃരുപയോഗം പരമാവധി വർദ്ധിപ്പിക്കുകയും ചെയ്യുക. കെട്ടിടങ്ങളിൽ ഉണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ച് ചെടി നനയ്ക്കൽ, ടോയിലറ്റ് ഫ്ലഷിംഗ്, വൃത്തിയാക്കൽ, എയർ കണ്ടീഷനിംഗ് എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്.
- ഗുണമേന്മയുള്ള ഇലക്ട്രിക്, പ്ലംബിംഗ് ഫിറ്റിംഗ്സ് ഉപയോഗിക്കുന്നതുവഴി വൈദ്യുതിയുടെയും വെള്ളത്തിന്റെയും പാഴാക്കൽ കുറയ്ക്കാൻ സാധിക്കുന്നതാണ്. LED ലൈറ്റുകൾ ഉപയോഗിക്കുന്നതുവഴി പ്രകാശത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഉപയോഗം 20 മുതൽ 40% വരെ കുറയ്ക്കാൻ സാധിക്കുന്നതാണ്. ഇവയ്ക്ക് ഫ്ലൂറസെന്റ് ലൈറ്റുകളെക്കാൾ പ്രകാശത്തിന്റെ അളവും കൂടുതലാണ്. കൂടാതെ ഇവയിൽ ഹാനികരമായ മെർക്കുറിയും ഉപയോഗിക്കുന്നില്ല. സെൻസറുകൾ ഉപയോഗിച്ച് ലൈറ്റ്, ഫാൻ, എസി എന്നിവയുടെ ഉപയോഗം ആവശ്യകത അനുസരിച്ച് നിയന്ത്രിക്കുന്നതും ഈ രംഗത്തുണ്ടായ പുതിയ മാറ്റങ്ങളാണ്.

പുനഃരുപയോഗം ചെയ്യാവുന്ന സാധനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും റീസൈക്കിൾ ചെയ്ത സാധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും വഴി പുറന്തള്ളപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ കഴിയുന്നു

▸ സൗരോർജ്ജം പോലുള്ള വിഭവങ്ങളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുക. സൗരോർജ്ജം ഏറ്റവും ശുദ്ധിയുള്ള ഊർജ്ജസ്രോതസ്സാണ്. സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് താരതമ്യേന കൂടുതലാണെങ്കിലും അവയിൽനിന്നും കാലക്രമേണ ലാഭമുണ്ടാകുന്നതാണ്. പദ്ധതിയുടെ വ്യാപ്തി അനുസരിച്ച് ലാഭവും കൂടുന്നതാണ്. ഇവയ്ക്കുള്ള ബാറ്ററി തെരഞ്ഞെടുക്കുമ്പോൾ ഗുണമേന്മയുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

▸ സൗരോർജ്ജപാനലുകളിലൂടെ ലഭിക്കുന്ന വൈദ്യുതി, ആ കെട്ടിടത്തിന്റെ തന്നെ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ വിലയ്ക്ക് ഇലക്ട്രിസിറ്റി ബോർഡിനോ നല്കാവുന്നതാണ്. സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്നതാണ്. ഇവ സ്ഥാപിച്ചു കഴിഞ്ഞാൽ പരിപാലനത്തിന് വളരെ കുറഞ്ഞ ചെലവ് മാത്രമേ വരുകയുള്ളൂ.

▸ കെട്ടിടങ്ങൾക്കുള്ളിലെ താപനില കുറയ്ക്കാൻ സഹായിക്കുന്നതരം ജനലുകൾ, സ്മാർട്ട് ക്ലാസുകൾ, സൂര്യപ്രകാശത്തെ തടയുന്നതരം റൂഫിംഗ് സാമഗ്രികൾ, പെയിന്റുകൾ എന്നിവ ഈ രംഗത്തെ പുതിയ കാൽവയ്പ്പുകളാണ്. ഇവ സൂര്യപ്രകാശത്തെ പ്രതിഫലിപ്പിക്കുകയും അതുവഴി കെട്ടിടത്തിന്റെ അകത്തെ ചൂട് കുറയ്ക്കുകയും ചെയ്യുന്നു.

▸ അതാത് സ്ഥലങ്ങളിലെ മാലിന്യങ്ങൾ അതാത് വളപ്പിൽ തന്നെ സംസ്കരിക്കുകവഴി മാലിന്യങ്ങൾ പ്രകൃതിയെ നശിപ്പിക്കുന്നത് തടയാൻ കഴിയുന്നു.

▸ വനമേഖലകളിൽ റോഡുകൾ നിർമ്മിക്കുമ്പോൾ, മൃഗങ്ങൾക്ക് സുരക്ഷിതമായി കടന്നുപോകുന്നതിനായി അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ ഉപമാർഗ്ഗങ്ങൾ (Crossways) നിർമ്മിക്കേണ്ടതാണ്.

▸ കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കുന്നതു വഴി മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങുന്നതിനും സഹായിക്കുന്നു. കൂടാതെ, മരങ്ങൾ കാർബൺഡയോക്സൈഡും അന്തരീക്ഷത്തിലെ മാലിന്യങ്ങളും ആഗിരണം ചെയ്യുകയും അന്തരീക്ഷത്തെ ശുദ്ധിയാക്കുകയും അതുവഴി അന്തരീക്ഷത്തിലെ ചൂട് കുറയ്ക്കുകയും ചെയ്യുന്നു. അങ്ങനെ ഊർജ്ജത്തിന്റെ ഉപഭോഗവും കുറയുന്നു. വേപ്പ്, ആൽ, അരശ്, അശോകം, രാജമല്ലി, പുളി, അരളി എന്നിവ ഉയർന്ന അളവിൽ മാലിന്യങ്ങൾ ആഗിരണം ചെയ്യുന്നതരം മരങ്ങളാണ്. കൂടാതെ, ഡെയ്സി, അലോവേര, വിഷപ്പച്ച, മണിപ്ലാന്റ്, മുളകൾ എന്നിവ കെട്ടിടങ്ങൾക്ക് ഉൾവശത്തും വളർത്താ വുന്ന തരം ചെടികളാണ്.

▸ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ പുനരുപയോഗം ചെയ്യാവുന്ന തടിഉരുപ്പടികൾ, മാർബിൾ, ഗ്രാനൈറ്റ്, ചുടുകട്ട, പ്ലംബിംഗ് സാധനങ്ങൾ, ഇലക്ട്രിക്കൽ സാധനങ്ങൾ, സ്റ്റീൽ എന്നിവ പുനരുപയോഗത്തിനായി എടുക്കാവുന്നതും ശേഷം വരുന്ന കോൺക്രീറ്റ് അടക്കമുള്ള വേസ്റ്റ് പൊടിച്ച് manufactured sand, aggregate എന്നിവയായി ഉപയോഗിക്കാവുന്നതും റെഡിമിക്സ് കോൺക്രീറ്റ് നിർമ്മാണത്തിനോ, ബ്ലോക്ക് രൂപത്തിലാക്കി kerb stone, bricks, pavement block, hollow bricks എന്നിവയായോ ഉപയോഗിക്കാവുന്നതാണ്.

▸ Cold mix technology (ടാർ ചൂടാക്കാതെ റോഡ് ടാറിംഗ് നടത്തുന്ന സാങ്കേതികവിദ്യ), പ്ലാസ്റ്റിക് വേസ്റ്റ് ചേർത്ത് നിർമ്മിക്കുന്ന ടാർ റോഡുകൾ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അത് വ്യാപകമാക്കേണ്ടതാണ്. പരിസ്ഥിതിക്ക് കോട്ടം വരുത്താത്തതും ഗുണമേന്മയുള്ളതുമായ ഇത്തരം സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

▸ Soil stabilization വഴി റോഡിന്റെ കനം (pavement thickness) കുറയ്ക്കാനും അതുവഴി നിർമ്മാണസാമഗ്രികളുടെ അളവ് കുറയ്ക്കാനും സാധിക്കുന്നു.

▸ എല്ലാ സംരക്ഷണഭിത്തികൾക്കും കോൺക്രീറ്റ്, പാറകെട്ട് എന്ന ചിന്താഗതി മാറ്റി, ഭാരം കയറാത്ത സ്ഥലങ്ങളിൽ (ഉദാ: തോടുകൾ, കുളങ്ങൾ ഇവയുടെ വശങ്ങൾ) പ്രായോഗികത അനുസരിച്ച് geotextile mat, gabion എന്നിവ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഇവ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്താതെ തന്നെ മണ്ണിനെ സംരക്ഷിക്കുന്നു.

പ്രകൃതി സൗഹൃദ നിർമ്മാണസാമഗ്രികൾ

പ്രകൃതി സൗഹൃദ സാമഗ്രികൾ പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കാത്തവയും ഭൂമിയെ മലിനപ്പെടുത്താത്തവയും ആണ്. കൂടാതെ, ഇവയുടെ നിർമ്മാണത്തിന് വളരെക്കുറച്ച് ഊർജ്ജം മതിയാകുന്നതാണ്. പലതരം പ്രകൃതി സൗഹൃദ നിർമ്മാണസാമഗ്രികൾ ഇന്ന് ലഭ്യമാണ്. നമ്മൾ അവയുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുകയും സർക്കാർ സ്ഥാപനങ്ങളിൽ അവയുടെ ഉപയോഗം നിഷ്കർഷിക്കുകയും ചെയ്യേണ്ടതാണ്. അതുവഴി ജനങ്ങളിൽ ഇതിനെപ്പറ്റി അവബോധം സൃഷ്ടിക്കാൻ കഴിയുന്നതാണ്. ലോഹങ്ങളും ലോഹസങ്കരങ്ങളും ജീർണ്ണിക്കാത്തവ ആയതിനാൽ അവയുടെ ഉപയോഗം നിയന്ത്രിക്കു

ഇന്ന് നിർമ്മാണ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്ന കോൺക്രീറ്റ് ഒരു പ്രകൃതി സൗഹൃദ സാമഗ്രി അല്ല എന്നത് നാം ഗൗരവത്തോടെ കാണേണ്ടതാണ്. അവയുടെ ഉത്പാദനത്തിനായി വളരെയധികം ഊർജ്ജവും വെള്ളവും വേണ്ടിവരുന്നു. കൂടാതെ, ഇവയുടെ നിർമ്മാണത്തിനായി ക്വാറി ഉല്പന്നങ്ങളുടെ ഉത്പാദനവും കൂടുന്നു. ലോകത്തിൽ പുറന്തള്ളപ്പെടുന്ന മൊത്തം കാർബൺ അളവിന്റെ 5% വും കോൺക്രീറ്റ് മൂലമാണ് ഉണ്ടാകുന്നത്.



മണ്ണ് നിറച്ച പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് കോഴിക്കോട് നിർമ്മിച്ച വെയിറ്റിംഗ് ഷെഡ് ഇത്തരത്തിലുള്ള ഒരു നിർമ്മിതിയാണ്. ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗത്തിൽ പണിതീർക്കുന്നതിനും പാഴ്വസ്തുക്കളുടെ ഫലപ്രദമായ പുനരുപയോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനും ഇത്തരത്തിലുള്ള നിർമ്മിതികൾ സഹായിക്കുന്നതാണ്.

ലേഖകർ യഥാക്രമം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്

കയും പരമാവധി അവയെ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

ഇന്ന് നിർമ്മാണ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്ന കോൺക്രീറ്റ് ഒരു പ്രകൃതി സൗഹൃദ സാമഗ്രി അല്ല എന്നത് നാം ഗൗരവത്തോടെ കാണേണ്ടതാണ്, അവയുടെ ഉത്പാദനത്തിനായി വളരെയധികം ഊർജ്ജവും വെള്ളവും വേണ്ടിവരുന്നു. കൂടാതെ, ഇവയുടെ നിർമ്മാണത്തിനായി ക്വാറി ഉല്പന്നങ്ങളുടെ ഉത്പാദനവും കൂടുന്നു. ലോകത്തിൽ പുറന്തള്ളപ്പെടുന്ന മൊത്തം കാർബൺ അളവിന്റെ 5% വും കോൺക്രീറ്റ് മൂലമാണ് ഉണ്ടാകുന്നത്. കൂടാതെ, ഇവയുടെ പുനരുപയോഗവും പ്രയാസം ഉള്ളതാണ്. അതിനാൽ ഇവയ്ക്ക് പകരം ഉപയോഗിക്കാവുന്ന മറ്റു ഉല്പന്നങ്ങളുടെ ഉപയോഗം കൂടി കണക്കിലെടുക്കേണ്ടതാണ്. Novacem പോലുള്ള കമ്പനികൾ കാർബൺ ഡയോക്സൈഡ് വലിയ അളവിൽ ആഗിരണം ചെയ്യുന്ന തരം കോൺക്രീറ്റുകൾ ഉണ്ടാക്കുന്നുണ്ടെങ്കിലും അവയെല്ലാം തന്നെ പരീക്ഷണഘട്ടത്തിലാണ്.

മാലിന്യങ്ങളിൽ നിന്നും ഉപയോഗയോഗ്യമായ പല ഉല്പന്നങ്ങളും നിർമ്മിക്കാൻ സാധിക്കുന്നതാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ എന്നിവയിൽ നിന്നും ഉണ്ടാക്കുന്ന ബ്ലോക്കുകൾ (Bricks) ഇതിന് മികച്ച ഉദാഹരണങ്ങളാണ്. ഭാരം കയറാത്ത നിർമ്മി തികൾ പാഴ്വസ്തുക്കൾ കൊണ്ടുണ്ടാക്കുന്നതും മാലിന്യങ്ങളുടെ അളവ് കുറയ്ക്കാൻ സഹായിക്കുന്നു. മണ്ണ് നിറച്ച പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് കോഴിക്കോട് നിർമ്മിച്ച വെയിറ്റിംഗ് ഷെഡ് ഇത്തരത്തിലുള്ള ഒരു നിർമ്മിതിയാണ്. ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗത്തിൽ പണിതീർക്കുന്നതിനും പാഴ്വസ്തുക്കളുടെ ഫലപ്രദമായ പുനരുപയോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനും ഇത്തരത്തിലുള്ള നിർമ്മിതികൾ സഹായിക്കുന്നതാണ്.

കുടുംബശ്രീ യൂണിറ്റുകൾ വഴി recycled construction materials ന്റെ നിർമ്മാണം, പരിസ്ഥിതി സൗഹൃദമായ പ്രാദേശിക നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം (coir, bamboo etc) എന്നിവ വളരെ കാര്യക്ഷമമായി നടത്താവുന്നതാണ്. മുള, കളിമണ്ണ്, തെങ്ങിൻ തടി, കുമ്മായം എന്നിവ പോലുള്ള പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം, തദ്ദേശ സമ്പദ് വ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്തും. മുള, തെങ്ങ് എന്നിവ ഫർണിച്ചർ നിർമ്മാണത്തിനും തറ പാകുന്നതിനും മുറികൾ വിഭജിക്കുന്നതിനും എല്ലാം തന്നെ തടിക്കു പകരമായി ഉപയോഗിക്കാവുന്നതാണ്. പ്രകൃതിദത്ത പെയിന്റുകൾ, വാൾപേപ്പറുകൾ എന്നിവ ആരോഗ്യത്തിന് ദോഷമുണ്ടാക്കുന്ന തരത്തിലുള്ള വാതകങ്ങൾ പുറന്തള്ളുന്ന സാധാരണ പെയിന്റുകൾക്ക് പകരമായി ഉപയോഗിക്കാവുന്നതാണ്.

ഇത്തരത്തിൽ പ്രകൃതിസൗഹൃദ നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഊർജ്ജത്തിന്റെയും വെള്ളത്തിന്റെയും കാര്യത്തിൽ സ്വയം സുസ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നതുവഴി നമുക്കു ചുറ്റുമുള്ള പ്രകൃതിയെ സംരക്ഷിക്കാനും വരുംതലമുറയ്ക്കായി നല്ലൊരു ലോകം കരുതിവയ്ക്കാനും സാധിക്കുന്നതാണ്.

വാർത്തകൾ വിശേഷങ്ങൾ

ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഒക്ടോബർ 1 നകം

ഭരണനവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ സർക്കാർ അർദ്ധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രാൻഡ് -ഇൻ - എയ്ഡ് സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 1നകം സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശം നല്കി ഉത്തരവു പുറപ്പെടുവിച്ചു. (സ.ഉ. (കൈ) നം.108/2018/പൊഭവ, തീയതി 18-05-2018)

സർക്കാർ ഓഫീസുകളിൽ ഹരിത പെരുമാറ്റച്ചട്ടം

2018 ജൂൺ 5 ലോകപരിസ്ഥിതി ദിനത്തിൽ സംസ്ഥാനത്തെ സെക്രട്ടറിയേറ്റ് മുതൽ താഴെ ഗ്രാമതലങ്ങൾ വരെയുള്ള എല്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി സ്വയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കി സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. 176/ഡി.സി.1/18/തസ്വഭവ, തീയതി 04-05-2018)

കാര്യക്ഷമതാ വർദ്ധനവിന് സർക്കുലർ

ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ പൊതുവായി കണ്ടുവരുന്ന ന്യൂനതകൾ ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു. (സർക്കുലർ നം. ഡി3/29646/17, തീയതി 16-05-2018)

വകുപ്പിന്റെ അനുമതിയില്ലാതെ യോഗങ്ങളിൽ പങ്കെടുക്കരുത്

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ വകുപ്പിന്റെ അനുവാദമില്ലാതെ സർക്കാർ തലത്തിലും മറ്റും വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതായും പ്രസ്തുത യോഗങ്ങളിൽ വകുപ്പിന്റേതായ അഭിപ്രായങ്ങൾ എന്ന രീതിയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ, ഔദ്യോഗിക പദവിയുടെ അടിസ്ഥാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടവ ഒഴികെയുള്ള, ശില്പശാലകളിലോ യോഗങ്ങളിലോ വകുപ്പിലെ ജീവനക്കാർ പങ്കെടുക്കുകയോ അഭിപ്രായപ്രകടനങ്ങൾ നടത്തുകയോ ചെയ്യാൻ പാടില്ല എന്ന് അറിയിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. ഇ 12- 12608/2018 തീയതി 04-05-2018)

ആരോഗ്യജാഗ്രത – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ നടത്തിവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫീൽഡുതല ഉദ്യോഗസ്ഥന്മാരും സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. 233/ഡി.സി.1/18/തസ്വഭവ, തീയതി 28-04-2018)

സാമൂഹ്യസുരക്ഷ പെൻഷൻ– തിരുത്തലുകൾക്ക് അനുമതി

സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട ഡേറ്റാബേസിൽ ഉൾപ്പെടുകയും സാക്ഷ്യപത്രത്തിലെ പിശക്, ബാങ്ക് അക്കൗണ്ടിലെ പിശക്, പ്രാദേശിക സർക്കാരിലെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യാത്തത് തുടങ്ങിയവ കാരണം പെൻഷൻ ലഭിക്കാത്തവരുടെ കാര്യത്തിൽ ഡേറ്റാബേസിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നിർദ്ദേശം നല്കി സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. എസ്.എഫ്.സി -ബി2/53/2018/ധന, തീയതി 15-05-2018)

നിർവ്വഹണം പൂർത്തിയാകാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് നിർദ്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻവാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ 2018 മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്തവ തുടർന്ന് നടപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. (സർക്കുലർ നം. ഡി.എ1/439/2018/തസ്വഭവ, തീയതി 02-05-2018)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

കില ന്യൂസ്

"പഞ്ചായത്ത് രാജിന്റെ കാൽനൂറ്റാണ്ട് എന്ന വിഷയത്തെക്കുറിച്ച് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ കില സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ സംസാരിക്കുന്നു.

കിലയുടെ പരിശീലനപരിപാടികൾ പഠിക്കാനെത്തിയ മംഗോളിയയിലെ ഉലാൻബത്തൂർ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥസംഘം കില ഡയറക്ടർ ഡോ. ജോയ് ഇളമണുമായി ആശയവിനിമയം നടത്തുന്നു

പഞ്ചായത്ത് രാജിന് കാൽനൂറ്റാണ്ട്: തലസ്ഥാനത്ത് കില ദേശീയ സമ്മേളനം സംഘടിപ്പിച്ചു

പഞ്ചായത്ത് രാജ് ബിൽ നിയമമായിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ട സാഹചര്യത്തിൽ കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങളും പോരായ്മകളും വിശകലനം ചെയ്യുന്നതിനു കില തലസ്ഥാന നഗരിയിൽ ദേശീയ സമ്മേളനം സംഘടിപ്പിച്ചു. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ചേർന്ന ദ്വിദിന സമ്മേളനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തിനെ ഒന്നായി കണ്ടുകൊണ്ടുള്ള വികസന സമീപനമാണ് വേണ്ടതെന്നു അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം നിർദ്ദേശിച്ചു. പഞ്ചായത്തിന്റെ വികസന ഫലങ്ങൾ താഴെതട്ടിൽ എത്തിക്കാനാണ് മുൻഗണന നൽകേണ്ടത്. തദ്ദേശസ്ഥാപനങ്ങൾക്കു ഫണ്ടു നൽകുന്നതിൽ പണ്ടു നിലനിന്നിരുന്ന അസമത്വം അവസാനിപ്പിച്ച തന്റെ മുൻഗാമി പാലൊളി മുഹമ്മദുകുട്ടിയെ മന്ത്രി പ്രശംസിച്ചു. നാടിന്റെ ആവശ്യങ്ങൾ അറിഞ്ഞുള്ള ആസൂത്രണത്തിനും പദ്ധതി നിർവഹണത്തിനും പഞ്ചായത്തുകൾക്കു കഴിയണം. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ 25 വർഷത്തെ പ്രവർത്തനം വിലയിരുത്തി മുന്നോട്ടുള്ള പ്രയാണത്തിൽ തിരുത്തലുകൾ ആവശ്യമുണ്ടോയെന്നു ചർച്ച ചെയ്യേണ്ട സമയമായെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ധനകാര്യവകുപ്പുമന്ത്രി ഡോ.ടി.എം തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി.

കേന്ദ്ര ഗ്രാമവികസനവകുപ്പ് മുൻമന്ത്രി ജയറാം രമേഷ്, മുൻ മന്ത്രി എം.എ. ബേബി, കേന്ദ്ര ഗ്രാമവികസനവകുപ്പ് മുൻസെക്രട്ടറി ഡോ. മീനാക്ഷിസുന്ദരം, മുൻ ചീഫ്സെക്രട്ടറി എസ്.എം.വിജയാനന്ദ്, കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പ് മുൻ മന്ത്രി മണിശങ്കർ അയ്യർ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ എന്നിവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ജനപ്രതിനിധികൾ, വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരടക്കം 300 പേർ സമ്മേളനത്തിൽ പങ്കെടുത്തു. ദേശീയ സമ്മേളനത്തിൽ അധികാരവികേന്ദ്രീകരണത്തിനു ദിശാബോധം നൽകാൻ ലക്ഷ്യമാക്കി 'തിരുവനന്തപുരം രജതജൂബിലി പ്രഖ്യാപനവും' നടത്തി.

കിലയുടെ പരിശീലനപരിപാടികൾ പഠിക്കാൻ മംഗോളിയൻ സംഘമെത്തി

കിലയുടെ പരിശീലനപരിപാടികൾ പഠിക്കാൻ മംഗോളിയൻ സംഘമെത്തി. മംഗോളിയയിലെ ഉലാൻബത്തൂർ മുനിസിപ്പാലിറ്റിയിലെ ഏഴു വനിതകളുൾപ്പെടെയുള്ള പതിനൊന്നംഗ സംഘം ഇതിനായി ഒരാഴ്ചക്കാലം കിലയിൽ ചെലവഴിച്ചു. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഫാക്കൽറ്റികൾ, ഫിനാൻസ് ഓഫീസർ, സെക്ഷൻ ഓഫീസർ എന്നിവർ ചേർന്നു സ്വീകരിച്ചു.

ഏഷ്യൻ ഫൗണ്ടേഷനിലെ നഗരഭരണ പ്രോജക്ട് ഡെപ്യൂട്ടി മാനേജർ, നഗരഭരണ പ്രോജക്ട്ഓഫീസർ, നഗരഭരണ പ്രോജക്ട് മാനേജർ, അധികാരവികേന്ദ്രീകരണ പരിപാടിയുടെ പ്രോജക്ട് ഓഫീസർ, ഉലാൻബത്തൂർ മുനിസിപ്പാലിറ്റി പൊതുഭരണവകുപ്പ് മേധാവി, ധനകാര്യവകുപ്പ് തലവൻ, മനുഷ്യ വിഭവശേഷി ഓഫീസർ, നഗരവിദ്യാഭ്യാസ ഏജൻസി ഭരണമേധാവി, നയരൂപീകരണ ഓഫീസർ തുടങ്ങിയവരാണ് സംഘത്തിലുള്ളത്.

പരിശീലന ലക്ഷ്യങ്ങൾ നിർണയിക്കുന്ന രീതി, പരിശീലന വിഷയങ്ങൾ നിശ്ചയിക്കുന്ന രീതി, പരിശീലനവിഷയങ്ങൾ സംവിധാനം ചെയ്യുന്ന വിധം, പരിശീലനത്തിനാവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കൽ, പരിശീലന സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കണ്ടു മനസ്സിലാക്കി അതു മംഗോളിയയിൽ നടപ്പിലാക്കാൻ കാര്യശേഷി വികസന പരിശീലന പരിപാടി തയ്യാറാക്കുകയുമാണ് ഇവരുടെ ലക്ഷ്യം. ലോഗിൻ ഏഷ്യയാണ് ഇവർക്കിതിനു സൗകര്യമൊരുക്കുന്നത്. ലോഗിൻ ഏഷ്യ സെക്രട്ടേറിയറ്റ് അംഗങ്ങളായ യാക്കൂബ്, സുരേഷ് എന്നിവർ സംഘത്തോടൊപ്പമുണ്ടായിരുന്നു.

ഭൂട്ടാനിലെ പ്ലാനിംഗ് ഓഫീസർമാർക്കു കിലയിൽ പഞ്ചദിന ശില്പശാല

പെർഫോമൻസ് മാനേജ്മെന്റ് വിഷയത്തിൽ ഭൂട്ടാനിൽ നിന്നുള്ള പ്ലാനിംഗ് ഓഫീസർമാർക്കു കിലയിൽ പഞ്ചദിന ശില്പശാല സംഘടിപ്പിച്ചു. ഭൂട്ടാൻ പ്രധാനമന്ത്രിയുടെ ഓഫീസിലെ

ഡെപ്യൂട്ടി ചീഫ് പ്രോഗ്രാം ഓഫീസർ സോനം ടോബ്ഗേ, കാബിനറ്റ് സെക്രട്ടേറിയറ്റിലെ ദോർജിവാംഗ്വോ ഉൾപ്പെടെ പതിനേഴ് പേരാണ് സംഘത്തിലുള്ളത്. കില അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി. രാജൻ സ്വാഗതമാശംസിച്ചു. പ്രൊഫ. ഡോ.സണ്ണിജോർജ് ആമുഖ പ്രഭാഷണം നടത്തി. കോർഡിനേറ്റർ പ്രൊഫ. ടി.രാഘവൻ സംസാരിച്ചു.

ഇന്ത്യയിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് ഡോ. സണ്ണിജോർജ്ജും കേരളത്തിലെ പ്രാദേശിക സർക്കാരുകളെക്കുറിച്ച് പ്രൊഫ.ടി. രാഘവനും പങ്കാളിത്ത ആസൂത്രണത്തെ സംബന്ധിച്ച് ഡോ.ജെ.ബി.രാജനും ധനവികേന്ദ്രീകരണത്തെപ്പറ്റി ഡോ.പി. ഷഹീനയും വനിത സ്വയംസഹായ ഗ്രൂപ്പുകളെക്കുറിച്ച് ഡോ.കെ.പി.എൻ. അമൃതയും ക്ലാസ്സെടുത്തു. തൃശ്ശൂർ ജില്ലാ പഞ്ചായത്തും നാട്ടിക ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസും ജില്ലാ പ്ലാനിംഗ് ഓഫീസും സംഘം സന്ദർശിച്ചു.

ഭൂട്ടാനിൽനിന്നുള്ള പ്ലാനിംഗ് ഓഫീസർമാർക്കു കിലയിൽ സംഘടിപ്പിച്ച പഞ്ചദിന ശില്പശാല

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കു പരിശീലനം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥർക്കു സംസ്ഥാനതലത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിന്റെ മുന്നോടിയായി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.പി.കെ. ജയശ്രീ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നൂതനങ്ങളായ ആശയങ്ങൾ രൂപപ്പെടുത്തുക, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുക, പദ്ധതി നിർവഹണവും മോണിറ്ററിംഗും കാര്യക്ഷമമാക്കുക തുടങ്ങിയവയാണ് പരിശീലന ലക്ഷ്യം.

അടുത്ത ഘട്ടത്തിൽ മൂന്നു മേഖലകളിലായി സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെ മുഴുവൻ നിർവഹണ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകും.

കുട്ടികളുടെ അവകാശസംരക്ഷണം: ജില്ലാപഞ്ചായത്തിന്റെ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം

കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം കിലയിൽ ചേർന്നു. വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തു. കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിലാണ് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചത്. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. കില ചൈൽഡ് റിസോഴ്സ്സെന്റർ പ്രോജക്ട് കോർഡിനേറ്റർ കെ.ജി. സജീവ് സ്വാഗതം പറഞ്ഞു. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ ടി.ആർ.മായ, സാമൂഹ്യനീതി ജില്ലാ ഓഫീസർ സുലക്ഷണ, റീജിണൽ ചൈൽഡ് ഹെൽത്ത് ഓഫീസർ ഡോ. ഉണ്ണികൃഷ്ണൻ, ആർദ്രം മിഷൻ കൺസൽട്ടന്റ് ഡോ. ജഗ്ജീവൻ, കില അസോ. പ്രൊഫ. ഡോ. പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കു പരിശീലനം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.പി.കെ. ജയശ്രീ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

ഭിന്നശേഷി ക്ഷേമത്തിനായുള്ള ശുഭാപ്തി, വിദ്യാർത്ഥികളിൽ ശാസ്ത്ര ചിന്താഗതിവളർത്താനുള്ള വിജ്ഞാൻ സാഗർ, സ്കൂളുകളിലേക്കുള്ള ഷീപാഡ്, സമഗ്ര അങ്കണവാടി നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമാക്കാനുള്ള നടപടികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക ഡബ്ബിൾ എൻട്രി സോഫ്റ്റ്‌വെയർ പരിശീലനം

ജില്ലാ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കുള്ള സാംഖ്യ ഡബ്ബിൾ എൻട്രി സോഫ്റ്റ്‌വെയർ പരിശീലനം കിലയിൽ ആരംഭിച്ചു. ജില്ലാപഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് ഇതാദ്യമായിട്ടാണ് ഈ പരിശീലനം നൽകുന്നത്. ഫിനാൻസ് ഓഫീസർമാർ, ഹെഡ്ക്ലാർക്ക്, സീനിയർ ഓഫീസർമാർ ഉൾപ്പെടെ 32 പേരാണ് ത്രിദിന പരിശീലനത്തിൽ പങ്കെടുക്കുന്നത്.

ഡബ്ബിൾ എൻട്രി അക്കൗണ്ടിംഗിന്റെ അടിസ്ഥാന തത്വങ്ങൾ, പഞ്ചായത്തുകളിലെ ഫിനാൻസ്, അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ, ജേർണൽ, ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, രശീതി, രശീതി റദ്ദാക്കൽ, റിവേഴ്സ് എൻട്രി, പേയ്മെന്റ് ഓർഡർ, പേയ്മെന്റ് അക്കൗണ്ടിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു പരിശീലനം. സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന രീതിയെക്കുറിച്ചും പരിശീലനം നൽകി.

പറയാം, പന്ത്രണ്ട് പ്രതിഭാവിശേഷം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കർമ്മമേഖല കളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ 12 പേരെ ഇക്കഴിഞ്ഞ ഫെബ്രുവരി പെരിന്തൽമണ്ണയിൽ വച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷ സമാപന ചടങ്ങിൽ ആദരിക്കുക യുണ്ടായി. ഇതിൽ വകുപ്പിന് കീഴിൽ വരുന്ന ജീവനക്കാർ മാത്രമല്ല വ്യത്യസ്ത മേഖലകളിൽ വ്യാപരിക്കുന്നവർ വരെയുണ്ട്. മാസികയുടെ വായനക്കാർക്കായി ഇവർ അക്ഷരസാന്നിദ്ധ്യ മാവുകയാണ്.

ജോസ്ന മോൾ എസ്.

കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ന പദവിയിൽ മാതൃക സൃഷ്ടിക്കുന്ന കർമ്മം കാഴ്ച വച്ചതിൽ മാത്രമല്ല ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ജനസൗഹൃദമാക്കി മാറ്റുവാൻ പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിലും നേരിട്ടിടപെട്ടു. ഒരേസമയം നിയമബദ്ധമായും ജനോപകാരപ്രദമായും പ്രവർത്തിക്കുവാൻ ജീവനക്കാരെ പ്രാപ്തരാക്കി. ഇതിന്റെയൊക്കെ ഫലമായി 2017 ഒക്ടോബർ 26ന് കോട്ടയം ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളെയും ജനസൗഹൃദ സദ്ഭരണ പഞ്ചായത്തുകളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു.

സുശീൽ എം.

കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ഇദ്ദേഹം കസേര വിട്ട് കർത്തവ്യമണ്ഡലം ജനങ്ങൾക്കിടയിലേക്ക് വിപുലപ്പെടുത്തിയാണ് കർമ്മമേഖല വെളിച്ചമാക്കിയത്. പഞ്ചായത്തുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകി പഞ്ചായത്ത് ജീവനക്കാരെ മുന്നിൽനിന്ന് നയിച്ചു.

ധന്യ എസ്.

തിരുവനന്തപുരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ പ്രിൻസിപ്പാളാണ്. ധന്യയുടെ ഓട്ടിസം ബാധിച്ച മകളുൾപ്പെടെ 52 കുട്ടികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഈ മനുഷ്യസ്നേഹി നമുക്കേവർക്കും മാതൃകയാണ്.

പണ്ടു സിദ്ധു

പരിമിതികളെ വിജയങ്ങളാക്കി മാറ്റുന്ന മാന്ത്രികചൈതന്യം മനോഭാവത്തിലും പ്രവൃത്തിയിലും പുലർത്തിയ തൃശ്ശൂർ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ പണ്ടു സിദ്ധു നമുക്ക് ഉത്തമനിദർശനമാണ്. ഇരുകാലുകൾക്കും 60% വൈകല്യമുള്ള ഇവർക്ക് എല്ലു പൊടിയുന്ന അസുഖവുമുണ്ട്. ഈ വെല്ലുവിളികളൊന്നും വകവെയ്ക്കാതെ ആട്ടോമാറ്റിക് ഗിയർ സിസ്റ്റമുള്ള കാർ ഓടിച്ച് യൂണിറ്റിലെ 13 പഞ്ചായത്തുകളിൽ എത്തുകയും 30 കിലോമീറ്റർ ചുറ്റളവിലുള്ള പ്രവർത്തനമണ്ഡല ത്തിലെ ദൈനംദിന പ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്യുന്നു.

കെ.എൻ. സഹജൻ

പേരു പോലെ തന്നെയുള്ള പെരുമാറ്റം കൊണ്ട് ഏവരുടെയും സ്നേഹത്തിന് പാത്രമായ അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.എൻ.സഹജൻ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിനെ ഐ.എസ്.ഒ ലഭിക്കുന്ന ആദ്യ പഞ്ചായത്തുകളിലൊന്നായി മാറ്റി. രാജാക്കാട് ഗ്രാമപഞ്ചായത്തിൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം ലഭ്യമാക്കിയതും അടിമാലി ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണവും സമഗ്ര ശുചിത്വ സംവിധാനവും ഏർപ്പെടുത്താൻ മുൻകൈയെടുത്തതും ഇദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലെ കർമ്മകിരീടത്തിൽ പൊൻതൂവലാണ്.

ഡോ. ദാഹിർ മുഹമ്മദ്

വയനാട് നൂൽപ്പുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ക്ഷേമപ്രവർത്തന ത്തിന്റെ ലൈംലൈറ്റിൽ എത്തിച്ച വ്യക്തി. ചികിത്സയ്ക്കെത്തുന്ന മുഴുവൻ രോഗികളുടെയും വിവരങ്ങൾ ഡിജിറ്റലായി സൂക്ഷിച്ച് മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന സന്ദർഭത്തിൽ വളരെ എളുപ്പം രോഗിയുടെയും രോഗത്തിന്റെയും വിവരങ്ങൾ

മനസ്സിലാക്കുവാൻ കഴിയുന്ന ഈ-ഹെൽത്ത് സംവിധാനം വികസിപ്പിക്കുന്നതിൽ ഇദ്ദേഹം മുഖ്യപങ്കു വഹിച്ചു.

പ്രകാശ് പുത്തൻമഠത്തിൽ

മണ്ണിന്റെ മനസ്സറിഞ്ഞ് ചെയ്യേണ്ട മഹത്കർമ്മമാണ് കൃഷി. മലപ്പുറം കൃഷി ഓഫീസർ പ്രകാശ് പുത്തൻ മഠത്തിലിന് സംസ്ഥാനതലത്തിൽ ബെസ്റ്റ് ഓഫീസർ അണ്ടർ വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാം 2016-17 എന്ന അവാർഡ് ലഭിച്ചിട്ടുണ്ട്. ബയോ ഇൻപുട്ട് പ്രൊഡക്ഷൻ സെന്റർ, ബയോ ഫാമിങ്ങ്, വെജിറ്റബിൾ പ്രൊക്യൂർമെന്റ് കം സെയിൽസ് സെന്റർ, വാല്യൂ അഡീഷൻ സെന്റർ, അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾക്കായി വികേന്ദ്രീകൃത നേഴ്സറി സംവിധാനം എന്നിവ വികസിപ്പിക്കുന്നതിനായി നേതൃത്വം നൽകി.

ഡോ.കെ.പ്രവീൺ

കോഴിക്കോട് കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറാണ്. ആരോഗ്യപ്രശ്നവും പോഷകകുറവും മൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കാക്കണംചേരി, വറ്റവർകുന്ന് ട്രൈബൽ കോളനിയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ക്ലാസുകളും നടത്തുകയും എല്ലാ ആഴ്ചകളിലും ട്രൈബൽ കോളനി സന്ദർശനവും നടത്തിവരുന്നു.

വി.കെ.വിനോദ്

കോഴിക്കോട് കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. വിനോദും ഭരണസമിതിയും വയോജനങ്ങൾക്കായി സംഘടിപ്പിച്ച പരിപാടിയാണ് 'താജിലേക്ക് കാരശ്ശേരി കാരണവന്മാർ' എന്ന പദ്ധതി. ഇതിലൂടെ എൺപതോളം വയോജനങ്ങൾക്കാണ് ഡൽഹി, താജ്മഹൽ, ചെങ്കോട്ട എന്നിവിടങ്ങളിൽ പോകാനുള്ള അവസരം ലഭിച്ചിട്ടുള്ളത്. കോഴിക്കോടിനപ്പുറത്തേക്ക് യാത്രചെയ്തിട്ടില്ലാത്ത വയോജനങ്ങൾക്ക് ഒരു നവ്യാനുഭവം പ്രദാനം ചെയ്യുന്നതിന് നേതൃത്വം നൽകി.

ഡോ. ബബിത

മൃഗങ്ങളെ ഹൃദയപൂർവ്വം സ്നേഹിക്കാൻ കഴിയുന്നവർക്കേ ഒരു നല്ല മൃഗഡോക്ടറാകാൻ കഴിയൂ. ഡോ.ബബിതയുടെ പ്രത്യേകതകളെന്താണ്? മൃഗസംരക്ഷണ വകുപ്പ് ഏർപ്പെടുത്തിയ, കാസറഗോഡ് ജില്ലയിലെ മികച്ച വെറ്ററിനറി സർജനുള്ള ജില്ലാ അവാർഡ് ഡോ. ബബിതയ്ക്ക് 2017 ൽ ലഭിച്ചു. സംസ്ഥാനതലത്തിൽ ആദ്യത്തെ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ബബിത സേവനമനുഷ്ഠിക്കുന്ന മൊഗ്രാൽ പുത്തൂർ വെറ്ററിനറി ഡിസ്പെൻസറിക്ക് 2017ൽ ലഭ്യമായി.

പി.കെ.രാധാകൃഷ്ണൻ

വ്യത്യസ്തനും ഊർജ്ജസ്വലനുമായൊരു കൃഷി ഓഫീസറെ കാണാൻ നമുക്ക് മയ്യിൽ ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസിലൊന്ന് കയറാം. പി.കെ.രാധാകൃഷ്ണനാണ് അദ്ദേഹം. മയ്യിൽ ഗ്രാമപഞ്ചായത്തിലെ 583 ഹെക്ടർ നെൽവയലിൽ സമ്പൂർണ്ണമായും ശാസ്ത്രീയ നെൽകൃഷി പ്രാവർത്തികമാക്കിയതിന് നേതൃത്വം വഹിച്ചത് ഇദ്ദേഹമാണ്. നിലമൊരുക്കൽ, ഞാറ്റടി, നടിയിൽ, കൊയ്ത്ത്, മെതി, സംഭരണം, സംസ്കരണം എന്നിവ പൂർണ്ണമായും യന്ത്രവത്കരിച്ചു. നെൽകർഷകരുടെ ഉല്പാദക കമ്പനി രൂപീകരിച്ചു. മയ്യിൽ സമൃദ്ധി എന്ന പേരിൽ വിപണിയിൽ അരിയിറക്കി. വീഡിയോ കോൺഫറൻസ് സാദ്ധ്യതയും പ്രയോജനപ്പെടുത്തി കർഷകർക്ക് വിജ്ഞാനം പകർന്നു നൽകി. നാലായിരം കുടുംബങ്ങളിൽ കുടുംബകൃഷിയായി പച്ചക്കറി കൃഷി പ്രചരിപ്പിച്ചു. നാടൻ നെല്ലിനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനപദ്ധതി നടപ്പിലാക്കി.

രജനി ജയദേവ്

വ്യത്യസ്തമെന്ന് നമുക്ക് തോന്നാവുന്ന ധാരകളെ സമന്വയിപ്പിച്ചതിൽ മിടുക്കിയാണ് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ്. കൃഷിയുടെ എഞ്ചിനീയറിംഗ് മാത്രമല്ല സദ്ഭരണത്തിന്റെ എഞ്ചിനീയറിംഗും തനിക്ക് സ്വായത്തമാണെന്ന് രജനി തെളിയിച്ചിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ കർഷകമിത്ര അവാർഡ് ജേതാവും ഇലക്ട്രോണിക്സ് എഞ്ചിനീയറുമാണ് ഇവർ. 2012ൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഏറ്റവും നല്ല കർഷകയായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. നമുക്കേവർക്കും പ്രചോദനവും അദ്ധ്വാനപ്രേരകവുമായ പന്ത്രണ്ട് ജീവിതങ്ങളിലൂടെയാണ് നാം കടന്നുപോയത്. ഇങ്ങനെ സ്വയം ഒരു മാതൃകയായിത്തീരാൻ നമുക്ക് കഴിയുമ്പോഴാണ് ജീവിതം സാർത്ഥകമാകുന്നത്. ഇവരെ അഭിനന്ദിക്കുന്നതോടൊപ്പം ലോകത്തിന് വെളിച്ചമാകാനുള്ള പ്രയത്നങ്ങളിലേക്ക് നമുക്ക് നമ്മെ സമർപ്പിക്കാം.

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

മികവിനാദരം മികച്ച രീതിയിൽ

2017-18 വർഷം പദ്ധതി പ്രവർത്തനത്തിലും നികുതി പിരിവിലും മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശസ്ഥാപനങ്ങളെ ആദരിച്ചു. 'പഞ്ചായത്ത് രാജ് - കാൽനൂറ്റാണ്ട്' ദേശീയ സമ്മേളനത്തോടൊപ്പം 2018 ഏപ്രിൽ 25 ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ കില സംഘടിപ്പിച്ച അനുമോദന പരിപാടി വിശിഷ്ട സാന്നിദ്ധ്യങ്ങൾ കൊണ്ടും തദ്ദേശ സ്ഥാപന പ്രതിനിധികളുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

തദ്ദേശസ്വയംഭരണവകുപ്പിന് സുവർണ്ണ അധ്യായം കുറിച്ച മന്ത്രി ഡോ. കെ.ടി.ജലീൽ ഉദ്ഘാടന ചടങ്ങിന് ആധ്യക്ഷം വഹിച്ചു. ധനകാര്യമന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് സമ്മേളനം ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിന്റെ 25-ാം വാർഷികം കേരളത്തിൽ മാത്രമാണ് ആഘോഷിക്കുന്നതെന്നും അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കി വരുന്നത് കേരളത്തിൽ മാത്രമാണെന്നും മന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജനകീയാസൂത്രണം നിലവിൽ വന്ന ശേഷം തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെട്ടു. മൂന്നിലൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്പോൾ 100 % ചെലവഴിച്ചിരിക്കുന്നു. ഇത് വികേന്ദ്രീകൃതാസൂത്രണം ജനകീയമാകുന്നതിന്റെ ലക്ഷണമാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടെ മിഷനുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കണം. മാർച്ച് 30ന് മുമ്പ് പദ്ധതി പണം മുഴുവൻ ചെലവഴിച്ച പഞ്ചായത്തുകൾക്ക് അധിക തുക അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.

നികുതി പിരിവിൽ നാം റെക്കോർഡ് നേട്ടം കൈവരിച്ചിരിക്കുന്നു. അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാകുന്നതിന്റെ ലക്ഷണമാണിത്. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കണം. തനിമയുള്ളതും സർഗ്ഗാത്മകവുമായ ഒരു പ്രോജക്ടെങ്കിലും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വാർഷിക പദ്ധതിയിൽ കൊണ്ടുവരാൻ ശ്രമിക്കണം. നിലവിലുള്ള ചെലവു ശതമാനം കൂടുതൽ ഉയർത്തുന്നതിനോടൊപ്പം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എല്ലാവരും വളരെ

ശ്രദ്ധിക്കണമെന്നും ധനമന്ത്രി പറഞ്ഞു.

നേട്ടങ്ങളുടെ കഥ പറയുന്ന പഞ്ചായത്ത് രാജ് മാസികയുടെ വിശേഷാൽ പതിപ്പ് ഡോ. തോമസ് ഐസക്ക് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് തുളസിഭായി പത്മനാഭന് നല്കി പ്രകാശനം ചെയ്തു. അധ്യക്ഷ പദമലങ്കരിച്ച മന്ത്രി ഡോ. കെ.ടി.ജലീൽ ആശയസംവേദനക്ഷമവും ലളിതവുമായ പ്രസംഗത്തിലൂടെ കേൾവിക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റി. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണ രംഗത്തും നികുതിപിരിവിലും ചരിത്രനേട്ടം കൈവരിച്ചിരിക്കുകയാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. 2017-18 ലെ പദ്ധതിവിഹിതത്തിന്റെ 90.13% തുക ചെലവഴിച്ചാണ്.ഈ നേട്ടത്തിലെത്തിയത്. 326 ഗ്രാമപഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും വസ്തു നികുതി പിരിവിൽ 100% കൈവരിച്ചു. പദ്ധതി പ്രവർത്തനങ്ങളിൽ 240 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 100% ചെലവ് വരുത്തി, അദ്ദേഹം പറഞ്ഞു.

ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2018-19 വാർഷിക പദ്ധതി 2018 മാർച്ച് 31നകം ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിനായി സമർപ്പിച്ചതിനാൽ ചരിത്രത്തിൽ ആദ്യമായി പദ്ധതി നിർവ്വഹണത്തിന് 12 മാസം ലഭിക്കും. ഈ വർഷം 100% പദ്ധതി തുക ചെലവഴിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയണമെന്നും ഡിസംബർ അവസാനത്തോടെ 90% തുകയും ചെലവഴിക്കും വിധം തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹണ കലണ്ടർ നേരത്തെ തന്നെ തയ്യാറാക്കണമെന്നും അദ്ദേഹം പറഞ്ഞു. അഭിമാനപദ്ധതിയായ ലൈഫ് സമയബന്ധിതമായി പൂർത്തിയാക്കണം. പല കാരണങ്ങളാൽ നിർമ്മാണം മുടങ്ങിയ വീടുകൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കണം. കിണർ റീചാർജിംഗ് പദ്ധതി എല്ലാ തദ്ദേശ സ്ഥാപനങ്ങളും നടപ്പാക്കണം. സമ്പൂർണ്ണ കിണർ റീചാർജിംഗ് സംസ്ഥാനമായി ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനം മാറണമെന്നും ഓരോ തദ്ദേശ സ്ഥാപനവും വെള്ളത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകണമെന്നും മന്ത്രി പറഞ്ഞു. പ്രവൃത്തികൾ പൂർത്തിയാകുന്ന ഘട്ടത്തിൽ ട്രഷറിയിൽ നിന്നും പണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുമെന്നും തൽക്കാലമുള്ള ചില അനിവാര്യനിയന്ത്രണങ്ങളിൽ ആരും ആശങ്കപ്പെടേണ്ടെന്നും മന്ത്രി പറഞ്ഞു. ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സത്യസന്ധവും ആത്മാർത്ഥവുമായ കഠിന പരിശ്രമത്തിന് സർക്കാരിന്റെ പിന്തുണയും കൂടി ചേർന്നപ്പോഴാണ് ചരിത്രനേട്ടം കൈവരിക്കുവാൻ സാധിച്ചതെന്ന് മന്ത്രി പറഞ്ഞു.

മന്ത്രിതലം മുതൽ ജീവനക്കാരുടെ തലംവരെയുള്ള ഒരുപാട് പേരുടെ അധ്വാനഫലമായിട്ടാണ് മികച്ച നേട്ടം കൈവരിക്കാൻ നമുക്കായതെന്ന് ആശംസാ പ്രസംഗത്തിൽ തിരുവനന്തപുരം മേയർ

പഞ്ചായത്ത് രാജ് മാസികയുടെ പ്രത്യേക പതിപ്പിന്റെ പ്രകാശനം

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

കൊല്ലം നഗരസഭ

വി.കെ.പ്രശാന്ത് പറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഇതിനെ ഒരു ചരിത്രമുഹൂർത്തമായാണ് വിശേഷിപ്പിച്ചത്. പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും കാര്യത്തിൽ പുതിയ യശസ്സ് നേടാൻ കഴിഞ്ഞത് വകുപ്പിന്റെ ഊർജ്ജസ്വലമായ പ്രവർത്തനം കൊണ്ടാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തി.

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ് ഈ സവിശേഷഘട്ടത്തെ അഭിമാനമുഹൂർത്തമായി വിലയിരുത്തി. സാമ്പത്തികപരിമിതിയുടെ വലയത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ടുവരാതെ സംരക്ഷിച്ച സർക്കാർ നിലപാടാണ് ഈ മികവിന് കാരണമായിത്തീർന്നത്, അദ്ദേഹം പറഞ്ഞു.

അവിശ്വസനീയമായ അത്ഭുതകരമായ ഈ ചരിത്രനേട്ടത്തെ എല്ലാ ജനങ്ങളും അംഗീകരിക്കും എന്ന് പറഞ്ഞു കൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം കെ.എൻ. ഹരിലാൽ ആശംസാപ്രസംഗം ആരംഭിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതിയല്ല നിയമത്തിലെ സങ്കീർണ്ണതകളാണ് ആദ്യം മാറ്റേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. മാർഗ്ഗരേഖ രൂപീകരണം ഏറ്റവും ജനാധിപത്യപരമായ രീതിയിൽ നടന്നത് മന്ത്രി കെ.ടി.ജലീലിന്റെ നേതൃത്വത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനനന്മയിലേക്ക് ജനങ്ങളുടെ കണ്ണിനെ തിരിച്ചു കൊണ്ടു വരാനുള്ള ശ്രമം കൂടി നാം നടത്തണം, അദ്ദേഹം പറഞ്ഞു.

പഞ്ചായത്ത് ഡയറക്ടർ പി. മേരിക്കുട്ടി ഐ.എ.എസ്, ഹരിത കേരളം മിഷൻ ഉപാദ്ധ്യക്ഷ ഡോ.ടി. എൻ. സീമ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർ വർമ്മ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ സെക്രട്ടറി സാബു.കെ. ജേക്കബ് എന്നിവർ നേട്ടത്തിന് പിന്നിലുള്ള അധ്വാനത്തിന്റെ അനിവാര്യമായ തുടർച്ചയുണ്ടാകണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ആശംസകൾ നേർന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ പദ്ധതി വിജയങ്ങളുടെ അഭിനന്ദനം അർഹിക്കുന്നത് കൂട്ടായി പരിശ്രമിച്ച ജീവനക്കാരും ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമാണെന്ന് അടിവരയിട്ടു പറഞ്ഞു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. തുളസീഭായി പത്മനാഭൻ തന്റെ സ്വാഗത പ്രസംഗത്തിൽ പഞ്ചായത്തുകൾക്കുള്ള പൊതുവായ ആവശ്യങ്ങൾ ഉന്നയിച്ചു. വിവിധ വകുപ്പ് മേധാവികൾ സംബന്ധിച്ചു. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ നന്ദി പ്രകാശിപ്പിച്ചു. നേട്ടം കൈവരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മന്ത്രി ഡോ. കെ.ടി. ജലീൽ പുരസ്കാരവിതരണം നടത്തി. സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ചടങ്ങിനെ ധന്യമാക്കി.

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

നമുക്ക് വേണ്ട ഈ പ്ലാസ്റ്റിക് സംസ്കാരം

ഡോ. വട്ടവിള വിജയകുമാർ

മണ്ണിനെയും വെള്ളത്തെയും വായുവിനെയും എന്തിനേറെ മണ്ണിൽ പിറന്ന സർവ്വതിനെയും ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് ബാഗിന് ജന്മം നൽകിയത് സ്വീഡിഷ് എഞ്ചിനീയറായ സ്റ്റെൻ ഗുസ്താഫ് ട്യൂലിനാണ്. താരപരിവേഷത്തിൽ നിന്ന് ഒടുവിൽ വില്ലനായി പരിണമിച്ച പ്ലാസ്റ്റിക്കിന് ഒരു നെടുനീളൻ ചരിത്രമുണ്ട്. മനുഷ്യനെയും പ്ലാസ്റ്റിക്കിനെയും ഏറ്റവും കൂടുതൽ അടുപ്പിച്ചത് പ്ലാസ്റ്റിക്കിൽ നിന്നും ക്യാരി ബാഗുകൾ ഉണ്ടാക്കിത്തുടങ്ങിയ കാലം മുതൽക്കാണ്. 1957 മുതൽക്കുള്ള ചരിത്രമുണ്ടെങ്കിലും പ്ലാസ്റ്റിക് ബാഗുകൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത് 1980 കളിലാണ്. ആദ്യമൊക്കെ പ്രവാസിയുടെ കൈകളിലും സൂപ്പർമാർക്കറ്റുകളിലും വളരെ അപൂർവമായി കണ്ടിരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മെല്ലെ മെല്ലെ പെട്ടിക്കടകളിൽ വരെ സ്ഥാനം പിടിച്ചു. തുടക്കത്തിൽ അലങ്കാരമായിതോന്നിയ പ്രസ്തുത ബാഗുകൾ പിന്നെപ്പിന്നെ ഒഴിവാക്കാൻ പറ്റാത്ത വിധം നമ്മളിൽ പറ്റിപ്പിടിച്ചു വളർന്നു. ഭാരം താങ്ങാൻ കഴിവുള്ളതും കൈക്കൊതുങ്ങുന്നതും ഒന്നിലേറെ തവണ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതും പ്ലാസ്റ്റിക് ബാഗിനെ ജനപ്രിയമാക്കി. മറ്റ് ഉല്പന്നങ്ങളെക്കാൾ നിർമ്മാണ ചെലവ് കുറഞ്ഞതും കുറഞ്ഞ വിലയ്ക്കുള്ള ലഭ്യതയും അനുകൂലമായപ്പോൾ പ്ലാസ്റ്റിക് ബാഗുകൾ ലോകം കയ്യടക്കി എന്നു പറയുന്നതാവും ശരി. 20, 30, 40, 50....100 മൈക്രോൺ കനത്തിൽ പ്ലാസ്റ്റിക് ബാഗുകൾ ലോകം കയ്യടക്കിയപ്പോൾ ഉണ്ടായ പാരിസ്ഥിതിക പ്രശ്നം രൂക്ഷമായപ്പോഴാണ് ഉപകാരിയായ ക്യാരി ബാഗുകളിൽ അതായത് പ്ലാസ്റ്റിക് സഞ്ചികളിൽ പതിയിരുന്ന അപകടം തിരിച്ചറിഞ്ഞത്. അതോടെ പ്രകൃതിയെ കൊല്ലാക്കൊല ചെയ്തുകൊണ്ടിരിക്കുന്ന കനം കുറഞ്ഞ പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്ന വാദം ശക്തമാവുകയും ചെയ്തു. പ്ലാസ്റ്റിക് ദുരന്തം ഭീകരമായപ്പോഴാണ് 50 മൈക്രോൺ കനം വരെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് നിയമം 2011 ൽ നിലവിൽ വന്നത്.

കനം കുറഞ്ഞ പ്ലാസ്റ്റിക് ബാഗുകൾ മാത്രമാണോ അപകടകാരികൾ എന്നാരെങ്കിലും ചോദിച്ചാൽ കനമല്ല പ്ലാസ്റ്റിക് ആണ് പ്രശ്നമെന്ന് പറയേണ്ടിവരും. മനുഷ്യന്റെ നിത്യോപയോഗ ആവശ്യത്തിന് രൂപപ്പെടുത്തിയെടുക്കുന്ന പ്ലാസ്റ്റിക്കുകളിൽ പതിയിരിക്കുന്ന അപകടം തിരിച്ചറിഞ്ഞേ മതിയാകൂ. ആകാരഭംഗികൊണ്ടും വർണവൈവിധ്യം കൊണ്ടും മനുഷ്യരുടെ മനംകവർന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളടക്കമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളിൽ അപകടകാരികളായ നിരവധി രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്. റീസൈക്ലിങ് നടത്താൻ കഴിയില്ലെന്ന പ്രധാനകാരണം കൊണ്ടാണല്ലോ കനം കുറഞ്ഞ ക്യാരി ബാഗുകൾ നിരോധിക്കണമെന്ന് പറയുന്നത്.

ശരിയാണ്. മണ്ണിലിട്ടാൽ ദ്രവിക്കാതെ കിടന്ന് മണ്ണിനെയും കത്തിച്ചാൽ അന്തരീക്ഷത്തെയും മലീമസമാക്കുന്ന പ്ലാസ്റ്റിക്കുകൾ അത് ഏത് രൂപത്തിലുള്ളതായാലും അപകടം തന്നെയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഒറ്റയ്ക്കും തെറ്റയ്ക്കും നടക്കുന്ന ഗവേഷണങ്ങൾ അത് ശരിയും വയ്ക്കുന്നു.

പ്ലാസ്റ്റിക് ബാഗുകൾ രണ്ടു രീതിയിലാണ് പ്രകൃതിയെ മലിനപ്പെടുത്തുന്നത്. വലിച്ചെറിയുക വഴിയും കത്തിക്കുക വഴിയും. രണ്ടും ഒരുപോലെ ദോഷമാണുതാനും. ഇത് മണ്ണിനെ മാത്രമല്ല വെള്ളത്തെയും അന്തരീക്ഷത്തെയും ഒരുപോലെ മലിനമാക്കുന്നു. മാരകമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന രാസപദാർത്ഥങ്ങളായ സൈലിൻ, എത്തിലീൻ ഡൈ ഓക്സൈഡ്, ബെൻസിൻ തുടങ്ങിയവ കൊണ്ടാണ് പ്ലാസ്റ്റിക് ബാഗുകളുണ്ടാക്കുന്നത്.

വലിച്ചെറിയുന്നതിനേക്കാൾ എത്രയോ മടങ്ങ് വലുതാണ് കത്തിക്കുന്നതിലൂടെ വമിക്കുന്ന വിഷവാതകങ്ങൾ ശ്വസിക്കുമ്പോഴുള്ള അപകടം. പ്ലാസ്റ്റിക് കത്തുമ്പോൾ വമിക്കുന്ന ഡയോക്സിൻ എന്ന വാതകം അത്യന്തം അപകടകാരിയാണ് ഡയോക്സിനിലെ ക്ലോറിൻ കണികകളുടെ എണ്ണവും അതിന്റെ രാസഘടകത്തിലെ സ്ഥാനവുമാണ് അവയുടെ മാരകശേഷി വർദ്ധിപ്പിക്കുന്നത്. ശരിയായ കത്തിതീരൽ നടക്കാത്തതിനാലാണ് ഡയോക്സിനുകളുടെ ഉല്പാദനം കൂടുതലാകുന്നത്. ആളിക്കത്തുമ്പോഴും പുകഞ്ഞു കത്തുമ്പോഴും വമിക്കുന്ന ഡയോക്സിൻ അന്തരീക്ഷത്തിൽ കലർന്ന് സകല ജീവജാലങ്ങളുടെയും ഉള്ളിലെത്തി മാരകമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ അപകടകാരികളും നിർമ്മിക്കപ്പെട്ടാൽ നശിക്കാത്തതുമായ 'ഡർട്ടി ഡസൻ' എന്ന വിഷമാലിന്യങ്ങളിൽപെട്ടതാണ് ഡൈയോക്സിനുകൾ. വായു വഴിയോ വെള്ളം വഴിയോ ഭക്ഷ്യവസ്തുക്കൾ വഴിയോ ഡൈയോക്സിനുകൾ മനുഷ്യശരീരത്തിലെത്താം.

മനുഷ്യശരീരത്തിലെ 79 അവയവങ്ങളെയും പ്രത്യക്ഷമായും പരോക്ഷമായും പ്രസ്തുത വിഷവാതകം ബാധിക്കുന്നുണ്ട്. പ്രത്യുല്പാദനം, ഗർഭസ്ഥ ശിശുവിന്റെ വികാസപരിണാമം, പ്രതിരോധശക്തി, ഹോർമോണുകളുടെ അസന്തുലിതാവസ്ഥ, ത്വക്ക് രോഗങ്ങൾ, കരൾ രോഗങ്ങൾ, നാഡീവ്യവസ്ഥയ്ക്കു മന്ദത, കുടൽ-ഉദര രോഗങ്ങൾ, പഠന വൈകല്യങ്ങൾ, പെരുമാറ്റവൈകല്യങ്ങൾ എന്തിനേറെ അർബുദങ്ങൾക്കുവരെ ഡയോക്സിൻ നിമിത്തമാകുന്നു.

പുരുഷഹോർമോണായ ടെസ്റ്റോസ്റ്റീറോണിന്റെ ഉൽപാദനത്തെ തടസപ്പെടുത്തി ബീജാണുക്കളുടെ എണ്ണത്തിൽ കുറവുണ്ടാക്കിയും പ്രോസ്റ്റേറ്റ് ഗ്രന്ഥികളുടെ വളർച്ചയെ ശിഥിലപ്പെടുത്തിയും അല്ലെങ്കിൽ അർബുദമുണ്ടാക്കിയുമാണ് ഡയോക്സിൻ ആണുങ്ങളെ വന്ധ്യരാക്കുന്നത്. ഈസ്ട്രജൻ, പ്രൊജസ്റ്റോൺ ഹോർമോണുകളുടെ ഉല്പാദനത്തിൽ ഏറ്റക്കുറച്ചിലുണ്ടാക്കി അല്ലെങ്കിൽ ഗർഭാശയത്തിലും സ്തനങ്ങളിലും അർബുദമുണ്ടാക്കി ഡയോക്സിൻ സ്ത്രീകളെയും അനപത്യത എന്ന നിതാന്ത ദുരിതത്തിലാക്കുന്നു.

ജീവിതമെന്നത് ഒരു യുദ്ധഭൂമിയാണ്. അവിടെ നമ്മൾ മനുഷ്യർ ബാക്ടീരിയ, വൈറസ്, ഫംഗസ്, പ്രോട്ടോസോവ, ചെള്ള്, കൊതുക് തുടങ്ങിയ സൂക്ഷ്മ-സ്ഥൂല ക്ഷുദ്രജീവികളാൽ ആക്രമിക്കപ്പെടുന്നു. എന്നിട്ടും നമ്മൾ അരോഗദൃഢഗാത്രരായിരിക്കുന്നത് കാലം കനിഞ്ഞുനല്കിയ കുറ്റമറ്റ പ്രതിരോധശക്തികൊണ്ട് മാത്രമാണ്. പക്ഷെ ഡയോക്സിൻ വില്ലനായെത്തുമ്പോൾ തകരുന്നത് പകരംവയ്ക്കാനില്ലാത്ത ആ ശക്തിയാണ്. പ്രതിരോധശക്തി പൂർണമായും തകരുന്നതുകൊണ്ടാണ് ലോകാരോഗ്യ സംഘടനപോലും ഭയപ്പാടോടെ നോക്കിക്കാണുന്ന എയിഡ്സ്

ക്രൂസിന്റെ തെരുവുവിളക്ക് നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം ചെയ്തു

പഞ്ചായത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്രൂസിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് സീതാംഗോളിയിൽ ആരംഭിച്ച തെരുവുവിളക്ക് നിർമ്മാണ യൂണിറ്റായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ ഉദ്ഘാടനം ചെയ്തു.

ജില്ലകൾ തോറും ക്രൂസ് സർവ്വീസ് സെന്ററുകൾ തുടങ്ങണമെന്നും ഗുണമേൻമ ഉറപ്പ് വരുത്തി വിതരണവും സേവനവും കാര്യക്ഷമതയോടെ നിർവ്വഹിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തെരുവുവിളക്കുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് തൃപ്തികരമായി പൂർത്തീകരിക്കാൻ ക്രൂസിനു സാധിക്കണമെന്നും സർക്കാരിന്റെ ഭാഗത്ത് നിന്ന് എല്ലാവിധ പിന്തുണയും ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. ക്രൂസിന്റെയും കെ. ജി. എല്ലിന്റെയും ചെയർമാനായ ശ്രീ. പി. വി. സുനിൽ അദ്ധ്യക്ഷം വഹിച്ചു.

കെ. ജി. എൽ. വർക്ക്ഷോപ്പ് എൻ. എ. നെല്ലിക്കുന്ന് എം. എൽ. എ. യും ഓഫീസ് പി. ബി. അബ്ദുൾ റസാഖ് എം. എൽ. എ. യും ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ. എ. എസ്., കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. ജി. സി. ബഷീർ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. തുളസി ഭായി, ക്രൂസ്, കെ. ജി. എൽ. മുൻ ചെയർമാൻ സൂപ്പി നരിക്കാട്ടേരി, ജില്ലാ പഞ്ചായത്ത് ഭാരവാഹികൾ ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. ക്രൂസ് വൈസ് ചെയർപേഴ്സൺ വി. ഉഷാകുമാരി സ്വാഗതവും ക്രൂസ് സെക്രട്ടറി എം. എസ്. നാരായണൻ നമ്പൂതിരി നന്ദിയും പറഞ്ഞു.

എന്ന ഭീകരൻ മനുഷ്യനെ കീഴ്പ്പെടുത്തുന്നത്.

ശ്വാസമെടുക്കാനുള്ള ബുദ്ധിമുട്ടാണ് മറ്റൊരു ദുരന്തവശം. പ്ലാസ്റ്റിക് കത്തിക്കുന്നതിലൂടെ വമിക്കുന്ന ഡയോക്സിൻ ഉൾപ്പടെയുള്ള വാതകങ്ങളുടെ നേരിട്ടുള്ള ഇരകളാണ് ശ്വാസകോശവും തൊലിയും. ശ്വാസനാളികളെ ചുരുക്കി ഊർജോല്പാദനത്തിനുള്ള ജീവവായുവിനെ വലിച്ചെടുക്കാനുള്ള ശ്വാസകോശത്തിന്റെ കഴിവിനെയാണ് ഡയോക്സിൻ പരിമിതപ്പെടുത്തുന്നത്. അതുപോലെ വിഷലിപ്തവസ്തുക്കളുടെ നേരിട്ടുള്ള ദുരന്തമേറ്റുവാങ്ങുന്ന ത്വക്കിനും ചൊറി, വട്ടച്ചൊറി, വരട്ടുചൊറി എന്തിനേറെ ക്യാൻസർ വരെയുണ്ടാക്കുമെന്നും പഠനങ്ങൾ പറയുന്നു. അങ്ങനെ എണ്ണിയാലൊടുങ്ങാത്ത ആരോഗ്യപ്രശ്നങ്ങൾ നാം നിസാരമായി കത്തിച്ചുകളയുന്ന ഇത്തിരിപ്പോന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുമെന്ന് പറയുമ്പോൾ പൂർവികർ നമുക്കായി പകർന്നുതന്ന ആരോഗ്യമാണ് സമ്പത്തെന്ന അറിവല്ലേ നിഷ്പ്രഭമാകുന്നത്!

അജ്ഞതകൊണ്ടും അനാസ്ഥകൊണ്ടും അശ്രദ്ധകൊണ്ടും അഹങ്കാരംകൊണ്ടും എത്രമാത്രം ദുരിതമാണ് നാം ഭൂമിയിലേക്ക് ചൊരിഞ്ഞതും ചൊരിഞ്ഞുകൊണ്ടിരിക്കുന്നതും. ഇവിടെ സർക്കാരോ സർക്കാരിതര സംഘടനകളോ മാത്രം വിചാരിച്ചാൽ ഈ ദുരിതത്തിൽ നിന്ന് പ്രകൃതിയെ രക്ഷിക്കാനാവില്ല. നാമോരോരുത്തരും ആത്മാർഥമായി പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കില്ലെന്നും ഉപയോഗശൂന്യമായവ വലിച്ചെറിയില്ലെന്നും കത്തിക്കില്ലെന്നും പ്രതിജ്ഞയെടുക്കണം. പ്രകൃതിക്കായി നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തരമായ ഉത്തരവാദിത്തമായിരിക്കുമത്.

നമുക്ക് മുമ്പ് ജീവിച്ച മരിച്ചവർ പ്രകൃതിക്കിണങ്ങിയ സാധനസാമഗ്രികളാണല്ലോ ഉപയോഗിച്ചിരുന്നത്. അതുകൊണ്ടല്ലേ ആരോഗ്യമുള്ള ഒരു പരിസ്ഥിതിയെ നമുക്ക് കിട്ടിയത് . ഭാവിതലമുറയ്ക്കും ഒന്നിനെക്കൊണ്ടും മലിനപ്പെടാത്ത ആരോഗ്യമുള്ള പ്രകൃതിയെ കൊടുക്കേണ്ടേ? അത് നമ്മുടെ ഉത്തരവാദിത്തമാണ്. പുനരാവർത്തി പ്രക്രിയയിലൂടെ പുനരുപയോഗത്തിനുള്ള സാധ്യത പ്ലാസ്റ്റിക് ബാഗുകൾക്കുണ്ടെങ്കിലും പ്ലാസ്റ്റിക്കിതര ഉൽപ്പന്നങ്ങളെ കുറിച്ച് ചിന്തിക്കുന്നതാണ് അഭികാമ്യം. ചണം, തുണി, ചൂരൽ, വാഴനാര്, കടലാസ്സ്, ചിരട്ട, കമുകിൻ പാള, പേപ്പർ, പനയോല, നൂല് തുടങ്ങിയവ കൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീർച്ചയായും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനാകും. ഇത്തരം ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് ഗമയ്ക്കും ഗരിമക്കും കുറവുണ്ടാകുമെന്നോ നമ്മെ വീണ്ടും കാളവണ്ടിയുഗത്തിലേക്ക് തള്ളിവിടുമെന്നോ എന്നുള്ള ആശങ്കയൊന്നും വേണ്ട. ഈ നൂറ്റാണ്ടിലെ പ്രജയാണെന്നു കാണിക്കാൻ മിടുമിടുക്കൻ സ്മാർട്ട് ഫോൺ കൈയിലുണ്ടല്ലോ.

ലേഖകൻ നിലമേൽ എൻ. എസ്.എസ്. കോളേജിൽ സുവോളജി വിഭാഗം അസി. പ്രൊഫസറാണ്

...എന്ന് വായനക്കാർ

പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുത്തില്ലെങ്കിലും...

ഞാൻ പനവൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാരനാണ്. കഴിഞ്ഞ 6 വർഷമായി പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കാറുണ്ടായിരുന്ന എനിക്ക് 2018 ലെ പെരിന്തൽമണ്ണയിൽ വച്ച് നടന്ന പഞ്ചായത്താഘോഷത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ ആ നഷ്ടം നല്ലൊരു ശതമാനം നികത്തുന്ന തരത്തിലുള്ള ഒരു പതിപ്പായിരുന്നു പഞ്ചായത്ത് രാജ് മാർച്ച് ലക്കം. മൂന്ന് ദിവസങ്ങളിലായി നടന്ന ആഘോഷപരിപാടികളുടെ തനിമ ചോരാത്ത വിധത്തിലുള്ള നേരനുഭവങ്ങളുടെ സചിത്രവിവരണം. നേരിട്ട് പങ്കെടുത്ത പ്രതീതിയുണ്ടാക്കി. പ്രസംഗങ്ങളുടെ സാരം കൊടുത്തത് ഉചിതമായി. മാസികയ്ക്ക് പ്രത്യേക അഭിനന്ദനം. വ്യക്തിപരമായി ആഹ്ലാദം തന്നൊരു കാര്യം കൂടി പറയട്ടെ. പനവൂർ ഗ്രാമപഞ്ചായത്തിലെ വയോസൗഹൃദപ്രവർത്തനങ്ങളെക്കുറിച്ച് വന്ന റിപ്പോർട്ട് ശ്രദ്ധേയമായി.

അനീഷ് കുമാർ കെ.വി, പനവൂർ

അഭിനന്ദനങ്ങൾ

എന്തെല്ലാം പരിമിതികളുണ്ടെങ്കിലും മനസ്സ് വച്ചാൽ മികച്ച നേട്ടം കൈവരിക്കാനാവുമെന്ന് 2017-2018ലെ പദ്ധതിച്ചെലവിന്റെ ഉയർച്ചയിലൂടെ പ്രാദേശികസർക്കാരുകൾ തെളിയിച്ചിരിക്കുന്നു. മാത്രമല്ല, നികുതിപിരിവിന്റെ കാര്യത്തിൽ ആഞ്ഞൊരു ശ്രമം നടത്തിയാൽ 100% തികയ്ക്കാനാവുമെന്നും ഉദ്യോഗസ്ഥ-ജനപ്രതിനിധി ഐക്യം കാണിച്ചു തന്നിരിക്കുന്നു. ഈ നേട്ടങ്ങളെ അർഹിക്കുന്ന പ്രാധാന്യത്തോടെ വർണ്ണാഭമായി സചിത്രം അക്ഷരങ്ങളിൽ ലേഖനപ്പെടുത്തി. പദ്ധതി പ്രവർത്തകർക്ക് പ്രോത്സാഹനപൂക്കളേന്തിയ മാസികയ്ക്കും വകുപ്പിനും അഭിനന്ദനങ്ങൾ അർപ്പിക്കുന്നതിൽ സന്തോഷമുണ്ട്.

പ്രേമാനന്ദൻ, നന്മണ്ട.

വഴികാട്ടി

മികവാർജ്ജിച്ച തദ്ദേശസ്ഥാപനങ്ങളുടെ ഒരു പരിഛേദചിത്രം വായനക്കാർക്കു സമ്മാനിച്ച മാസികയായിരുന്നു കഴിഞ്ഞ ലക്കം. വിജയരഹസ്യം ഭാവിപ്രവർത്തനങ്ങൾക്ക് വെളിച്ചമാകുവാൻ എല്ലാവർക്കും പകർന്നു നല്കിയ ജനപ്രതിനിധികൾ ഒരു നാടിനെത്തന്നെയാണ് മുന്നേറ്റത്തിലേക്ക് നയിക്കാൻ വഴികാട്ടിയായത്.

അനില, പേയാട്

കണ്ണും കാതും **വീ.സീ.അഭിലാഷ്**

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) May 2018
Annual Subscription ₹120, Published on 20 May 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS